May 2016
Vol. 13 - Issue 05
Published on
2nd May 2016

Sahyanadham
Annual Subscription Rs. 180.00

Reg. No. KL/IDK/08/16-18
RNI Reg. No. KERMAL / 2004 / 12498
Posted at Thodupuzha Stg.



Newly Consecrated Church Kallarkutty

Printed at St. Martha's Offset Printers, Murickassery, Idukki Dist. 685 604, Ph. 263688
Editor, Printer & Publisher. Rev. Fr. James Punnaplackal, Bishop's House, Idukki - 685 602

# സഹ്യനാദം

വാല്യം 13
മെയ് 2016
ലക്കം 05



## ഇടുക്കി രൂപതാ ബുള്ളറ്റിൻ

# സഹ്യനാദം

ഇടുക്കി രൂപതാ ബുള്ളറ്റിൻ

Volume : 13
Issue No. : 5
Month : May 2016




*Patron*
**Mar Mathew Anikuzhikattil**
Bishop of Idukki

*Chief Editor*
**Rev. Dr. Joseph Kochukunnel**

*Office*
Bishop's House, Idukki
Manippara P.O.
Karimpan - 685 602
Ph: 04862 - 230204

*Cover designed by:*
Fr. Joseph Karikkoottathil

*Website & e-mail*
www.idukkidiocese.org
curiaidukkidiocese@gmail.com

## ഈ ലക്കത്തിൽ

| | |
|---|---|
| വിധവകൾ കാരുണ്യത്തോടെ ശുശ്രൂഷിക്കപ്പെടട്ടെ | 05 |
| ഉത്തമ വിദ്യാഭ്യാസത്തിന്റെ പ്രസക്തി | 10 |
| കെ.സി.ബി.സി. പ്രസ്താവന | 18 |
| ലോകദൈവവിളി പ്രാർത്ഥനാദിനം | 25 |
| രൂപതക്കച്ചേരി | 31 |
| ക്രിസ്തുജ്യോതി | 33 |
| വിദ്യാഭ്യാസം | 37 |
| സാമൂഹ്യസേവനം | 38 |
| തിരുബാലസഖ്യം | 52 |
| ചെറുപുഷ്പ മിഷൻലീഗ് | 52 |
| കെ.സി.എസ്.എൽ. | 53 |
| കെ.സി.വൈ.എം. | 54 |
| കെ.സി.ബി.സി. മദ്യവിരുദ്ധസമിതി | 54 |
| കുടുംബ പ്രേഷിതത്വം | 56 |
| മാതൃവേദി | 56 |
| പ്രാർത്ഥനാഗ്രൂപ്പ് | 57 |
| കത്തോലിക്കാ കോൺഗ്രസ് | 58 |
| കേരള ലേബർ മൂവ്മെന്റ് | 65 |
| കരുണ ആശുപത്രി | 67 |
| ആത്മജ്യോതിയിലെ പരിപാടികൾ | 67 |
| വാർത്തകളും വിശേഷങ്ങളും | 67 |
| രൂപതാദ്ധ്യക്ഷന്റെ ഡയറി | 70 |
| രൂപതാദ്ധ്യക്ഷന്റെ പരിപാടികൾ | 72 |

*"അവിടുത്തെ ഭക്തരുടെമേൽ തലമുറകൾതോറും അവിടുന്ന് കരുണ വർഷിക്കും."*

*(ലൂക്കാ 1:50)*

## ഓർമ്മിക്കാൻ

### മെയ് മാസത്തിലെ പ്രധാന ദിനങ്ങൾ, പരിപാടികൾ

| | | |
|---|---|---|
| 01 | : | ജനറൽബോഡി യോഗം തോപ്രാംകുടി, കെ.എൽ.എം. |
| 01-06 | : | എഫ്ഫാത്താ ധ്യാനം, ആത്മജ്യോതി അടിമാലി |
| 02 | : | വി. അത്തനേഷ്യസ് മെ. മ. |
| 03 | : | വി. പീലിപ്പോസ്, യാക്കോബ് ശ്ലീഹന്മാർ |
| 07-08 | : | വിൻസെന്റ് ഡി പോൾ സഖ്യം രൂപതാ വാർഷികം, ആത്മജ്യോതി അടിമാലി |
| 05 | : | നമ്മുടെ കർത്താവിന്റെ സ്വർഗ്ഗാരോഹണം |
| 06 | : | വി. ഡോമിനിക് സാവിയോ |
| 08-11 | : | ക്രിസ്റ്റീൻ ധ്യാനം, ചെറുപുഷ്പ മിഷൻലീഗ് |
| 09-11 | : | വിവാഹ ഒരുക്ക സെമിനാർ, ആത്മജ്യോതി അടിമാലി |
| 12 | : | എയ്ഞ്ചൽസ് മീറ്റ് കത്തീഡ്രൽ, തിരുബാലസഖ്യം |
| 14 | : | വി. മത്തിയാസ് ശ്ലീഹാ |
| | : | നവോമി സംഗമം കരിമ്പൻ, മാതൃവേദി |
| 14-15 | : | തിയോളജി കോഴ്സ്, ആത്മജ്യോതി അടിമാലി |
| 15 | : | പന്തക്കുസ്താത്തിരുനാൾ, ശ്ലീഹാക്കാലം ആരംഭിക്കുന്നു |
| 15-20 | : | എഫ്ഫാത്താ ധ്യാനം, ആത്മജ്യോതി അടിമാലി |
| 18 | : | വിദ്യാഭ്യാസ മാർഗ്ഗദർശന സെമിനാർ, മുരിക്കാശ്ശേരി |
| 22 | : | പരിശുദ്ധ ത്രിത്വത്തിന്റെ തിരുനാൾ |
| 23-25 | : | വിവാഹ ഒരുക്ക സെമിനാർ, ആത്മജ്യോതി അടിമാലി |
| 26 | : | പരിശുദ്ധ കുർബാനയുടെ തിരുനാൾ |
| 29 | : | വിശ്വാസപരിശീലന വർഷാരംഭം, ക്രിസ്തുജ്യോതി |
| 31 | : | പരി. കന്യകാമറിയത്തിന്റെ സന്ദർശനം |

C. 11. സർക്കുലർ

# വിധവകൾ കാരുണ്യത്തോടെ ശുശ്രൂഷിക്കപ്പെടട്ടെ

മിശിഹായിൽ പ്രിയ സഹോദരീ സഹോദരന്മാരെ,

സാർവ്വത്രിക സഭയും ലോകം മുഴുവനും കരുണയുടെ വർഷാചരണത്തിലൂടെ, ദൈവത്തിന്റെ കരുണ അനുഭവിച്ചറിയുവാനും കാരുണ്യപ്രവർത്തികളിലൂടെ കരുണയുടെ മക്കളാകുവാനും പരിശ്രമിച്ചുകൊണ്ടിരിക്കുകയാണല്ലോ. നമ്മുടെ സമൂഹത്തിൽ കാരുണ്യം ലഭിക്കേണ്ടവരായ രോഗികൾ, വൃദ്ധജനങ്ങൾ, അവഗണിക്കപ്പെട്ടവർ എന്നിവർക്കൊപ്പം വിധവകളായവരെയും നാം പരിഗണിക്കേണ്ടതുണ്ട്. 2015-ൽ മാതൃദീപ്തിയുടെ ആഭിമുഖ്യത്തിൽ നടത്തിയ പഠനമനുസരിച്ച് ഇടുക്കി രൂപതയിലെ 48,000-ത്തോളം കുടുംബങ്ങളിൽ 8000-ത്തിലധികം കുടുംബങ്ങളിലും വിധവകൾ വലിയ ഉത്തരവാദിത്വത്തോടെ തങ്ങളുടെ ജീവിതം മക്കൾക്കും കുടുംബത്തിനും സഭയ്ക്കുമായി സമർപ്പിച്ചിരിക്കുന്നു. തിരുവചനത്തിന്റെയും സഭാപാരമ്പര്യത്തിന്റെയും വെളിച്ചത്തിൽ തങ്ങളുടെ ജീവിതാവസ്ഥയെ സ്വീകരിക്കുവാനും കൂട്ടായ്മയിലൂടെ വളരുവാനും എല്ലാ വിധവകൾക്കും ഇടയാകട്ടെ.

ദൈവം അനാഥർക്കും വിധവകൾക്കും പ്രത്യേകമാംവിധം സംരക്ഷകനും പരിപാലകനുമാണന്ന ദർശനം വി. ഗ്രന്ഥത്തിൽ വ്യക്തമാണ്. "ദൈവമായ കർത്താവ് അനാഥർക്കും വിധവകൾക്കും നീതി നടത്തികൊടുക്കുന്നു" (നിയ. 10:18); "വിധവയെയോ, അനാഥനെയോ നിങ്ങൾ പീഡിപ്പിക്കരുത്" (പുറ. 22:22); ഇസ്രായേൽ സമൂഹത്തിൽ "പരദേശിക്കും വിധവക്കും, അനാഥനും, നീതി നിഷേധിക്കുന്നവൻ ശപിക്കപ്പെട്ടവനാകട്ടെ" (നിയ. 27:19) തുടങ്ങിയ തിരുവചനങ്ങൾ ഈ ഗണത്തിൽപ്പെട്ടവരോട് കാരുണ്യത്തോടെ പെരുമാറാൻ



ആഹ്വാനം ചെയ്യുന്നു. വളരെ ഗൗരവാവഹവും ശ്രേഷ്ഠവുമായ പരിഗണന അർഹിക്കുന്നവരും സമൂഹത്തിന്റെ കരുതലും സഹായവും അവകാശമായി ലഭിക്കേണ്ടവരുമാണ് വിധവകളെന്ന വീക്ഷണമാണ് പ്രവാചക വചനങ്ങളിലൂടെ വെളിപ്പെടുന്നത്: "നിന്റെ അനാഥരായ മക്കളെ എന്നെ ഏൽപ്പിക്കുക. ഞാനവരെ സംരക്ഷിക്കും. നിന്റെ വിധവകൾ എന്നെയാശ്രയിക്കട്ടെ" (ജെറ. 49:11). "നന്മ പ്രവർത്തിക്കാൻ ശീലിക്കുവിൻ, നീതി അന്വേഷിക്കുവിൻ, മർദ്ദനം അവസാനിപ്പിക്കുവിൻ, അനാഥരോട് നീതി ചെയ്യുവിൻ, വിധവകൾക്കുവേണ്ടി വാദിക്കുവിൻ" (ഏശയ്യ 1:17).

പുതിയനിയമ കാലഘട്ടത്തിൽ ഈശോയുടെ ദൈവാലയ സമർപ്പണസമയം അന്നാപ്രവാചികയെ സുവിശേഷകൻ ഇപ്രകാരം അവതരിപ്പിക്കുന്നു: "അവൾ അപ്പോൾതന്നെ മുമ്പോട്ടുവന്ന് ദൈവത്തെ സ്തുതിക്കുകയും ജറുസലേമിൽ രക്ഷ പ്രതീക്ഷിച്ചുകൊണ്ടിരുന്ന എല്ലാവരോടും ശിശുവിനെക്കുറിച്ചു സംസാരിക്കുകയും ചെയ്തു. എൺപത്തിനാലുവയസുകാരിയായ ഈ വിധവ രാപകൽ ദൈവത്തെ സ്തുതിച്ചുകൊണ്ട് ഉപവാസത്തിലും പ്രാർത്ഥനയിലും കഴിയുകയായിരുന്നു" (ലൂക്ക 2: 36-37). ഈശോയുടെ പ്രധാനപ്പെട്ട അടയാളങ്ങളും പ്രബോധനങ്ങളും വിധവകളെയും അവരുടെ പ്രാധാന്യത്തെയും ദൈവരാജ്യദർശനത്തിൽ എപ്രകാരം പരിഗണിക്കുന്നുവെന്ന് വെളിപ്പെടുത്തുന്നതായിരുന്നു. നായിമിലെ വിധവയുടെ ഏകപുത്രന്റെ മരണത്തിൽ, "അവളെക്കണ്ട് മനസ്സലിഞ്ഞ് കർത്താവ് അവളോടു പറഞ്ഞു: "കരയേണ്ട" (ലൂക്ക 7:13). തുടർന്ന് യുവാവിനെ ഉയിർപ്പിച്ച് അമ്മക്കു നല്കി. ഭഗ്നാശരാകാതെ നിരന്തരം പ്രാർത്ഥിക്കുവാൻ പഠിപ്പിക്കുമ്പോൾ, കടമനിർവ്വഹിക്കേണ്ട ന്യായാധിപൻ അനീതിയോടെ പെരുമാറിയിട്ടും, നിരന്തരം സഹായത്തിനു കേഴുന്ന വിധവയ്ക്ക് നീതി ലഭിക്കുന്നതിനെ അവതരിപ്പിക്കുന്നു (ലൂക്ക 18:5). മാത്രമല്ല ദൈവാലയത്തിൽ നിർദ്ധന വിധവയുടെ കാഴ്ചസമർപ്പണത്തെ വിലയേറിയതായി അവതരിപ്പിച്ച് സമൂഹത്തിൽ അവരനുഭവിക്കുന്ന ദൈന്യതയിലും, ദൈവത്തോ

ടുള്ള അവരുടെ ബന്ധത്തെ ഉയർത്തിക്കാണിക്കുന്നു. "എന്തെന്നാൽ അവരെല്ലാവരും തങ്ങളുടെ സമൃദ്ധിയിൽ നിന്നും സംഭാവന ചെയ്തു. ഇവളാകട്ടെ തന്റെ ദാരിദ്ര്യത്തിൽ നിന്ന് തനിക്കുണ്ടായിരുന്നതെല്ലാം, തന്റെ ഉപജീവനത്തിനുള്ള വക മുഴുവനും നിക്ഷേപിച്ചിരിക്കുന്നു" (മർക്കോ. 12:44).

അപ്പസ്തോലൻമാരുടെ സഹായികളായ ഡീക്കൻമാരുടെ തിരഞ്ഞെടുപ്പുപോലും വിധവകൾക്ക് കൂടുതൽ ശ്രദ്ധയും കരുതലും നല്കുന്നതിനുവേണ്ടിയായിരുന്നുവെന്ന നടപടി പുസ്തകത്തിലെ സൂചന, ശ്ലീഹന്മാരുടെ കാലഘട്ടത്തിൽ ആദിമസഭാസമൂഹം വിധവകൾക്കു നല്കിയിരുന്ന പരിഗണനയെക്കുറിച്ചുള്ള വെളിപ്പെടുത്തലാണ്. "അക്കാലത്ത് പ്രതിദിനമുള്ള സഹായവിതരണത്തിൽ തങ്ങളുടെ വിധവകൾ അവഗണിക്കപ്പെടുന്നുവെന്ന് ഗ്രീക്കുകാർ ഹെബ്രായർക്കെതിരെ പിറുപിറുത്തു" (അപ്പ. പ്രവ. 6:1). ആദിമ സഭയിലെ വിധവകളോടുള്ള മനോഭാവത്തെ വി. പൗലോസ് ശ്ലീഹാ തിമോത്തിക്കെഴുതിയ ലേഖനത്തിലൂടെ കൂടുതൽ സ്പഷ്ടമാക്കുന്നു: "യഥാർത്ഥത്തിൽ വിധവകളായിരിക്കുന്നവരെ ബഹുമാനിക്കുവിൻ" (1തിമോ. 5:3). വിധവകൾ സഭയിൽ എപ്രകാരമാണ് തങ്ങളുടെ ദൗത്യം നിർവ്വഹിച്ചിരുന്നതെന്നും ലേഖനം വ്യക്തമാക്കുന്നുണ്ട്: "ഏകാകിനിയായ യഥാർത്ഥ വിധവയാകട്ടെ ദൈവത്തിൽ പ്രത്യാശയർപ്പിച്ചുകൊണ്ട് അപേക്ഷകളിലും പ്രാർത്ഥനകളിലും ദിനരാത്രങ്ങൾ ചിലവഴിക്കുന്നു" (1തിമോ. 5:5). സമൂഹത്തിന്റെ സൻമാർഗ്ഗ നിലവാരമുയരാനും വിശുദ്ധ ജീവിതത്തിനും യുവതികളായ വിധവകൾ എപ്രകാരം ജീവിക്കണമെന്ന് വി. പൗലോസ് ഓർമിപ്പിക്കുന്നുണ്ട്: "അതിനാൽ ചെറുപ്പക്കാരികളായ വിധവകൾ വിവാഹം കഴിച്ച് അമ്മമാരായി വീടുഭരിക്കണമെന്നാണ് ഞാനാഗ്രഹിക്കുന്നത്. അങ്ങനെയായാൽ ശത്രുവിനു നമ്മെ കുറ്റപ്പെടുത്താൻ അവസരം ഇല്ലാതാകും" (1തിമോ. 5:14).

ദൈവചന വെളിച്ചത്തിൽ ഈ കാലഘട്ടത്തിലെ വെല്ലുവിളികളെ വിലയിരുത്തുമ്പോൾ ജീവിതപങ്കാളി നഷ്ടപ്പെട്ടവരുടെ



ഏകാന്തതയും ദുരിതങ്ങളും നാമേവരുടെയും സവിശേഷ ശ്രദ്ധയും, കാരുണ്യവും അർഹിക്കുന്നതാണ്. വാർദ്ധക്യത്തിലെത്തിയ നിർദ്ധന വിധവകൾ, മക്കളില്ലാത്തവർ, പെൺമക്കൾ മാത്രമുള്ളവർ, മക്കളുപേക്ഷിച്ചവർ, അനാഥരായവർ തുടങ്ങി വ്യത്യസ്തവിഭാഗങ്ങളിലായി ശാരീരികമോ, മാനസികമോ, സാമ്പത്തികമോ, ആത്മീയമോ ആയ ദുരിതങ്ങളിലായിരിക്കുന്ന ൪000-ത്തോളം വിധവകൾ നമ്മുടെ രൂപതക്കുള്ളിലുണ്ട്. വിഭാര്യരുടെ ആറ് ഇരട്ടിയിലധികമാണ് വിധവകളുടെ എണ്ണം. സ്ത്രീകളുടെ ആയുർദൈർഘ്യം 80 വയസും പുരുഷൻമാരുടെത് 74 വയസുമായിരിക്കുന്ന കേരളത്തിൽ വിധവകൾ വർദ്ധിച്ചുവരുന്ന പ്രവണതയാണ് കാണാനാവുക. ഈ പശ്ചാത്തലത്തിൽ വിവാഹസമയത്ത് വളരെ പ്രായം കൂടിയ പുരുഷൻമാരെ സ്വീകരിക്കേണ്ടിവരുന്ന സ്ത്രീകൾ നിർബന്ധിത വൈധവ്യത്തെയാണ് ആശ്ലേഷിക്കാനിടവരുക. ആയുർദൈർഘ്യം 5-10 വർഷം കൂടുതലുള്ളതിനൊപ്പം വിവാഹ പ്രായത്തിലെ അന്തരവും പരിഗണിച്ചാൽ പുരുഷനെക്കാൾ പത്തുമുതൽ പതിനഞ്ചുവരെ വർഷങ്ങൾ ഒരു സ്ത്രീ വിധവയായി കഴിയേണ്ടിവരുമെന്നത് മനസിലാക്കി വിവേകത്തോടെ വിവാഹ തീരുമാനങ്ങളിലെത്തിച്ചേരേണ്ടത് വൈധവ്യം നിയന്ത്രിക്കപ്പെടാൻ അടിയന്തര ആവശ്യമായിരിക്കുന്നു. കൂടാതെ യുവതികളായ വിധവകളെ പുനർവിവാഹത്തിന് പ്രോത്സാഹിപ്പിക്കുന്നതും കുടുംബ ഭദ്രതയ്ക്ക് സഹായകരമാണ്.

നമ്മുടെ ഇടവകകളിൽ വിധവകളായിരിക്കുന്നവരെ ഒരുമിച്ചു കൂട്ടുന്നതിനും, സാമൂഹിക-സാമ്പത്തിക സുരക്ഷിതത്വത്തിന് സഹായകരമായ പ്രവർത്തനങ്ങൾ രൂപപ്പെടുത്തുന്നതിനും എല്ലാവരുടെയും സഹകരണവും പ്രോത്സാഹനവും പ്രത്യേകം ക്ഷണിക്കുന്നു. 2016 മെയ് 14 ന് രാവിലെ 10 മുതൽ ഉച്ചകഴിഞ്ഞ് 3 വരെ രൂപതാതലത്തിൽ വിധവകളെ ഒരുമിച്ച് കൂട്ടുകയാണ്. കരിമ്പൻ രൂപതാകേന്ദ്രത്തിൽ നടത്തപ്പെടുന്ന പ്രസ്തുത സംഗമത്തിലേക്ക് ഓരോ ഇടവകയിൽനിന്നും മൂന്നുമുതൽ അഞ്ചുവരെ പ്രതിനിധികളെ

അയച്ച് ഇടവകാതലത്തിൽ വിധവകളുടെ കൂട്ടായ്മകൾ (നവോമി സംഗമങ്ങൾ) രൂപപ്പെടുത്താൻ എല്ലാ ബഹു. വികാരിയച്ചന്മാരും ശ്രദ്ധിക്കുമല്ലോ.

വിധവകൾക്ക് ക്ലാസ്സുകളും കൗൺസലിങ്ങും സാമ്പത്തിക പരസ്പരാശ്രയ പദ്ധതികളും നടപ്പിലാക്കുന്നതിനായിയുള്ള രൂപതാതല പ്രവർത്തനങ്ങളോട് സർവ്വാത്മനാ സഹകരിക്കുമല്ലോ. മാതൃവേദിയുടെയും ഇതര സംവിധാനങ്ങളുടെയും സഹകരണത്തോടെ, നിർദ്ധനരും ദുരിതബാധിതരുമായ വിധവകളെ സാമ്പത്തികമായി ദത്തെടുത്ത് സഹായിക്കാനാകും. ഒരു നിശ്ചിത വിഹിതം വിധവകൾക്കായി മാറ്റിവയ്ക്കുന്നതിനും അതിലൂടെ ദൈവപരിപാലനയുടെയും പങ്കുവയ്ക്കലിന്റെയും അനുഭവം അവർക്കേകാനും നാമേവർക്കും ഈ കാരുണ്യവർഷത്തിൽ തല്പരരാകാം. ഔദാര്യമനോഭാവത്തോടെ പങ്കുവച്ചുകൊണ്ട് ഈ ശുശ്രൂഷയിൽ പങ്കുചേരാൻ സന്മനസുള്ള എല്ലാ വ്യക്തികളേയും കുടുംബങ്ങളേയും, സ്ഥാപനങ്ങളേയും സ്നേഹത്തോടെ ക്ഷണിക്കുന്നു.

ഈശോയുടെ അമ്മയായ പരി. കന്യകാമറിയം എല്ലാ വിധവകൾക്കും മാതൃകയും മധ്യസ്ഥയുമായിരിക്കട്ടെ. പിതാവിന്റെയും ✠ പുത്രന്റെയും ✠ പരിശുദ്ധാത്മാ വിന്റെയും ✠ നാമത്തിൽ ഞാൻ നിങ്ങളെ ആശീർവ്വദിക്കുന്നു.

എന്ന്,

**✠ മാർ മാത്യു ആനിക്കുഴിക്കാട്ടിൽ**
ഇടുക്കി രൂപതാ മെത്രാൻ

N.B. ഈ സർക്കുലർ മെയ്മാസത്തിലെ ഒരു ഞായറാഴ്ച വി. കുർബാന മദ്ധ്യേ വായിച്ചു വിശദീകരിക്കണം.





**C. 12. സർക്കുലർ**

# ഉത്തമ വിദ്യാഭ്യാസത്തിന്റെ പ്രസക്തി

സമ്പൂർണ്ണ സാക്ഷരതയുള്ള കേരളത്തിൽ നല്ല വിദ്യാഭ്യാസത്തിന്റെ പ്രസക്തി ഏവർക്കും സുവിദിതമാണ്. ഒരു പ്രദേശത്തിന്റെ സാമൂഹിക, സാമ്പത്തിക, സാംസ്കാരിക, ആദ്ധ്യാത്മിക വളർച്ച അവിടെ നൽകപ്പെടുന്ന വിദ്യാഭ്യാസത്തിന്റെ നിലവാരമനുസരിച്ചാണ്. ഈ തിരിച്ചറിവുള്ളതുകൊണ്ടാണ് വിദ്യാഭ്യാസത്തെ ഏറ്റവും പ്രധാനപ്പെട്ട പ്രേഷിതമേഖലയായി സഭ കരുതുന്നത്. വിദ്യാഭ്യാസത്തെ പ്രോത്സാഹിപ്പിക്കുക എന്നത് രാഷ്ട്രത്തിന്റെ സുപ്രധാന ചുമതലയിൽപ്പെടുന്നു. അതൊടൊപ്പംതന്നെ, മികച്ച വിദ്യാഭ്യാസം നൽകുക എന്നത് പ്രത്യേകമായ വിധത്തിൽ തിരുസ്സഭയുടെ ഉത്തരവാദിത്വംകൂടിയാണ്. മാതാവെന്ന നിലയിൽ സ്വസന്താനങ്ങളുടെ ജീവിതം മുഴുവനും ക്രിസ്തുവിന്റെ ചൈതന്യത്താൽ പ്രബുദ്ധമാകുന്ന വിദ്യാഭ്യാസം നൽകുവാനുള്ള ചുമതല തിരുസ്സഭയ്ക്കുണ്ട്. അതേസമയം മനുഷ്യ വ്യക്തിത്വത്തിന്റെ പൂർണ്ണമായ വളർച്ച കൈവരുത്തുവാനും ഭൗതിക സമൂഹത്തിന് നന്മ പ്രദാനം ചെയ്യുവാനും, ഉത്കൃഷ്ടമായ മാനവിക മൂല്യങ്ങൾ ഉൾക്കൊള്ളുന്ന മെച്ചപ്പെട്ട ലോകം കെട്ടിപ്പടുക്കുവാനും വേണ്ടി സഭ സഹായഹസ്തം നീട്ടുന്നു. (2-ാം വത്തിക്കാൻ കൗൺസിൽ, വിദ്യാഭ്യാസം: 3).

കേരള കത്തോലിക്കാ സഭ ഈ ദൗത്യം അതിന്റെ പൂർണ്ണതയിൽ നിറവേറ്റുവാൻ എന്നും ബദ്ധശ്രദ്ധയായിരുന്നു എന്നത് ജാതി-മത-രാഷ്ട്രീയ വ്യത്യാസമില്ലാതെ എല്ലാവരും അംഗീകരിക്കുന്ന വസ്തുതയാണ്. പള്ളിയോടൊപ്പം പള്ളിക്കൂടങ്ങൾ സ്ഥാപിക്കണമെന്ന വി. ചാവറ കുര്യാക്കോസ് ഏലിയാസച്ചന്റെ കല്പന, സഭയുടെ ഈ ദൗത്യത്തെ അടിവരയിട്ടു വ്യക്തമാക്കുന്നതാണ്. വളരെ പ്രത്യേകിച്ച് നമ്മുടെ രൂപതയുൾക്കൊള്ളുന്ന ഹൈറേഞ്ച് മേഖലയിൽ സഭയുടെ നേതൃത്വത്തിൽ സ്ഥാപിതമായിട്ടുള്ള വിദ്യാലയങ്ങൾ ഈ കല്പനയിൽ നിന്നും പ്രചോദനം സ്വീകരിച്ചുണ്ടായതാണ് എന്നതിൽ തർക്കമുണ്ടാവില്ല.

പലവിധ സാഹചര്യങ്ങളാൽ ഹൈറേഞ്ചിലേക്ക് കുടിയേറിയ ജനങ്ങൾ കാട്ടുമൃഗങ്ങളോടും പ്രതികൂല കാലാവസ്ഥയോടും പട്ടിണിയോടും മല്ലിട്ടു ജീവിതമാരംഭിക്കുമ്പോൾ, വരുന്ന തലമുറക്ക് തങ്ങളുടേതിനേക്കാൾ മെച്ചപ്പെട്ട ജീവിത സാഹചര്യങ്ങൾ ഉണ്ടാകണമെന്നത് അവരുടെ വലിയ സ്വപ്നമായിരുന്നു. അതുകൊണ്ടുതന്നെ, തങ്ങൾക്ക് സ്ഥിരമായ കിടപ്പാടങ്ങൾ പോലും ഉണ്ടാകുന്നതിനുമുമ്പ് സ്കൂളുകൾ സ്ഥാപിച്ചു കിട്ടുവാൻ അവർ തീവ്രമായി ആഗ്രഹിച്ചു. എന്നാൽ, ഹൈറേഞ്ചിന്റെ പ്രത്യേക പ്രകൃതി പശ്ചാത്തലവും, യാത്രാസൗകര്യങ്ങളുടെ അഭാവവും, പ്രതികൂല കാലാവസ്ഥയും, സർവ്വോപരി, ഭരണകർത്താക്കളുടെ നിസ്സംഗതയും, അനാസ്ഥയും വിദ്യാഭ്യാസ മേഖലയുടെ വളർച്ചയെ സാരമായി ബാധിച്ചു.

ജനക്ഷേമ ഭരണ സംവിധാനത്തിന്റെ ഏറ്റവും പ്രധാനപ്പെട്ട കടമയായ പ്രാഥമിക വിദ്യാഭ്യസ സൗകര്യങ്ങൾ ഒരുക്കുന്നതിൽ കാലാകാലങ്ങളിൽ അധികാരത്തിലേറിയവർ പരാജയപ്പെട്ട സാഹചര്യത്തിലാണ് കുടിയേറ്റ മേഖലയിൽ ബഹു. വികാരിയച്ചന്മാരുടെ നേതൃത്വത്തിൽ, നാനാജാതി മതസ്ഥരുടെ സഹകരണത്തോടെ, എയ്ഡഡ് സ്കൂളുകളായും അംഗീകൃത സ്കൂളുകളായും അനംഗീകൃത കുടിപ്പള്ളിക്കൂടങ്ങളായും വിദ്യാഭ്യാസ സ്ഥാപനങ്ങൾ ആരംഭിച്ചത്.

മറ്റു വിദ്യാഭ്യാസ സൗകര്യങ്ങളൊന്നും ലഭ്യമല്ലാതിരുന്നതിനാൽ, നമ്മുടെ പള്ളിക്കൂടങ്ങൾ പൊതുജനം അവരുടെ ഹൃദയങ്ങളിലേറ്റുവാങ്ങി. ആവശ്യമായ കെട്ടിടങ്ങൾ നിർമ്മിക്കുവാൻ പൊതുപ്പണിയെടുത്തും സംഭാവനകൾ നൽകിയും സഹകരിക്കുവാൻ എല്ലാവരും സർവ്വാത്മനാ സന്നദ്ധരായി. വിദൂരങ്ങളിൽനിന്നെത്തിയ അദ്ധ്യാപകർക്ക് താമസസൗകര്യമൊരുക്കുവാനും ജനങ്ങൾ തയ്യാറായിരുന്നു. കുടിപള്ളിക്കൂടങ്ങളിൽ വളരെ തുച്ഛമായ ശമ്പളത്തിൽ സേവനം ചെയ്യുവാൻ പ്രദേശത്തുള്ള വിദ്യാസമ്പന്നർ സന്നദ്ധരായി. നാട്ടിൽ വിദ്യാലയങ്ങൾ പടുത്തുയർത്തുക പ്രദേശവാസികളുടെ വലിയ ദൗത്യമായി കരുതിയതുകൊണ്ട് ഇത്തരം സ്ഥാപനങ്ങൾക്കുവേണ്ടി എന്തു ത്യാഗവും സഹിക്കുവാൻ ആളുകൾക്ക് സന്തോഷമേയുണ്ടായിരുന്നുള്ളു.



നിസ്വാർത്ഥ സേവനവും, സഹകരണവും, കൂട്ടായ്മയും, അദ്ധ്വാനവും കുടിയേറ്റ മേഖലയുടെ വളർച്ചയെ ദ്രുതഗതിയിലാക്കിയെന്ന് നിസ്സംശയം പറയാം. ക്രമേണ നിരക്ഷരരുടെ കാലം മാറി സാക്ഷരരുടെ കാലഘട്ടമായി. ഈ വിദ്യാലയങ്ങളിലൂടെ ഈശ്വര വിശ്വാസവും മൂല്യബോധവുമുള്ള ഒരു തലമുറയെ രൂപപ്പെടുത്തുവാൻ സാധിച്ചിട്ടുണ്ടന്നതിൽ നമുക്ക് അഭിമാനിക്കാം. തികച്ചും കാർഷിക മേഖലയായിരുന്ന ഹൈറേഞ്ചിൽ നിന്നും സർക്കാർ ഓഫീസുകളിലും സ്കൂളുകളിലും മറ്റ് പൊതുമേഖലാ സ്ഥാപനങ്ങളിലും വിദേശ രാജ്യങ്ങളിൽപ്പോലും, ആളുകൾ ഉദ്യോഗതലങ്ങളിലേക്ക് എത്തിപ്പെടാൻ തുടങ്ങി. കാർഷിക മേഖലയിലെ വരുമാനത്തോടൊപ്പം ഉദ്യോഗസ്ഥ മേഖലകളിൽനിന്നുള്ള വരുമാനവും കൂടിയായപ്പോൾ ഈ പ്രദേശത്തിന്റെ സാമൂഹിക-സാമ്പത്തിക വ്യവസ്ഥയിൽത്തന്നെ ഗണ്യമായ മാറ്റം വന്നുതുടങ്ങി.

ഈ നേട്ടങ്ങളുടെ പിന്നിൽ സഭയുടെ നേതൃത്വത്തിൽ നടത്തിയിട്ടുള്ള വിദ്യാഭ്യാസ വികസന പ്രവർത്തനങ്ങൾ വളരെ ശ്രദ്ധേയമാണ്. മനോഹരമായ ദേവാലയങ്ങൾ എന്ന ചിന്തക്കു മുമ്പേ, മനോഹരമായ വിദ്യാലയങ്ങൾ എന്നത് സഭയുടെ പൊതു കാഴ്ചപ്പാടായി. അതുകൊണ്ടുതന്നെയാണ് ഇടവകയുടെ വരുമാനത്തിന്റെ ഗണ്യമായ പങ്ക് വിദ്യാലയങ്ങളുടെ നിർമ്മാണത്തിനും സംരക്ഷണത്തിനുമായി മാറ്റിവയ്ക്കുവാൻ ഇടവക സമൂഹത്തിനു സാധിച്ചത്.

ഹൈറേഞ്ച് മേഖലയിലും സാമ്പത്തിക നിലവാരവും, യാത്രാസൗകര്യങ്ങളും മറ്റ് അടിസ്ഥാന സൗകര്യങ്ങളും വർദ്ധിച്ചപ്പോൾ ധാരാളം സ്കൂളുകൾ വിവിധ മാനേജ്മെന്റുകളുടെ കീഴിലും സർക്കാർ മേഖലയിലും സ്ഥാപിക്കപ്പെട്ടു. അംഗീകൃത മേഖലയിൽ നിരവധി ഇംഗ്ലീഷ് മീഡിയം (CBSE, ICSE) സ്കൂളുകളും ആരംഭിച്ചു. ഇംഗ്ലീഷ് വിദ്യാഭ്യാസത്തോടുള്ള ആഭിമുഖ്യം കാലക്രമേണ വർദ്ധിക്കുകയും, വിദ്യാഭ്യാസം വ്യക്തിയുടെ സമഗ്രവികസനം എന്നതിലുപരി ബൗദ്ധികമേഖലക്കുമാത്രം അമിത പ്രാധാന്യം നൽകുന്ന അവസ്ഥവരെയെത്തി എന്നതാണു സത്യം.

ഈ പ്രവണത ഇന്ന് വിദ്യാഭ്യാസം കുടുംബങ്ങളിലെ ഏറ്റവും ചിലവേറിയ ഇനമായി മാറ്റിയിരിക്കുന്നു. കേന്ദ്രവിദ്യാഭ്യാസ അവകാശനിയമം (2009) ഇന്ത്യ ഗവൺമെന്റ് പാസ്സാക്കിക്കൊണ്ട് ഇന്ത്യയിൽ 14 വയസ്സുവരെയുള്ള കുട്ടികൾക്ക് നിർബന്ധിത സൗജന്യ വിദ്യാഭ്യാസം ഉറപ്പാക്കിക്കൊണ്ട് ഈ വലിയ സാമ്പത്തിക ബാദ്ധ്യത ഇല്ലാതാക്കാൻ ലക്ഷ്യം വയ്ക്കുന്നു. അതുപോലെ സൗജന്യ യൂണിഫോം, സൗജന്യ പാഠപുസ്തകങ്ങൾ, ഉച്ചഭക്ഷണ സംവിധാനങ്ങൾ എന്നിവ നല്കിക്കൊണ്ട് സാമ്പത്തികഭാരം കുറയ്ക്കുവാൻ സർക്കാർ ശ്രമിക്കുമ്പോഴും ഇംഗ്ലീഷ് വിദ്യാഭ്യാസത്തെക്കുറിച്ചുള്ള അമിതമായ അഭിനിവേശം അനാരോഗ്യപരമായ മത്സരങ്ങൾ സാധാരണ സമൂഹത്തിൽ സൃഷ്ടിക്കുവാനും വിദ്യാഭ്യാസം താങ്ങാനാവാത്ത ഒരു ഭാരമായി മാറുവാനും ഇടയാകുന്നു.

കേന്ദ്രീയ വിദ്യാലയങ്ങളുടെ ആവിർഭാവത്തോടെ കുട്ടികളുടെ ശൈശവ കാലഘട്ടത്തിൽ കൈമാറപ്പെടേണ്ട വിശ്വാസാനുഭവം ഇന്നത്തെ തലമുറയ്ക്ക് നഷ്ടമായിക്കൊണ്ടിരിക്കുകയാണ്. വിശ്വാസവും പാരമ്പര്യവും വളരുന്ന തലമുറയ്ക്ക് കൈമാറപ്പെടുവാനായി ഭരണഘടന ഉറപ്പാക്കിയിരിക്കുന്ന അവകാശങ്ങൾ ഇവിടെ നഷ്ടപ്പെട്ടുകൊണ്ടിരിക്കുന്നു. ഇംഗ്ലീഷിനോടുള്ള അമിതാവേശംകൊണ്ട് മാതൃഭാഷ പാടേ ഉപേക്ഷിക്കപ്പെടുന്ന പഠന രീതി നടപ്പിലാക്കപ്പെട്ടതോടെ മാതൃഭാഷയിലൂടെ ജീവിതത്തിന്റെ ഭാഗമാകേണ്ട ബോദ്ധ്യങ്ങൾ ഇന്നത്തെ തലമുറയ്ക്ക് അന്യമായി മാറുന്നു. പരമ്പരാഗതമായി ശനിയാഴ്ചകളിൽ ദേവാലയത്തിൽപോകുവാനും ദൈവമാതൃഭക്തിയിൽ വളരുവാനുമുള്ള നല്ല അവസരങ്ങൾ ശനിയാഴ്ചകളിൽപ്പോലും സ്കൂളുകളിൽ പോകാൻ നിർബന്ധിതരാകുന്ന പഠന പദ്ധതിയിലൂടെ കുഞ്ഞുങ്ങൾക്ക് നഷ്ടമാകുന്നു. എന്തിനധികം, സഭയുടെ വിശേഷപ്പെട്ട തിരുന്നാളുകൾ, വേദപാഠക്ലാസ്സുകൾ, സുവിശേഷോത്സവം, മുതലായ വിശ്വാസം കൈമാറപ്പെടുന്ന അവസരങ്ങളൊക്കെ നഷ്ടപ്പെടുത്തി വളർന്നുവരുന്ന പുതിയ തലമുറയുടെ കാഴ്ചപ്പാടുകൾ വഴി മാറിപ്പോയി. ഇതൊക്കെക്കണ്ട് നിസ്സഹായരായി നോക്കി നിൽക്കുവാൻമാത്രം കഴിയുന്നവരായി ഇവരുടെ മാതാപിതാക്കൾ മാറുന്നു എന്നതിന് നിരവധി ഉദാഹരണങ്ങൾ നമുക്കു ചുറ്റുമുണ്ടല്ലോ.



ഇന്ത്യൻ ഭരണഘടന രൂപപ്പെടുത്തിയപ്പോൾ ഭരണഘടനാപരമായ നിരവധി ആനുകൂല്യങ്ങളെക്കാൾ അന്ന് ക്രിസ്ത്യൻ നേതാക്കൾ ആവശ്യപ്പെട്ടിരുന്നത് തങ്ങളുടെ വിശ്വാസവും ആചാരങ്ങളും സംരക്ഷിക്കപ്പെടാൻ സാദ്ധ്യമായ ഭരണഘടനാപരമായ അവകാശം - ന്യൂനപക്ഷഅവകാശങ്ങൾ - മാത്രമായിരുന്നു എന്നതിൽനിന്ന്, കത്തോലിക്കാ വിദ്യാഭ്യാസസ്ഥാപനങ്ങളുടെ പ്രസക്തിയും പ്രാധാന്യവും നമുക്ക് മനസ്സിലാക്കാൻ കഴിയും.

സ്കൂളുകളോടുള്ള മനോഭാവങ്ങളിൽ വന്ന മാറ്റം സൗജന്യമായി കിട്ടേണ്ട മൂല്യാധിഷ്ഠിത വിദ്യാഭ്യാസം സാധാരണ കുടുംബങ്ങൾക്ക് വലിയ സാമ്പത്തിക ബാധ്യതയായി മാറുകയും വരുന്ന തലമുറയുടെ കാഴ്ചപ്പാടുകളേയും മൂല്യവ്യവസ്ഥിതിയേയും വളരെയേറെ സ്വാധീനിക്കുകയും ചെയ്തിട്ടുണ്ട്. അതോടെ ഒരു കാലഘട്ടത്തിൽ വിദ്യാദാനത്തിൽ നിർണ്ണായക പങ്കുവഹിച്ചുകൊണ്ടിരുന്ന പൊതുമേഖലാ എയ്ഡഡ് വിദ്യാലയങ്ങൾ അവഗണിക്കപ്പെടുകയോ അവയുടെ നിലനില്പുതന്നെ അപകടത്തിലാക്കപ്പെടുകയോ ചെയ്തിരിക്കുന്നു എന്നതാണ് വസ്തുത. ഇങ്ങനെ പൊതുവിദ്യാലയങ്ങൾ ഇല്ലാതാക്കപ്പെടുന്ന അവസ്ഥ ഏറ്റവും കൂടുതൽ ബാധിക്കുക സാധാരണക്കാരായ ആളുകളുടെ കുട്ടികളെയാണ്.

കേരളത്തിലെ എയ്ഡഡ് വിദ്യാലയങ്ങൾ കേരള സമൂഹ നിർമ്മിതിക്ക് വഹിച്ച പങ്ക് സുപ്രധാനമാണ്. സമഭാവനയും സനാതന മൂല്യങ്ങളും സംവഹിക്കുന്ന കേരളസംസ്കാര വികസത്തിന് രൂപഭാവങ്ങൾ നൽകിയതും ഇതര സംസ്ഥാനങ്ങളേക്കാൾ വികസനാവേശം വർദ്ധിപ്പിച്ചതും കേരളത്തിലെ പൊതു വിദ്യാലയങ്ങളാണ് - പ്രത്യേകിച്ച് എയ്ഡഡ് വിദ്യാലയങ്ങൾ. വിഭിന്ന സ്വഭാവവും സാഹചര്യങ്ങളുമുള്ള വിദ്യാർത്ഥികളുടെ ഇടയിൽ കൂട്ടായ്മ വളർത്തി പരസ്പരം മനസ്സിലാക്കുന്നതിനുള്ള ചൈതന്യം പ്രസരിപ്പിച്ചാണ് ഈ നാട്ടിലെ പൊതുവിദ്യാലങ്ങൾ പ്രവർത്തിക്കുന്നത്. വിദ്യാഭ്യാസ പ്രവർത്തനം സഭയുടെ വലിയ ഉത്തരവാദിത്വമാണ്.

വിദ്യാഭ്യാസരംഗം നേരിടുന്ന പാളിച്ചകൾ അത് എത്രമാത്രം ചെറുതായാലും ഗുരുതരമായ പ്രത്യാഘാതങ്ങൾക്ക് ഇടവരുത്തും. വിദ്യാഭ്യാസരംഗത്ത് സന്തുലിതാവസ്ഥ പാലിക്കുന്നതിലും നിലനിറുത്തുന്നതിലും എയ്ഡഡ് സ്കൂളുകൾ വഹിക്കുന്ന പങ്ക് വിസ്മരിക്കാവുന്നതല്ല. കണ്ണുള്ളപ്പോൾ കണ്ണിന്റെ വിലയറിയില്ല എന്ന ചൊല്ല് എയ്ഡഡ് സ്കൂളുകളെ സംബന്ധിച്ചിടത്തോളം പ്രസക്തമാണ്. എയ്ഡഡ് സ്കൂളുകളുടെ തകർച്ചയും തളർച്ചയും തൊഴിൽ, ആരോഗ്യം, സാമ്പത്തികം, സംസ്കാരം, സമഭാവനയോടെയുള്ള രാഷ്ട്രീയം തുടങ്ങി ഒട്ടനവധി രംഗങ്ങളിൽ ദൂരവ്യാപകമായ പ്രത്യാഘാതങ്ങൾക്ക് കാരണമാകുമെന്നതിൽ സംശയമില്ല.

വത്തിക്കാൻ പ്രമാണരേഖയിൽ പറഞ്ഞിരിക്കുന്ന കാര്യം ഇവിടെ ഏറെ പ്രസക്തമാവുകയാണ്. കത്തോലിക്കാ വിദ്യാലയങ്ങൾ അനുദിനം അവയുടെ മഹത്തായ ലക്ഷ്യം കൂടുതൽ പൂർണ്ണമായി നേടാൻ, പ്രത്യേകിച്ച് ദരിദ്രരുടേയും, കുടുംബത്തിൽ നിന്നും ലഭിക്കേണ്ട സ്നേഹവാത്സല്യങ്ങൾ ലഭിക്കാത്തവരുടെയും, വിശ്വാസദാനം സിദ്ധിച്ചിട്ടില്ലാത്തവരുടെയും ആവശ്യങ്ങൾ നിറവേറ്റാൻ എറെ ക്ലേശം സഹിച്ചും സഹായിക്കണമെന്ന് സഭയിലെ അജപാലകരേയും വിശ്വാസികളേവരേയും പരിശുദ്ധ സൂനഹദോസ് ശക്തിയുക്തം ഉദ്ബോധിപ്പിക്കുന്നു (2-ാം വത്തിക്കാൻ കൗൺസിൽ, വിദ്യാഭ്യാസം: 9).

ഈ സാഹചര്യത്തിൽ, ഒരു കാലഘട്ടത്തിൽ ഈ പ്രദേശത്ത് സ്കൂളുകൾ ആരംഭിക്കുവാനും അതിന്റെ പ്രവർത്തനങ്ങൾക്കായി സഹകരിക്കുവാനും ത്യാഗങ്ങൾ ഏറ്റെടുക്കുവാനും എത്രമാത്രം താത്പര്യവും ആഗ്രഹവും ഇവിടുത്തെ ജനങ്ങൾ കാണിച്ചുവോ അതിലും കൂടുതൽ ആഗ്രഹവും താത്പര്യവും നമ്മുടെ സ്കൂളുകളെ നിലനിറുത്തിക്കൊണ്ടു പോകുവാൻ കാണിക്കേണ്ടതായിട്ടുണ്ട്.

പൊതുവിദ്യാലയങ്ങളുടെ ഗുണനിലവാരമുയർത്തി അവയെ കൂടുതലായി ആശ്രയിക്കത്തക്കവിധത്തിൽ ആകർഷണകങ്ങളാക്കണം. ഇക്കാര്യത്തിൽ പൊതുവിദ്യാഭ്യാസസ്ഥാപനങ്ങളിൽ സേവനം ചെയ്യുന്ന അദ്ധ്യാപകർക്ക് ഗൗരവാവഹമായ കടമയാണ് നിർവ്വഹിക്കുവാനുള്ളത്. രണ്ടാം വത്തിക്കാൻ പ്രമാണരേഖ പ്രഖ്യാപിക്കുന്നു: ''ഇവിടെ കത്തോലിക്കാ വിദ്യാലയങ്ങളിലെ അദ്ധ്യാപകരുടെ സേവനം യാഥാർത്ഥ പ്രേഷിത പ്രവൃത്തിയാണെന്നും അത് ആധുനിക ലോകത്തിന് യോജിച്ചതാണെന്നും മാത്രമല്ല അത്യന്താപേക്ഷിതം കൂടിയാണെന്നും സമുദായത്തിന് ചെയ്യുന്ന യഥാർത്ഥ സേവനമാണെന്നും പരിശുദ്ധ സൂനഹദോസ് പ്രഖ്യാപിക്കുന്നു'' (No. 8). മാതാപിതാക്കളുടെ കടമയെക്കുറിച്ച് പ്രമാണരേഖ തുടർന്ന് പറയുന്നു: ''കത്തോലിക്കാ മാതാപിതാക്കന്മാർക്കാകട്ടെ ഈ അനുകൂല സാഹചര്യങ്ങളിലും സമയത്തും കത്തോലിക്കാ സ്കൂളുകളിൽ കുട്ടികളെ അയക്കുവാനും കഴിവനുസരിച്ച് കത്തോലിക്കാ സ്കൂളുകളെ സഹായിക്കുവാനും സ്വസന്താനങ്ങളുടെ നന്മയ്ക്കായി വിദ്യാലയങ്ങളുമായി സഹകരിച്ചു പ്രവർത്തിക്കാനും കടമയുണ്ട്'' (No. 8).

മാനേജ്മെന്റും അദ്ധ്യാപകരും രക്ഷകർത്താക്കളും ഒന്നുചേർന്നു കൂട്ടായ പ്രവർത്തനത്തിലൂടെ നമ്മുടെ സ്കൂളുകളുടെ നവോത്ഥാനത്തിനുവേണ്ടി ശ്രമിക്കേണ്ടതുണ്ട്. വർഷങ്ങൾക്കുമുമ്പ് പണിതീർന്ന നമ്മുടെ സ്കൂൾ കെട്ടിടങ്ങൾ ഇന്ന് സുരക്ഷിതമാക്കേണ്ടതുണ്ട്. ടോയ്ലറ്റ്, പാചകപ്പുര തുടങ്ങിയ സൗകര്യങ്ങൾ കൂടുതൽ മെച്ചപ്പെടുത്തണം - ഇതിന് ജനപ്രതിനിധികളുടെ ഫണ്ട് ലഭ്യമാണ്. സ്മാർട്ട് ക്ലാസ്സ്റൂമുകൾ ഉണ്ടാകണം. പാഠ്യപാഠ്യേതര പ്രവർത്തനങ്ങൾ കുറ്റമറ്റ രീതിയിൽ നടപ്പിലാക്കണം. ബഹുമാനപ്പെട്ട അച്ചന്മാരുടെ സജീവ നേതൃത്വത്തിൽ രക്ഷകർത്താക്കളേയും ഇടവകപ്രതിനിധികളേയും പൊതുപ്രവർത്തകരേയും സംഘടിപ്പിച്ചു വിദ്യാലയ സംരക്ഷണ-വികസന സമിതി രൂപീകരിക്കുക, വിദ്യാർത്ഥി സംഘടനകൾ ശക്തിപ്പെടുത്തിക്കൊണ്ട് അവരുടെ സഹകരണം ഉറപ്പാക്കുക. ഇടവകയുടെ വാർഷിക ബജറ്റിൽ സ്കൂളുടെ പ്രവർത്തനത്തിനായുള്ള പദ്ധതികൾ ഉൾപ്പെടുത്തുക ഇങ്ങനെ വിവിധങ്ങളായ പ്രവർത്തനങ്ങളിലൂടെ നാം മുന്നോട്ടിറങ്ങേണ്ടതുണ്ട്.

നമ്മുടെ സ്കൂളുകളുടെ നവീകരണത്തിനും ഭൗതീക സാഹചര്യങ്ങളുടെയും പാഠ്യ-പാഠ്യേതര പ്രവർത്തനങ്ങളുടെയും നിലവാരമുയർത്തുന്നതിലും അദ്ധ്യാപകർക്ക് വലിയ പങ്കു വഹിക്കാനുണ്ട്. തുടർപരിശീലനപരിപാടികളിലൂടെ അദ്ധ്യാപനകലയിൽ കാലോചിതമായ പ്രാവിണ്യംനേടി കൂടുതൽ ഫലപ്രദമായും ആകർഷകമായും ക്ലാസ്സുകൾ കൈകാര്യം ചെയ്യാൻ കഴിയണം. സ്കൂളുകളിൽ കുട്ടികൾ കുറഞ്ഞുവരുന്ന സാഹചര്യത്തിൽ അദ്ധ്യാപകർ തങ്ങളുടെ മക്കളെ തങ്ങൾ പഠിപ്പിക്കുന്ന സ്കൂളുകളിൽ തന്നെ ചേർത്തുപഠിപ്പിക്കുന്നത് മറ്റുള്ളവർക്കും പ്രചോദനമാകും. തങ്ങൾ സേവനംചെയ്യുന്ന സ്കൂളിന്റെ ഭൗതീകസാഹചര്യങ്ങൾ മെച്ചപ്പെടുത്താനായി കഴിവുള്ളവിധത്തിലെല്ലാം സഹകരിക്കുകയും തങ്ങൾക്കുള്ളവയിൽനിന്നും പങ്കുവയ്ക്കുകയും വേണം. സർവ്വോപരി, അദ്ധ്യാപകർ നല്ലസ്വഭാവത്തിനുടമകളും വിദ്യാർത്ഥികൾക്ക് എല്ലാക്കാര്യങ്ങളിലും മാതൃകയായിരിക്കുകയും ചെയ്യട്ടെ.

അടച്ചുപൂട്ടൽ ഭീഷണി നേരിട്ടിരുന്ന നിരവധി സ്കൂളുകൾ സമാനമായ പ്രവർത്തനങ്ങളിലൂടെ ശക്തമായ തിരിച്ചുവരവ് നടത്തിയിട്ടുണ്ട്. മൂന്നു വർഷം മുമ്പ് കേവലം 16 കുട്ടികൾ മാത്രമുണ്ടായിരിന്നിടത്ത് നൂറിലധികം കുട്ടികൾ പഠിക്കുന്ന കരുവാറ്റ സെന്റ് ജോസഫ്സ് എൽ.പി. സ്കൂൾ നമുക്ക് പ്രചോദനമേകുന്നു. അതുകൊണ്ട്, ഇനിയും കാത്തിരിക്കാതെ നമുക്ക് ഒന്നുചേർന്ന് നമ്മുടെ സ്കൂളുകളെ സംരക്ഷിക്കുവാനുള്ള വിപുലമായ പദ്ധതികൾ ആവിഷ്കരിക്കാം.

നമ്മുടെ കർത്താവ് നിങ്ങളെ അനുഗ്രഹിക്കട്ടെ എന്ന പ്രാർത്ഥനയോടെ പിതാവിന്റെയും ✠ പുത്രന്റെയും ✠ പരിശുദ്ധാത്മാവിന്റെയും ✠ നാമത്തിൽ ഞാൻ നിങ്ങളെ ആശീർവ്വദിക്കുന്നു.

എന്ന്,

✠ **മാർ മാത്യൂ ആനിക്കുഴിക്കാട്ടിൽ**
ഇടുക്കി രൂപതാ മെത്രാൻ

N.B. ഈ സർക്കുലർ മെയ്മാസത്തിലെ ഒരു ഞായറാഴ്ച വി. കുർബാന മദ്ധ്യേ വായിച്ചു വിശദീകരിക്കണം.



C. 13.

# കേരള നിയമസഭയിലേക്കുള്ള തിരഞ്ഞെടുപ്പിന്റെ പശ്ചാത്തലത്തിൽ കേരള കത്തോലിക്കാ മെത്രാൻസമിതി പ്രസിദ്ധീകരിക്കുന്ന പ്രസ്താവന

കേരളജനത ഒരു പൊതുതിരഞ്ഞെടുപ്പിന് തയ്യാറെടുക്കുന്നു. ജനങ്ങളും ജനപ്രതിനിധികളാകുവാൻ ആഗ്രഹിക്കുന്നവരും വിവിധ രാഷ്ട്രീയ പാർട്ടികളും ഈ തയ്യാറെടുപ്പിലാണ്. ജനാധിപത്യസംവിധാനത്തിന്റെ ആരോഗ്യകരമായ വളർച്ചയ്ക്ക് അനിവാര്യമായ പ്രക്രിയയാണ് പൊതുതിരഞ്ഞെടുപ്പുകൾ. അവ രാജ്യഭരണത്തിന് ഉത്തമ രാഷ്ട്രീയ നേതാക്കളെ തിരഞ്ഞെടുക്കാനുള്ള അവസരം പൗരന്മാർക്ക് നല്കുന്നു. ഈ പ്രക്രിയയിൽ ഉത്തരവാദിത്വപൂർണമായി പങ്കുചേരാൻ എല്ലാവർക്കും  കടമയുണ്ട്.

കേരളത്തിലെ സാമൂഹിക-രാഷ്ട്രീയ-സാംസ്കാരിക മേഖലകളിൽ കത്തോലിക്കാസഭ എക്കാലവും സജീവമായും ക്രിയാത്മകമായും ഇടപെട്ടിട്ടുണ്ട്. കേരളം ഒരു പൊതുതിരഞ്ഞെടുപ്പിനെ അഭിമുഖീകരിക്കുന്ന ഈ ഘട്ടത്തിൽ ഓരോ പൗരനും തന്റെ പൗരാവകാശം ഉത്തരവാദിത്വപൂർണമായി ഉപയോഗപ്പെടുത്തണമെന്ന് അഭ്യർത്ഥിക്കുന്നു. വോട്ടേഴ്സ് ലിസ്റ്റിൽ തങ്ങളുടെ പേരുണ്ടെന്ന് ഉറപ്പുവരുത്തിയാൽ മാത്രം പോരാ, ജാഗ്രതയോടും വിവേകത്തോടും കൂടി സമ്മതിദാനാവകാശം വിനിയോഗിക്കണമെന്നും കെ.സി.ബി.സി. ആഗ്രഹിക്കുന്നു. ഈ വരുന്ന തിരഞ്ഞെടുപ്പിൽ ഏവരുടെയും അടിയന്തിര ശ്രദ്ധ പതിയേണ്ട ചില അടിസ്ഥാന വിഷയങ്ങൾ വിചിന്തനം ചെയ്യാനും, അവയോടുള്ള കേരള കത്തോലിക്കാസഭയുടെ നിലപാടു വ്യക്തമാക്കാനുമാണ് ഈ പ്രസ്താവനയിലൂടെ ഞങ്ങൾ ആഗ്രഹിക്കുന്നത്.

1. **സമഭാവന:** ബഹുസ്വരതയാണ് ഭാരതസംസ്കാരത്തിന്റെ അന്തർധാ

ര. നാനാത്വത്തിൽ ഏകത്വമെന്ന ശ്രേഷ്ഠമായ ഈ സംസ്കൃതി സംരക്ഷിക്കപ്പെടേണ്ടത് കേരളത്തിന്റെയും ആവശ്യമാണ്. ഒരു പ്രത്യേക സംസ്കാരത്തിന്റെയോ മതത്തിന്റെയോ രീതികൾ എല്ലാവരുടെയും മേൽ അടിച്ചേല്പിക്കുന്നത് ഏകസ്വരാധിപത്യമായി മാറും. ഈ മേഖലയിൽ, അടുത്തകാലത്തായി നടക്കുന്ന ചില ദുഷ്പ്രവണതകൾ ചൂണ്ടിക്കാട്ടാതിരിക്കാനാവില്ല. സാമുദായിക വികാരങ്ങൾ ഉണർത്തിവിട്ട് ജനങ്ങൾ തമ്മിൽ അകൽച്ചയും ശത്രുതയും സൃഷ്ടിക്കുന്ന പ്രവണത കൂടിവരുകയാണ്. വർഗീയ ധ്രുവീകരണങ്ങളിലൂടെ ജാതിമതവിഭാഗങ്ങളെ ഭിന്നിപ്പിച്ച് അധികാരത്തിൽ കയറാൻ ശ്രമിക്കുന്നവരെ പിന്തുണയ്ക്കുന്നത് അപകടകരമായിരിക്കും.

മതസമഭാവനപോലെ പ്രധാനമാണ് ആദർശധാരകളുടെ സഹിഷ്ണുതയും. ഓരോ വ്യക്തിക്കും സ്വന്തമായുള്ള കാഴ്ചപ്പാടുകളും ആശയങ്ങളും പറയാനും പ്രകടിപ്പിക്കാനുമുള്ള സ്വാതന്ത്ര്യം ഇന്ത്യൻ ഭരണഘടന നല്കുന്നുണ്ട്. ആയതിനാൽ സർവാധിപത്യ പ്രവണതയുള്ള രാഷ്ട്രീയ പാർട്ടികളും സ്ഥാനാർത്ഥികളും ഒഴിവാക്കപ്പെടേണ്ടതാണ്. സംഭാഷണത്തിന്റെയും സംവാദത്തിന്റെയും സംസ്കാരം പരിപോഷിപ്പിക്കുകയും തർക്കവിഷയങ്ങളിൽ മുൻവിധിയില്ലാതെ ആദരപൂർവകമായ ആശയവിനിമയം നടത്തുകയും ചെയ്യുന്നവരാണ് ഭരണത്തിൽ എത്തേണ്ടത്.

**2. വികസനം:** വികസനമെന്നാൽ ഏതാനും കുറച്ചുപേരുടെ മാത്രം പുരോഗതിയല്ല. മറിച്ച് വരുംതലമുറകൾ ഉൾപ്പെടെ എല്ലാവരെയും ഉൾക്കൊള്ളുന്ന സമഗ്രതയുള്ള പുരോഗമന കാഴ്ചപ്പാടാണ് യഥാർത്ഥ വികസനത്തിനാവശ്യം. പാർശ്വവത്കരിക്കപ്പെട്ടവർക്കും അവശതയനുഭവിക്കുന്നവർക്കും കൂടി പ്രയോജനകരമായിത്തീരുന്ന പദ്ധതികളാണു വേണ്ടത്. കുടിവെള്ളം, പാർപ്പിടം, ആരോഗ്യപരിപാലനം, വിദ്യാഭ്യാസം, ഗതാഗതം മുതലായ അടിസ്ഥാന മേഖലകൾക്കു ലഭിക്കേണ്ട മുൻഗണന വികസനത്തിന്റെ വേലിയേറ്റത്തിൽ നഷ്ടപ്പെടുന്നില്ല എന്ന് ഉറപ്പു വരുത്തണം. വികസനത്തെ പിറകോട്ടടിക്കുന്ന തിന്മകളാണ് അഴിമതിയും സ്വജനപക്ഷപാതവും. വ്യക്തി



താത്പര്യങ്ങൾക്കും പാർട്ടി താത്പര്യങ്ങൾക്കും അതീതമായി എല്ലാവരുടെയും അവകാശങ്ങൾ നീതിപൂർവം കാത്തുസംരക്ഷിക്കുന്നവരെയും സമൂഹത്തിന്റെ പൊതുനന്മയ്ക്കുവേണ്ടി പ്രവർത്തിക്കുന്നവരെയും വിജയിപ്പിക്കാൻ ഏവർക്കും കടമയുണ്ട്.

**3. നിയമസംവിധാനത്തോടുള്ള ബഹുമാനം:** ജനപ്രതിനിധികൾ ഭരണഘടനയെയും നിയമസംവിധാനത്തെയും ബഹുമാനിക്കുന്നവരായിരിക്കണം. അക്രമരാഷ്ട്രീയവും നിയമവിരുദ്ധമായ അടിച്ചേല്പിക്കലുകളും ഒരിക്കലും ഉണ്ടാകാനിടവരരുത്. കോടതിയുടെ വിശ്വാസ്യത തകർക്കുന്നതും ഭരണഘടനയുടെ പ്രഥമസ്ഥാനം നിഷേധിക്കുന്നതുമായ സമീപനങ്ങൾ കൈക്കൊള്ളുന്നവർക്കെതിരേ ജാഗ്രത പുലർത്തണം. തങ്ങളുടെ ആദർശങ്ങളെ അനുകൂലിക്കാത്തവരെയും എതിരഭിപ്രായം പറയുന്നവരെയും അക്രമത്തിലൂടെ ഇല്ലായ്മ ചെയ്യുന്ന സമീപനം യാതൊരു വിധത്തിലും പ്രോത്സാഹിപ്പിക്കാൻ പാടില്ല. അക്രമരാഷ്ട്രീയം സമാധാനജീവിതത്തിനും വ്യക്തികളുടെയും സമൂഹത്തിന്റെയും ജീവനും സ്വത്തിനും ഭീഷണിയുമാണ്. പ്രബുദ്ധമായ കേരളീയ സമൂഹത്തിനു ചേരാത്ത ഇത്തരം പ്രവണത സമൂഹം തിരസ്കരിക്കുക തന്നെ വേണം.

**4. പരിസ്ഥിതിയും കാർഷികമേഖലയും:** പ്രകൃതിയെയും പരിസ്ഥിതിയെയും സംരക്ഷിക്കുകയും കൃഷിയെയും കൃഷിക്കാരെയും ആദരിക്കുകയും ചെയ്യുന്ന ഭരണനേതൃത്വമാണ് നമുക്കിന്ന് അത്യാവശ്യം. പ്രകൃതി വിഭവങ്ങൾ നമുക്കു മാത്രമല്ല, വരുംതലമുറയ്ക്കുകൂടി അവകാശപ്പെട്ടതാണ്. അത് അമിതമായും, നിയമവിരുദ്ധമായും ചൂഷണം ചെയ്യാൻ പാടില്ല. സംസ്ഥാനത്ത് പ്രവർത്തിക്കുന്ന മൂവായിരത്തോളം അനധികൃത ക്വാറികളുടെ പ്രവർത്തനം നിയമാനുസൃതം നിയന്ത്രിക്കാൻ ഇതുവരെ നടപടിയുണ്ടായിട്ടില്ല. പൊതുസ്വത്തായ കടലും കായലും മാത്രമല്ല സർക്കാരിന്റെ അധീനതയിലുള്ള കരഭൂമിയും, അധികാരവും സ്വാധീനവുമുള്ളവർക്ക് പതിച്ചുനല്കുകയും കർഷകർക്ക് തന്റെ കൃഷിഭൂമിയിലുള്ള അവകാശം നിഷേധിക്കുകയും ചെയ്യുന്ന വൈരുധ്യത്തിന് അറുതിയുണ്ടാകണം. സർക്കാരും ജന

പ്രതിനിധികളും നയങ്ങൾക്ക് രൂപം നല്കുമ്പോൾ ഇക്കാര്യങ്ങളിൽ വ്യക്തത വേണം. ഈ മേഖലയിൽ നടന്നുകൊണ്ടിരിക്കുന്ന അഴിമതിയും ധൂർത്തും അവസാനിപ്പിക്കാൻ ഇഛാശക്തിയുള്ളവരെയാണ് നമ്മൾ വിജയിപ്പിക്കേണ്ടത്.

പരിസ്ഥിതിയോടൊപ്പം ഭരണാധികാരികളുടെ പ്രഥമ പരിഗണന ലഭിക്കേണ്ട തലമാണ് നാടിന്റെ നട്ടെല്ലായ കാർഷികമേഖല. കർഷകന് കൃഷിയിലൂടെ മാന്യമായി ജീവിക്കാനുള്ള സാഹചര്യം സൃഷ്ടിക്കാതെ മലയാളിയുടെ ആരോഗ്യവും ഭാവിയും ശോഭനമാവുകയില്ല. കാർഷിക വിളകളുടെ വിലക്കുറവ്, പട്ടയം മുതലായ വിഷയങ്ങളിൽ വ്യക്തമായ നയങ്ങളുള്ളവരാണ് തിരഞ്ഞെടുക്കപ്പെടേണ്ടത്. കാർഷികമേഖലയെ അവഗണിക്കുന്ന കക്ഷികളും സ്ഥാനാർത്ഥികളും ജനപിന്തുണ അർഹിക്കുന്നില്ല. പാർട്ടികൾ കാർഷിക നയം വ്യക്തമാക്കണം.

**5. ധാർമ്മികത:** സാമ്പത്തിക നിലവാരത്തോടൊപ്പം സമൂഹത്തിന്റെ ധാർമ്മിക നിലവാരത്തിനും ഊന്നൽ നല്കണം. വ്യക്തികളെയും കുടുംബങ്ങളെയും സമൂഹം മുഴുവനെയും ധാർമ്മികതയിലും നന്മയിലും വളർത്തുന്ന നയപരിപാടികൾ ആവിഷ്കരിക്കാൻ ജനപ്രതിനിധികൾക്ക് കഴിയണം. മദ്യം, മയക്കുമരുന്ന്, കള്ളക്കടത്ത്, ഭീകരപ്രവർത്തനങ്ങൾ എന്നിവയ്ക്കെതിരേ ശക്തമായ തീരുമാനങ്ങളെടുക്കുന്നവരെയാണ് നമുക്കാവശ്യം. മദ്യത്തെക്കുറിച്ചുള്ള വിവാദങ്ങളേക്കാൾ ഇന്നാവശ്യം ധിഷണാശക്തിയുള്ള ഭരണപാടവമാണ്. മദ്യം നമ്മുടെ സമൂഹത്തിന് ഗുണം ചെയ്യുന്നില്ലായെന്ന് ബോധ്യമുണ്ടെങ്കിൽ ബാക്കി നടപടികൾ എളുപ്പം.

ഇടതു, വലതു മുന്നണികളുടെ മദ്യനയത്തിലുള്ള അവ്യക്തത പരിഹരിക്കപ്പെടണം. യുഡിഎഫിന് വ്യക്തമായ ഒരു മദ്യനയമുണ്ട് എന്നാൽ അതിന്റെ ഉദ്ദേശശുദ്ധി മദ്യനിയന്ത്രണപരിപാടികളിലൂടെ സമയബന്ധിതമായി തെളിയിക്കപ്പെടണം. എൽഡിഎഫ് മുന്നോട്ടുവയ്ക്കുന്ന മദ്യനിയന്ത്രണ പരിപാടികൾ അഭിനന്ദനാർഹമാണ്. എന്നാൽ അവയ്ക്ക് വ്യക്തമായ ഒരു നയത്തിന്റെ പിൻതുണയില്ല



എന്ന പരിമിതിയുണ്ട്. മദ്യവിമുക്തമായ ഒരു സമൂഹനിർമ്മിതിക്ക് രണ്ടു മുന്നണികളുടെയും നയപരിപാടികളിൽ വ്യക്തതയും ആത്മാർത്ഥതയും ഉണ്ടാകണം.

മദ്യത്തിന്റെ ഉല്പാദനവും വിതരണവും ലഭ്യതയും ഫലപ്രദമായി നിയന്ത്രിക്കുന്നതിന് ഉത്തരവാദിത്വമുള്ള ജനപ്രതിനിധികൾ തെരഞ്ഞെടുക്കപ്പെടണം. മദ്യത്തിനു പകരം മയക്കുമരുന്നിലേക്ക് പോകുന്നതും അത് കുട്ടികളിലേക്ക് വ്യാപിക്കാതിരിക്കുന്നതിനുമുള്ള മുൻകരുതലും ഉറപ്പും ഭരണനേതൃത്വം നൽകണം. അതിന് ഇശ്ചാശക്തിയുള്ളവരെ ജനങ്ങൾ തിരിച്ചറിയണം. സാമൂഹികതിന്മകൾ അനുദിനം വർധിച്ചുവരുന്നത് നിയമമില്ലാത്തതുകൊണ്ടല്ല, ഉത്തരവാദിത്വപ്പെട്ടവർ നിഷ്ക്രിയത്വം പുലർത്തുന്നതിനാലും ശക്തമായ നിയമനടപടി സ്വീകരിക്കാൻ ധൈര്യം കാണിക്കാത്തതുകൊണ്ടുമാണ്.

മതത്തിന്റെയും പ്രത്യയശാസ്ത്രങ്ങളുടെയും ദുരുപയോഗം, മൗലികവാദത്തിലേക്കും ഭീകരപ്രവർത്തനങ്ങളിലേക്കും വഴിതുറക്കുമെന്നതിനാൽ, ജനങ്ങൾ അങ്ങേയറ്റം ജാഗ്രത പുലർത്തേണ്ട കാലമാണിത്. സാമൂഹ്യ വിപത്തുകൾ ഒന്ന് മറ്റൊന്നിനെ പ്രോത്സാഹിപ്പിക്കുന്ന വിധത്തിൽ പരസ്പരം ബന്ധപ്പെട്ട കണ്ണികളാണെന്നത് ഇവയുടെ ശക്തി വർധിപ്പിക്കുന്നു. ഈ സാമൂഹ്യതിന്മകൾക്കെതിരേ പോരാടാൻ പ്രാപ്തിയുള്ള ഒരു ഭരണകൂടത്തെയാണ് കേരള ജനതയ്ക്കാവശ്യം.

കേരളത്തെ ബാധിച്ചിരിക്കുന്ന അഴിമതി, സ്വജനപക്ഷപാതം ഇവ അടിയന്തിരമായി പരിഹരിക്കപ്പെടേണ്ടതാണ്. അഴിമതി കാട്ടുന്നവർ ഒരു ജനതയുടെ പൊതുസമ്പത്ത് തുരന്ന് മോഷ്ടിക്കുകയാണെന്നുള്ള ബോധ്യം ജനങ്ങൾക്കുണ്ടാകണം. ഇഷ്ടപ്പെട്ടവരാണെങ്കിലും അഴിമതി കാണിച്ചാൽ അത് മൂടിവയ്ക്കാതെ നിയമത്തിനു മുമ്പിൽ എത്തിക്കേണ്ടത് ഭരണാധികാരികളുടെ കടമയാണ്. അഴിമതി ആരു ചെയ്താലും അത് നാടിനാപത്താണ് എന്ന് പൊതുസമൂഹം തിരിച്ചറിയുകയും പ്രതികരിക്കുകയും ചെയ്യേണ്ടിയിരിക്കുന്നു.

**6. ന്യൂനപക്ഷ സംരക്ഷണം:** ഭൂരിപക്ഷാധിപത്യമല്ല ജനാധിപത്യം. ന്യൂനപക്ഷങ്ങളെ സമത്വബോധത്തോടെ അംഗീകരിക്കുമ്പോൾ മാത്രമേ ജനാധിപത്യമുണ്ടാകൂ. എല്ലാ മതത്തിലുമുള്ള ചെറിയ വിഭാഗങ്ങൾക്കും മാന്യമായി ഈ നാട്ടിൽ ജീവിക്കാമെന്ന് ഉറപ്പുവരുത്തുവാൻ ഭരണത്തിലിരിക്കുന്നവർക്ക് കടമയുണ്ട്. ഈ ചെറുവിഭാഗങ്ങൾക്ക് അർഹമായ നീതി കാലതാമസം വരുത്താതെ നടപ്പിലാക്കി കൊടുക്കണം. സമൂഹത്തിലെ എല്ലാ വിഭാഗങ്ങളി ലെയും ദുർബലർ ഭരണത്തിലിരിക്കുന്നവരുടെ ദയയും നീതിയും അർഹിക്കുന്നവരാണ്. ഇത് നടപ്പാകണം. ക്രിസ്തുമതത്തിലേക്ക് പരിവർത്തനം ചെയ്യപ്പെട്ടതിന്റെ പേരിൽ ആനുകൂല്യങ്ങൾ നഷ്ടപ്പെട്ട ദളിത് ക്രിസ്ത്യൻ, നാടാർ ക്രിസ്ത്യൻ മുതലായ വിഭാഗങ്ങൾക്ക് അനുഭാവപൂർണമായ പരിഗണന ലഭിക്കേണ്ടതാണ്. അവരോടുള്ള വിവേചനം അവസാനിപ്പിക്കുകയും അവർക്കു നീതി ഉറപ്പാക്കുകയും വേണം. അതുപോലെതന്നെ, ഭരണകർത്താക്കളുടെ ശ്രദ്ധ പതിയേണ്ടതാണ് മത്സ്യത്തൊഴിലാളി മേഖലയും കുടിൽ വ്യവസായ മേഖലയും. അവർക്ക് ആവശ്യമായ സാമ്പത്തികവും വിദ്യാഭ്യാസപരവുമായ ആനുകൂല്യങ്ങളും സംവരണവും ലഭ്യമാക്കാൻ തിരഞ്ഞെടുക്കപ്പെടുന്ന സർക്കാരിന് സാധിക്കണം.

ഭരണഘടന ഉറപ്പുനല്കുന്ന മനുഷ്യാവകാശങ്ങളുടെ ഭാഗം തന്നെയാണ് ന്യൂനപക്ഷ അവകാശങ്ങൾ. വിദ്യാഭ്യാസമേഖലയിൽ ഭരണഘടന ഉറപ്പാക്കുന്ന ന്യൂനപക്ഷ അവകാശങ്ങൾ സാധിച്ചുകൊടുക്കുന്നതിൽ സർക്കാരുകൾ ഇന്നും അലംഭാവം കാണിക്കുകയാണ്. 2011 മുതൽ ശമ്പളം ഇല്ലാതെ ജോലി ചെയ്യുന്ന മൂവായിരത്തിലധികം എയ്ഡഡ് സ്കൂൾ അധ്യാപകരുടെ നിയമനത്തിന് ഹൈക്കോടതിയുടെ അനുകൂലമായ വിധി ഉണ്ടായിട്ടും വേണ്ടപ്പെട്ടവർ സമയോചിതമായ നടപടി സ്വീകരിക്കാത്തത് അപലപനീയമാണ്.

**7. ആദിവാസി-തോട്ടം തൊഴിലാളി സംരക്ഷണം:** ചൂഷണവും കുറ്റകരമായ അനാസ്ഥയും നിലനിൽക്കുന്ന രണ്ടു മേഖലകളാണ്



ആദിവാസിക്ഷേമവും തോട്ടം തൊഴിലാളികളുടെ മനുഷ്യാവകാശ സംരക്ഷണവും. ഈ രണ്ടു മേഖലകളിലും തെരഞ്ഞെടുക്കപ്പെടുന്ന രാഷ്ട്രീയ നേതൃത്വത്തിന്റെ കൂട്ടായ ശ്രദ്ധയും അധികാരത്തിൽ വരുന്ന സർക്കാരിന്റെ കാര്യക്ഷമമായ ഇടപെടലുമുണ്ടാകണം.

ചുരുക്കത്തിൽ, ഭരിക്കാനുള്ള പാർട്ടിയെ തിരഞ്ഞെടുക്കുമ്പോൾ പാർട്ടികളുടേതെന്നപോലെ സ്ഥാനാർത്ഥികളുടെ രാഷ്ട്രീയ, ധാർമ്മിക നിലപാടുകളും സ്വഭാവശുദ്ധിയും പൊതുനന്മയിലുള്ള താത്പര്യവും തിരഞ്ഞെടുപ്പിൽ പ്രധാന മാനദണ്ഡമായിരിക്കണമെന്ന് കെ.സി.ബി.സി. ആഗ്രഹിക്കുന്നു. കേരളത്തെ ശക്തവും ധാർമ്മികവും സമ്പന്നവുമായ സംസ്ഥാനമാക്കാൻ ആവശ്യമായ കഴിവും അർപ്പണബോധവും നിശ്ചയദാർഢ്യവും ഉള്ള സ്ഥാനാർത്ഥികളെയും പാർട്ടികളെയും തിരഞ്ഞെടുക്കാൻ ഈ മാനദണ്ഡങ്ങൾ ഏവർക്കും ഉപകാരപ്പെടുമെന്ന് പ്രത്യാശിക്കുന്നു.

കേരള കത്തോലിക്കാ മെത്രാൻ സമിതിക്കുവേണ്ടി,

**കർദിനാൾ ബസേലിയോസ് ക്ലീമിസ് കാതോലിക്ക ബാവ**
പ്രസിഡന്റ്, കെ.സി.ബി.സി.

**ആർച്ച്ബിഷപ്പ് മാർ ജോസഫ് പെരുന്തോട്ടം**
വൈസ് പ്രസിഡന്റ്, കെ.സി.ബി.സി.

**ബിഷപ്പ് ജോസഫ് കരിയിൽ**
സെക്രട്ടറി ജനറൽ, കെ.സി.ബി.സി.



# C. 14. സർക്കുലർ

## 53-ാം ലോകദൈവവിളി പ്രാർത്ഥനാദിനം

### കെസിബിസി വൊക്കേഷൻ കമ്മീഷൻ
### പുറപ്പെടുവിക്കുന്ന സർക്കുലർ

***സഭാബോധമുണർത്തുന്ന കടാക്ഷം***

മിശിഹായിൽ പ്രിയ സഹോദരങ്ങളേ,

ആഗോള കത്തോലിക്കാസഭ 2016 ഏപ്രിൽ 17-ാം തീയതി ദൈവവിളി പ്രാർത്ഥനാദിനമായി ആചരിക്കുകയാണ്. കരുണയുടെ ഈ അസാധാരണ ജൂബിലി വർഷത്തിൽ പരിശുദ്ധ പിതാവ് ഫ്രാൻസിസ് മാർപാപ്പ ആഗോളകത്തോലിക്കാസഭയ്ക്കു നൽകുന്ന ദൈവവിളി പ്രാർത്ഥനാദിന സന്ദേശത്തിലെ രണ്ടു പ്രധാന ചിന്തകൾ കേരളത്തിലെ പ്രത്യേക സാഹചര്യത്തിൽ നമ്മൾ ധ്യാനവിഷയമാക്കേണ്ടതുതന്നെയാണ്.

കഴിഞ്ഞ ഏതാനും വർഷങ്ങളായി നാം ധ്യാനിച്ചുകൊണ്ടിരുന്ന ദൈവവിളിയുടെ ഉറവിടത്തെക്കുറിച്ച് പരിശുദ്ധ പിതാവ് വ്യക്തത വരുത്തുന്നുണ്ട്. ക്രൈസ്തവ ദൈവവിളി ദൈവജനത്തിനുള ളിൽനിന്നുമാണ് ജനിക്കുന്നതെന്നും അത് ദൈവിക കാരുണ്യത്തിന്റെ ഒരു ദാനമാണെന്നും സകലരും തിരിച്ചറിയുമെന്നുംപിതാവ് പ്രത്യാശിക്കുന്നു. വിശുദ്ധ മത്തായിയെ തിരഞ്ഞെടുത്തതുപോലെ കാരുണ്യത്തോടെ നോക്കുകയും തിരഞ്ഞെടുക്കുകയും ചെയ്യുന്ന കർത്താവിന്റെ കരുണാർദ്രമായ പ്രവർത്തനമാണ് പാപങ്ങൾ ക്ഷമിച്ച് ശിഷ്യത്വത്തിലേക്കും പ്രേഷിതത്വത്തിലേക്കും നമുക്ക് വാതിൽ തുറക്കുന്നത്. അതുകൊണ്ടുതന്നെ പിതാവ് നിസ്സംശയം വ്യക്തമാക്കുന്നു: സഭയിലെ ഓരോ ദൈവവിളിയുടെയും ഉത്പത്തി യേശുവിന്റെ അനുകമ്പ നിറഞ്ഞ കടാക്ഷത്തിലാണ്.

കരുണാർദ്ര കടാക്ഷം ഒരു വ്യക്തിയെ വിളിക്കുന്നത് സഭയുടെ കൂട്ടായ്മയിലേയ്ക്കാണ്. സഭയിൽ വിശ്വസിക്കുക എന്നത് നമ്മുടെ പ്രമാണങ്ങളിൽ ഒന്നാണ്. സഭയുടെ ഭാഗമാകുന്നതിന്



ദൈവം നമ്മെ വിളിക്കുകയും ആ സഭയിൽ നാം നിശ്ചിത പക്വത ആർജ്ജിച്ചു കഴിയുമ്പോൾ അവിടുന്ന് നമ്മുടെമേൽ നിർദ്ദിഷ്ട വിളി ചൊരിയുകയും ചെയ്യുന്നു എന്നിങ്ങനെ പരിശുദ്ധ പിതാവ് വ്യക്തമാക്കുന്നു.

സഭയിൽ ജനിച്ച് പക്വത പ്രാപിക്കുന്ന ഈ വിളി ഒരു കൂട്ടുവിളിയാണ്. ഈ തിരിച്ചറിവ് കത്തോലിക്കാ ദർശനത്തിലേയ്ക്കും സഭാബോധത്തിലേയ്ക്കും നമ്മെ കൈ പിടിക്കുന്നു.ഒരാളും ഒരു പ്രത്യേക പ്രദേശത്തിനു മാത്രമായോ ഒരു സംഘത്തിനോ സഭാത്മക പ്രസ്ഥാനത്തിനോ മാത്രമായോ വിളിക്കപ്പെടുന്നില്ല, മറിച്ച് സഭയ്ക്കും ലോകത്തിനും വേണ്ടിയാണ് വിളിക്കപ്പെടുന്നത്.ചരിത്രപരമായി പ്രാദേശികമായി ഉടലെടുക്കുന്നുവെങ്കിലും ആഗോള സഭയുടെ ചൈതന്യത്തിലേക്ക് വളരുവാനുള്ളതാണ് ഓരോ ദൈവവിളിയും.

ഓരോ ദൈവവിളിയും പ്രകടമാകുന്ന നിമിഷം മുതൽ മതിയായ ഒരു സഭാബോധംഅതിന് ഉണ്ടാകേണ്ടതുണ്ട്. ഓരോ സിദ്ധിയുടെയും ആധികാരികത ഉറപ്പിക്കുന്ന വ്യക്തമായ അടയാളവും ഈ സഭാത്മകതയാണെന്ന് പരിശുദ്ധ പിതാവ് ഓർമ്മിപ്പിക്കുന്നു.

ദൈവവിളിയോട് പ്രത്യുത്തരിക്കുമ്പോൾ നമ്മുടെ സഭാത്മക ചക്രവാളം വികസിക്കുകയാണ് ചെയ്യുന്നത്. കേരളത്തിന്റെ പ്രത്യേക സാഹചര്യത്തിൽ ചരിത്രപരമായിത്തന്നെ ഈ ആഗോള സഭാത്മക ചക്രവാളം നാം തിരിച്ചറിഞ്ഞിട്ടുള്ളതാണ്. എന്റെ ഇടവക, എന്റെ പ്രദേശം, എന്റെ രൂപത, എന്റെ സമൂഹം എന്നതിനൊക്കെ അപ്പുറം സഭയുടെ ചലനാത്മകതയുടെ ഭാഗമായി ധാരാളം ദൈവവിളികളെ മിഷനറിമാരായി സമ്മാനിക്കുവാൻ കേരളമണ്ണിന് സാധിച്ചിട്ടുണ്ട്. ഇതാണ് സഭാചൈതന്യം.

ഈ ചൈതന്യം വളരുന്നത് സഭയ്ക്കുള്ളിൽ തന്നെയാണ്. തുടക്കത്തിൽ നമുക്കെല്ലാവർക്കുമുള്ള പരിമിതമായ കാഴ്ചപ്പാടുകൾ മറികടന്ന് വിവിധ ദൈവവിളികൾക്കായുള്ള അർത്ഥികളുംഅർത്ഥിനികളും തങ്ങളുടെ പരിശീലനകാലത്ത് സഭാസമൂഹത്തെക്കുറിച്ചുള്ള അറിവിൽ വളരേണ്ടതുണ്ട്. ഈ വളർച്ച സഭയോടുള്ള നീതിയും സകല ജനങ്ങളോടുമുള്ള കരുണയുമാണ്. നാം ശീലിച്ച പരിധി

കൾക്കപ്പുറത്തെ ദൈവസാന്നിദ്ധ്യത്തിന്റെ ഓർമ്മപ്പെടുത്തൽ കൂടിയാണ് ദൈവവിളി. കർത്താവിന് തന്റെ ജീവിതം സമർപ്പിച്ച ഒരാൾ സഭയ്ക്ക് ആവശ്യമുള്ളിടത്തെല്ലാം അവിടുത്തെ ശുശ്രൂഷിക്കാൻ തയ്യാറാണ് എന്നിങ്ങനെ പൗലോസിന്റെയും ബർണ്ണബാസിന്റെയും വിളികളെ ഓർമ്മപ്പെടുത്തിക്കൊണ്ട് പരിശുദ്ധ പിതാവ് അസന്നിഗ്ദ്ധം പ്രഖ്യാപിച്ചു.

ഈ ഒരു ദൗത്യം മനസ്സിലാക്കുവാൻ പരിശുദ്ധ പിതാവ് എല്ലാ വിശ്വാസികളെയും ഉദ്ബോധിപ്പിക്കുന്നു. ദൈവവിളികളുടെ സഭാത്മക ചലനാത്മകത മനസ്സിലാക്കാൻ എല്ലാ വിശ്വാസികളും വിളിക്കപ്പെട്ടിരിക്കുന്നു. അങ്ങനെ, പരിശുദ്ധ കന്യകാമറിയത്തിന്റെ മാതൃകയിൽ വിശ്വാസക്കൂട്ടായ്മകൾക്ക് പരിശുദ്ധാത്മാവിന്റെ ദാനം സ്വാഗതം ചെയ്യുന്ന ഒരു അമ്മയുടെ ഉദരം ആകുവാൻ കഴിയും. ദൈവവിളി സ്വീകരിച്ച് സഭാസേവനത്തിനായി പോയിരിക്കുന്ന സഹോദരങ്ങളെ താങ്ങിനിറുത്തേണ്ടതും അവർക്ക് ധൈര്യം നൽകുന്ന ആദ്ധ്യാത്മിക മാതൃത്വവും പിതൃത്വവുമൊക്കെ ശക്തിപ്പേടേണ്ടതും ഇന്നിന്റെ ആവശ്യം കൂടിയാണ്.

കൂട്ടായ്മയുടെ ഒരു മാദ്ധ്യസ്ഥതവഴിയാണ് ദൈവത്തിന്റെ വിളി നമ്മിലേക്കു വരുന്നത്. അതുകൊണ്ടുതന്നെ ദൈവവിളികൾക്കു വേണ്ടി നിതാന്തമായി നാം പ്രാർത്ഥിക്കേണ്ടതുണ്ട്. സഭയുടെ ഈ കൂട്ടായ്മയിലാണ് ദൈവവിളികൾ ജനിക്കുന്നത്. ഇവിടെയാണ് അവ വളരുന്നത്. ഇവിടെയാണ് അവ നിലനിർത്തപ്പെടുന്നത്. സർവ്വദാ പ്രചോദനാത്മകവും പ്രോത്സാഹനജനകവുമായ ഒരു സഹകരണവും സഹായവുമാണ് ദൈവവിളികൾ ജനിക്കുവാനും വളരുവാനും നിലനിൽക്കുവാനും ദൈവജനം ചെയ്യേണ്ടത്. ദൈവം വിളിക്കുന്ന സേവനമേഖലകളിലേക്കും പ്രദേശങ്ങളിലേക്കും ഇറങ്ങിപ്പുറപ്പെടുവാൻ നാം അർത്ഥികളെയും അർത്ഥിനികളെയും ശക്തരാക്കേണ്ടതുണ്ട്. ചരിത്രപരമായ പ്രത്യേകതകൾ ഉൾക്കൊണ്ടുകൊണ്ടുതന്നെ ആഗോള സഭയുടെ ചലനാത്മകതയിലേക്കു വളരുവാൻ യുവജനങ്ങളെ പഠിപ്പിക്കുക എന്നത് എല്ലാവരുടെയും കടമയുമാണ്.



കർത്താവിന്റെ കരുണാർദ്രമായ നോട്ടത്തിലാണ് ദൈവവിളി പ്രചോദനങ്ങൾ ഉണരുന്നത്. ആ വിളിയുടെ ശബ്ദത്തെയാണ് ദൈവവിളികൾ അനുധാവനം ചെയ്യേണ്ടത്. അതുകൊണ്ടുതന്നെ കേരള സഭയിൽ ദൈവവിളിയുടെ കൂടുതൽ ശക്തമായ തിരിച്ചറിവുകളും അനുധാവനങ്ങളും ഉണ്ടാകുവാൻ ചില നിർദ്ദേശങ്ങൾ വയ്ക്കുന്നു.

1. എല്ലാ കുടുംബങ്ങളിലുംനിന്ന് കർത്താവിന്റെ കരുണാർദ്ര കടാക്ഷത്താൽ ദൈവവിളികൾ പിറവിയെടുക്കാൻ സന്ധ്യാപ്രാർത്ഥനകളിൽ ദൈവവിളിയ്ക്കായി പ്രാർത്ഥിക്കുക.
2. ദൈവവിളികളെ മനസ്സിലാക്കുവാനും ധ്യാനിക്കുവാനും കൂടുതൽ പഠനശിബിരങ്ങൾ രൂപതാ തലത്തിൽ സംഘടിപ്പിക്കുക.
3. പ്രേഷിതമേഖലയിൽ പ്രവർത്തിക്കുന്നവർക്കുവേണ്ടി പ്രാർത്ഥിക്കുക, കഴിയുംവിധത്തിൽ അവരെ സഹായിക്കുക.
4. കുട്ടികൾക്കും യുവജനങ്ങൾക്കും വൈദികരുടേയും സന്യസ്തരുടേയും സാധാരണജീവിതം അനുഭവിച്ചറിയുവാൻ അവരുടെ ആവൃതി ജീവിതങ്ങൾ പങ്കുവയ്ക്കുക.
5. രൂപതാ അജപാലനം കൂടുതൽ മനസ്സിലാക്കുവാൻ ഇടവക വൈദികരോടൊത്ത് കൂടുതൽ സമയം ചെലവഴിക്കുക.
6. മിഷൻ മേഖലയിൽ പ്രവർത്തിക്കുന്ന പ്രേഷിതരെയും അവരുടെ കുടുംബങ്ങളെയും ആദരിക്കുകയും അവരുമായി സ്നേഹസംവാദങ്ങൾ നടത്തുകയും ചെയ്യുക.

ഓരോ ക്രൈസ്തവകൂട്ടായ്മയും ദൈവവിളിയുടെ ജന്മഗൃഹമാകട്ടെയെന്നും എല്ലാ സഭാമക്കളും ആഗോള സഭാബോധത്തിലേക്ക് വളരട്ടെയെന്നും പ്രാർത്ഥിച്ചുകൊണ്ട്,

**ബിഷപ്പ് ഡോ. വിൻസെന്റ് സാമുവൽ**
ചെയർമാൻ, കെസിബിസി വൊക്കേഷൻ കമ്മീഷൻ

**ബിഷപ്പ് ഡോ. യൂഹാന്നോൻ മാർ ക്രിസോസ്റ്റം**
വൈസ് ചെയർമാൻ, കെസിബിസി വൊക്കേഷൻ കമ്മീഷൻ

**ബിഷപ് മാർ ജേക്കബ് മുരിക്കൻ**
വൈസ് ചെയർമാൻ, കെസിബിസി വൊക്കേഷൻ കമ്മീഷൻ



**ഇടുക്കി രൂപതയ്ക്കായി**
**ഏപ്രിൽ 25-ാം തീയതി വൈദികപട്ടം**
**സ്വീകരിച്ച ഫാ. കുര്യൻ കമുകുംമറ്റത്തിന്**
**അഭിനന്ദനങ്ങൾ... ഭാവുകങ്ങൾ!**

# രൂപതക്കച്ചേരി

## C. 33/16 Presbyterium

The Annual meeting of the Presbyterium of our Eparchy will be held on Wednesday 22nd June 2016 at Atmajyothy, Adimali from 10 a.m. to 4 p.m.

## C. 34/16 ആണ്ടുതിരട്ട്

2016 മാർച്ച് 31-ന് അവസാനിച്ച സാമ്പത്തിക വർഷത്തെ വാർഷിക കണക്ക് ഇനിയും ഏൽപ്പിക്കുവാനുള്ളവർ ജൂൺ 30-ന് മുൻപ് അത് രൂപതാ കച്ചേരിയിൽ ഏല്പ്പിക്കുന്ന കാര്യം ഓർമ്മിപ്പിക്കുന്നു. സ്റ്റേഷൻ പള്ളികളുടെ കണക്കുകളും ഏല്പിക്കേണ്ടതാണ്. അതോടൊപ്പം കച്ചേരിയിൽ സൂക്ഷിക്കുന്നതിനായി മാമ്മോദീസാ, വിവാഹം, മരണം എന്നീ രജിസ്റ്ററുകളുടെ പകർപ്പുകൾ നിശ്ചിത ഫാറത്തിൽ രേഖപ്പെടുത്തി രൂപതാകച്ചേരിയിൽ ഏല്പ്പിക്കുമല്ലോ. ഭദ്രാസന ഫീസിനോടൊപ്പം എല്ലാ ഇടവകകളിൽ നിന്നും ബഹു. വൈദികരുടെ 13-ാം മാസത്തെ അലവൻസും രൂപതാകച്ചേരിയിൽ ഏല്പ്പിക്കേണ്ടതാണ്. 13-ാം മാസ അലവൻസ് ഏല്പ്പിക്കേണ്ട തുക 7000 രൂപയാണ്.

## C. 35/16 Monthly Recollection for Priests

മെയ് മാസത്തെ പഠനവിഷയം: കാരുണ്യത്തിന്റെ മുഖം (MISERICORDIAE VULTUS - കാരുണ്യത്തിന്റെ അസാധാരണ ജൂബിലി പ്രഖ്യാപിച്ചുകൊണ്ടുള്ള കല്പന) 12-13 നമ്പറുകൾ ബഹു. വൈദികർ ഒരുമിച്ചുകൂടി വായിച്ച് ചർച്ച ചെയ്യുന്നു.

## C. 36/16 രൂപതാ ഡിറക്ടറിയിലേക്കുള്ള വിവരങ്ങൾ

രൂപതാ ഡിറക്ടറിയിൽ ഏതെങ്കിലും തിരുത്തലുകളോ, അഡ്രസ്സു മാറ്റമോ, പുതിയ വിവരങ്ങളോ ചേർക്കാനുണ്ടെങ്കിൽ ബന്ധപ്പെട്ടവർ 2016 മെയ് 31-ാം തീയതിക്കകം വിവരം രൂപതാ ചാൻസലറെ അറിയിക്കേണ്ടതാണ്.



## C. 37/16 മ്ശംശാന, ഹെവ്പ്പദ്യാക്ക്ന, കാറോയ പട്ടങ്ങളുടെ സ്വീകരണം

2015-2016 വർഷത്തിൽ മ്ശംശാന, ഹെവ്പ്പദ്യാക്ക്ന, കാറോയ പട്ടങ്ങൾ സ്വീകരിച്ച സെമിനാരി വിദ്യാർത്ഥികൾ.

### മ്ശംശാന പട്ടം

| | | |
|---|---|---|
| കമുകുമറ്റത്തിൽ കുര്യൻ | - | പെരിഞ്ചാംകുട്ടി |
| ഇരട്ടച്ചിറയിൽ അബ്രാഹം | - | നീലിവയൽ |
| ഞവരക്കാട്ട് മാത്യു | - | വിമലഗിരി |
| തകരപ്പിള്ളിൽ മാത്യു | - | നാരകക്കാനം |
| വെട്ടിക്കൽ ജോസഫ് | - | കനകക്കുന്ന് |
| വടക്കേ ഈന്തോട്ടത്തിൽ തോമസ് | - | കരിമ്പൻ |
| കരിന്തകരയ്ക്കൽ ആന്റണി | - | മൈലാടുംപാറ |
| വെട്ടുകല്ലേൽ ജോസഫ് | - | വിമലഗിരി |
| കുഴിപ്പിള്ളിൽ ഫ്രാൻസീസ് | - | നെടുംകണ്ടം |
| കൊച്ചീത്തറ ജോർജ്ജ് | - | വട്ടപ്പാറ |
| കൈതോലിൽ ജോർജ്ജ് | - | ഇരുമ്പുപാലം |
| കൊച്ചോഴത്തിൽ ജോസഫ് | - | ഉദയഗിരി |
| അക്കൂറ്റ് ജോസഫ് | - | ഇരട്ടയാർ |
| വാഴയിൽ തോമസ് | - | തങ്കമണി |
| മാതാളികുന്നേൽ ജോസഫ് | - | വിമലഗിരി |
| മേയ്ക്കൽ മാത്യു | - | വെൺമണി |

### ഹെവ്പ്പദ്യാക്ക്ന പട്ടം

| | | |
|---|---|---|
| ഐക്കരപ്പറമ്പിൽ ജോസഫ് | - | എഴുകുംവയൽ |
| വട്ടപ്പാറയിൽ ജോസഫ് | - | മുളകുവള്ളി |
| കുത്തനാപ്പിള്ളിൽ അഗസ്റ്റിൻ | - | വാഴത്തോപ്പ് |
| കോലത്തുപടവിൽ ജോർജ്ജ് | - | ഇരുമ്പുപാലം |
| മേനാംതുണ്ടത്തിൽ തോമസ് | - | ശാന്തിഗ്രാം |
| കുറ്റിക്കാട്ട് ജോസഫ് | - | തോപ്രാംകുടി |
| അയിലുക്കുന്നേൽ ജോസഫ് | - | കുതിരക്കല്ല് |

| | | |
|---|---|---|
| ഇളംപുരയിടത്തിൽ സെബാസ്റ്റ്യൻ | - | എഴുകുംവയൽ |
| പള്ളിവാതുക്കൽ ജോർജ്ജ് | - | ഇരട്ടയാർ |
| വരകിൽ ജോസഫ് | - | ചുരുളി |
| ഉരോത്ത് ജോൺ | - | ഇരട്ടയാർ |
| മനക്കലേട്ട് സെബാസ്റ്റ്യൻ | - | കോഴിമല |

**കാറോയ പട്ടം**

| | | |
|---|---|---|
| കൈപ്പയിൽ സ്കറിയ | - | ശാന്തിഗ്രാം |
| മേക്കുന്നേൽ ജോസഫ് | - | മഞ്ഞപ്പെട്ടി |
| പുളിക്കക്കുന്നേൽ ജോസഫ് | - | വാഴത്തോപ്പ് |
| ഉദയംപാറയിൽ ജോസഫ് | - | മാലിപ്പാറ |
| കണ്ണംപ്ലാക്കൽ തോമസ് | - | കഞ്ഞിക്കുഴി |

## C. 38/16 തിരുനാൾ ആശംസകൾ

| | |
|---|---|
| റവ. ഫാ. ഫിലിപ്പ് ഐക്കര | മെയ് 3 |
| റവ. ഫാ. ഫിലിപ്പ് മറ്റം | ” |
| റവ. ഫാ. ഫിലിപ്പ് പാറയ്ക്കൽ | ” |
| റവ. ഫാ. ഫിലിപ്പ് പെരുന്നാട്ട് | ” |
| റവ. ഫാ. ഫിലിപ്പ് താഴത്തുവീട്ടിൽ | ” |

# ക്രിസ്തുജ്യോതി

## CJ. 30/16 ട്രോഫികൾ

2014-15 അദ്ധ്യയന വർഷം സമ്മാനമായി ലഭിച്ച ട്രോഫികൾ എത്രയും വേഗം ക്രിസ്തുജ്യോതി ഓഫീസിൽ തിരിച്ചേൽപ്പിക്കണ മെന്ന് പ്രത്യേകം ഓർമ്മിപ്പിക്കുന്നു.

## CJ. 31/16 അദ്ധ്യയന വർഷാരംഭം 2016-2017

നമ്മുടെ രൂപതയിൽ 2016-2017 അദ്ധ്യായനവർഷം മെയ് 29 ന് ആരംഭിക്കുന്നു. ബഹുമാനപ്പെട്ട വികാരിയച്ചന്റെ നേതൃത്വത്തിൽ



മതാദ്ധ്യാപകർ ഒന്നിച്ചുകൂടി കഴിഞ്ഞ വർഷത്തെ പ്രവർത്തനങ്ങൾ വിലയിരുത്തുകയും പുതിയ അദ്ധ്യയന വർഷം കൂടുതൽ കാര്യക്ഷ മമാക്കാനുള്ള പദ്ധതികൾ മുൻകൂട്ടി പ്ലാൻ ചെയ്യുകയും ചെയ്യുമല്ലോ.

## CJ. 32/16 സപ്ലിമെന്ററി പരീക്ഷ X, XII

ഏപ്രിൽ മാസം നടന്ന ആനുവൽ പരീക്ഷയിൽ X, XII ക്ലാസു കളിൽ പരാജയപ്പെട്ട കുട്ടികൾക്കായി ജൂൺമാസം 11 -ാം തീയതി ശനിയാഴ്ച സപ്ലിമെന്ററി പരീക്ഷ ഉണ്ടായിരിക്കും 10.00 am ന് അതാതു ഫൊറോനകളിൽ വെച്ചായിരിക്കും പരീക്ഷ നടക്കുക.

## CJ. 33/16 സൺഡേ സ്കൂൾ ബാഗ്

സൺഡേ സ്കൂൾ കുട്ടികൾക്കായി ബാഗ് തയ്യാറായിട്ടുണ്ട് വില 60,110.

## CJ. 34/16 സുവിശേഷോത്സവ് 2016

നമ്മുടെ രൂപതയിൽ നടത്തപ്പെട്ട സുവിശേഷോത്സവ് 2016 വിജയകരമാക്കാൻ പരിശ്രമിച്ച ബഹു. വികാരിയച്ചൻമാർ മതാദ്ധ്യാ പകർ, പി.ടി.എ പ്രതിനിധികൾ ഭക്തസംഘടനകൾ എന്നിവർക്ക് പ്രത്യേകമായ അഭിനന്ദനങ്ങൾ.

## CJ. 35/16 S.S.C, H.C.C റിസൽറ്റ്

സൺഡേസ്കൂൾ വാർഷിക പരീക്ഷയുടെ റിസൽറ്റ് മെയ് 10-ാം തീയതി മുതൽ ഓഫിസിൽ നിന്നും ലഭിക്കുന്നതാണ്.

## CJ. 36/16 സൺഡേസ്കൂൾ വാർഷിക കൺവെൻഷൻ

നമ്മുടെ രൂപതയിലെ സൺഡേസ്കൂളുകളുടെ വാർഷിക കൺവെൻഷൻ മെയ് 28-ാം തീയതി ശനിയാഴ്ച വാഴത്തോപ്പ് സെന്റ് ജോർജ്ജ് സൺഡേ സ്കൂളിൽ വച്ച് നടക്കുന്നു. രാവിലെ 9.00 am ന് വിശുദ്ധ കുർബാനയോടെ കൺവെൻഷൻ ആരംഭിക്കുന്നു. എല്ലാ സൺഡേസ്കൂളിലേയും H.M., Staff Secretory, സുവിശേഷോത്സവ് ആനിമേറ്റേഴ്സ് എന്നിവർ നിർബന്ധമായും കൺവെൻഷനിൽ പങ്കെ ടുക്കേണ്ടതാണ്. അടുത്ത വർഷത്തേക്കുള്ള സൺഡേ സ്കൂൾ ഫയൽ കൺവെൻഷനിൽവച്ച് നൽകുന്നതാണ്. സൺഡേ സ്കൂൾ

സ്കോളർഷിപ്പു സമ്മാനങ്ങൾ (ആദ്യത്തെ മൂന്ന് റാങ്കുകാർക്ക്), ലോഗോസ് ക്വിസ് സമ്മാനങ്ങൾ (ആദ്യത്തെ മൂന്ന് റാങ്കുകാർക്ക്) ടീച്ചേഴ്സ് അവാർഡുകൾ, സൺഡേ സ്കൂൾ ഗ്രേഡ് സർട്ടിഫിക്കറ്റുകൾ, സൺഡേ സ്കൂൾ ടൈംസ് സമ്മാനം എന്നിവ കൺവെൻഷനിൽവച്ച് നൽകുന്നതാണ്. രജി ഫീസ് Rs. 50.

**CJ. 37/16 രൂപതാതല സ്കോളർഷിപ്പ് റിസൽറ്റ്**

**CLASS IV**

1. CINTA MARIA THOMAS PAZHOOR
   ST. GEORGE SUNDAY SCHOOL VAZHATHOPE.
2. ANN MARIA SIJO, MANGALATHU.
   ST. GEORGE SUNDAY SCHOOL VAZHATHOPE.
3. JOFNA JOHN PUNNATHANIYIL
   ST. GEORGE SUNDAY SCHOOL VAZHATHOPE.
4. DONCY DONNISH, EDAYADIYIL
   ST. THOMAS SUNDAY SCHOOL, ERATTAYAR.

**CLASS V**

1. MINNU EMMANUEL, ASSARIKUDIYIL.
   ST. GEORGE SUNDAY SCHOOL VAZHATHOPE.
2. ANJO SAJI, PUTHUSSERIKKUNNEL.
   ST. GEORGE SUNDAY SCHOOL VAZHATHOPE.
3. DENNA TOMY, KAROTTUKUNNEL.
   ST. GEORGE SUNDAY SCHOOL VAZHATHOPE.
4. ALANTA SHIBU, KOVOOR.
   CHRISTHURAJ SUNDAY SCHOOL, RAJAKKADU

**CLASS VI**

1. MANU EMMANUEL, ASSARIKUDIYIL.
   ST. GEORGE SUNDAY SCHOOL VAZHATHOPE.
2. JINTA TERESA THOMAS, PAZHOOR.
   ST. GEORGE SUNDAY SCHOOL VAZHATHOPE.
3. ANCE JIMMY, KUTHANAPILLIL.
   ST. GEORGE SUNDAY SCHOOL VAZHATHOPE.



4. ROSEMARIA ROY, KADANKAVIL.
   ST. JOSEPH SUNDAY SCHOOL PANAMKUTTY.

**CLASS VII**

1. AMANTA BENNY, PALAKKUNNEL.
   ST. GEORGE SUNDAY SCHOOL VAZHATHOPE.
   JISMY JOHNSON, KALAPURACKAL.
   ST. GEORGE SUNDAY SCHOOL VAZHATHOPE.
2. LEO JIGI, KOOTTUMKAL,
   ST. GEORGE SUNDAY SCHOOL VAZHATHOPE.
   CHRISTEENA SAJEEV, KOLLAYE
   ST. GEORGE SUNDAY SCHOOL, PARATHODE.
3. ALEENA SHAJI, PADIANICKAL.
   ST. MARY'S SUNDAY SCHOOL, MURICKASSERY.
4. ASHA PHILIP, NADUKKARA.
   CHRISTHURAJ SUNDAY SCHOOL, RAJAKKADU

**CLASS VIII**

1. ANUMARIA SAJI, PUTHUSSERIKUNNEL
   ST. GEORGE SUNDAY SCHOOL VAZHATHOPE.
2. ALINTA GEORGE, PARAYIL.
   ST. ANTONY'S SUNDAY SCHOOL, KAMAKSHY.
   ALAN SHIJO, NELLIKKUNNEL.
   ST. FRANCIS ASSISI SUNDAY SCHOOL, MACHIPLAVU
3. FLYONA JOSEPH, KOOTTUMKAL.
   ST. MARY'S SUNDAY SCHOOL, MURICKASSERY.
4. DILNA SEBASTIAN, PARAMBIL.
   ST. MARY'S SUNDAY SCHOOL, MURICKASSERY.

**CLASS IX**

1. ANNIEJIMMY, KUTHANAPPILLIL.
   ST. GEORGE SUNDAY SCHOOL VAZHATHOPE.
2. JOSNA GEORGE, KALLATTU
   ST. GEORGE SUNDAY SCHOOL VAZHATHOPE.

3. ATHIRA ROY PUTHUSSERIKUNNEL.
   ST. GEORGE SUNDAY SCHOOL VAZHATHOPE.
4. FEBA ANNA SURESH, EDAYODIYIL.
   ST. MARY'S SUNDAY SCHOOL, MURICKASSERY.

**CLASS X**

1. SANDRA DAVIS, MUNDACKAL
   ST. GEORGE SUNDAY SCHOOL VAZHATHOPE.
2. AMAL BENNY, PATHIKATTIL
   ST. MARY'S SUNDAY SCHOOL, MURICKASSERY.
3. MINNU TERESA, JAMES ANGADIYIL.
   ST. ANTONY'S SUNDAY SCHOOL , KAMAKSHY
   MANJU JOY EDAPPATTU.
   FATHIMA MATHA SUNDAY SCHOOL, KOOMPANPARA.
4. JOYENA JOY THANNIKUNNEL
   ST. GEORGE SUNDAY SCHOOL VAZHATHOPE.
   SHOYAL AUGUSTINE NALLANIRAPPEL
   ST. THOMAS SUNDAY SCHOOL THANKAMANY.

## CORPORATE EDUCATIONAL AGENCY

### Edn. 16/16 മാർഗ്ഗദർശന സെമിനാർ

ഈ വർഷം +2 പരീക്ഷ പാസായി തുടർപഠനം നടത്തുവാൻ ആഗ്രഹിക്കുന്ന കുട്ടികൾക്കായി തുടർപഠന സാദ്ധ്യതകളും സാഹചര്യങ്ങളും പരിചയപ്പെടുത്തുന്നതിനായി ഇടുക്കി രൂപതാ വിദ്യാഭ്യാസ ഏജൻസിയുടെ ആഭിമഖ്യത്തിൽ ഒരു ഏകദിന സെമിനാർ നടത്തുന്നു. 2016 മെയ് 18 ബുധനാഴ്ച 10.00 am മുതൽ 3.30 pm വരെ മുരിക്കാശ്ശേരി പാവനാത്മാ കോളേജിൽവച്ചാണ് സെമിനാർ നടത്തുക. കരിയർ ഗൈഡൻസ് മേഖലയിൽ പരിചയസമ്പന്നരായ വ്യക്തികൾ ക്ലാസ്സുകൾക്ക് നേതൃത്വം നൽകുന്നതാണ്. ഈ സെമിനാറിന്റെ വിവരം നമ്മുടെ പള്ളികളിൽ അറിയിച്ചു താൽപര്യമുള്ളവരെ ഇതിൽ പങ്കെടുക്കുവാൻ പറഞ്ഞുവിടുമല്ലോ.



### Edn. 17/16 അദ്ധ്യാപക നിയമനം

നമ്മുടെ ഹയർസെക്കണ്ടറി സ്കൂളുകളിൽ ഇക്കണോമിക്സ് വിഭാഗത്തിൽ (1 ഒഴിവ്) അദ്ധ്യാപക നിയമനത്തിനുള്ള അപേക്ഷകൾ ക്ഷണിക്കുന്നു. നിശ്ചിത യോഗ്യതയുള്ളവർ മെയ് 25-ന് മുമ്പ് രൂപതാ ഓഫീസിൽ അപേക്ഷകൾ സമർപ്പിക്കേണ്ടതാണ്.

## സോഷ്യൽ സർവ്വീസ്

### SS 28/16 ഹൈറേഞ്ച് ഡെവലെപ്മെന്റ് സൊസൈറ്റിക്ക് നബാർഡിന്റെ ബാങ്ക് ലിങ്കേജ് അവാർഡ്

ദേശീയ ഗ്രാമീണ വികസന ബാങ്കായ നബാർഡിന്റെ 2014 - 15 വർഷത്തെ സ്വാശ്രയ സംഘംബാങ്ക് ലിങ്കേജ് അവാർഡിന് ഹൈറേഞ്ച് ഡെവലെപ്മെന്റ് സൊസൈറ്റി തെരഞ്ഞെടുക്കപ്പെട്ടു. സന്നദ്ധ സംഘടനകളുടെ വിഭാഗത്തിൽ സംസ്ഥാനത്തെ മികച്ച രണ്ടാമത്തെ സന്നദ്ധ സംഘടനയായിട്ടാണ് ഹൈറേഞ്ച് ഡെവലെപ്മെന്റ് സൊസൈറ്റി പ്രഖ്യാപിക്കപ്പെട്ടത്. സ്വാശ്രയ സംഘങ്ങൾ, സംഘം ഫെഡറേഷൻ, ജെ.എൽ.ജി. ഇവയെ കൃഷി ഉൾപ്പെടെയുള്ള വിവിധ വരുമാന വർദ്ധന പരിപാടികൾക്കായി ബാങ്കുമായി ബന്ധപ്പെടുത്തി ലോൺ നല്കുന്നതിനും, പദ്ധതികൾ ഫലപ്രദമായി നടപ്പിലാക്കുന്നതിനും, ലോൺ യഥാസമയം തിരിച്ചടക്കുന്നതിനും നല്കുന്ന സേവനം പരിഗണിച്ചാണ് അവാർഡ്. സൊസൈറ്റിയുടെ കീഴിലുള്ള 730 സ്വാശ്രയ സംഘങ്ങളിൽ 425 സംഘങ്ങൾ 5 കോടി 30 ലക്ഷം രൂപ വിവിധ സംരംഭങ്ങൾക്കായി ബാങ്കുകളിൽ നിന്നും ലോൺ എടുത്തിരുന്നു. കൂടാതെ 105 ജെ.എൽ.ജി. കളിലായി 1 കോടി 5 ലക്ഷം രൂപയും ലോൺ എടുത്തിരുന്നു. ഈ തുക കൃത്യമായി തിരിച്ചടച്ച് വരുന്നു.

മാർച്ച് 8 ന് തിരുവനന്തപുരം തൈക്കാട് ഗാന്ധിജി സ്മാരക നിധി ഓഡിറ്റോറിയത്തിൽ നടത്തിയ ചടങ്ങിൽ വച്ച് സൊസൈറ്റി ഡയറക്ടർ ഫാ. സെബാസ്റ്റ്യൻ കൊച്ചുപുരക്കൽ, ക്രെഡിറ്റ് യൂണിയൻ

രൂപതാ പ്രസിഡന്റ് ശ്രീമതി കുഞ്ഞമ്മ തോമസ്, പ്രോഗ്രാം ഓഫീസർ ശ്രീ. സിബി മാളിയേക്കൽ സി. ടെസ്സി കുര്യൻ SH എന്നിവർ ചേർന്ന് നബാർഡ് സി.ജി.എം. ശ്രീ. രമേശ് ടങ്കിളിന്റെ സാന്നിദ്ധ്യത്തിൽ റിസർവ്വ് ബാങ്ക് റീജണൽ മാനേജർ ശ്രീ. നിഷാൽ ചന്ദിൽ നിന്നും സർട്ടിഫിക്കറ്റും ഫലകവും ഏറ്റു വാങ്ങി.

## SS 29/16 ക്യാൻസർ ബോധവൽക്കരണ സെമിനാറും സൗജന്യ മെഡിക്കൽ ക്യാമ്പും

ഇടുക്കി രൂപതാ സാമൂഹ്യക്ഷേമ വിഭാഗമായ ഹൈറേഞ്ച് ഡെവലെപ്മെന്റ് സൊസൈറ്റിയുടെ കീഴിലുള്ള ഗിരിജ്യോതി ക്രെഡിറ്റ് യൂണിയനും മർച്ചന്റ് അസോസിയേഷൻ രാജാക്കാട് യൂണിറ്റും സംയുക്തമായി സംഘടിപ്പിച്ച ക്യാൻസർ ബോധവൽക്ക രണ സെമിനാറും സൗജന്യ മെഡിക്കൽ ക്യാമ്പും 2016 മാർച്ച് 13 ഞായർ രാവിലെ 10 മുതൽ 3 വരെ രാജാക്കാട് ക്രിസ്തുരാജാ പാരീഷ് ഹാളിൽ നടന്നു. കോട്ടയം കാരിത്താസ് ക്യാൻസർ ഇൻസ്റ്റിറ്റ്യൂട്ടിലെ ക്യാൻസർ രോഗ വിദഗ്ദൻ ഡോ. സഞ്ചു സിറിയക് ക്ലാസ്സ് നയിച്ചു. പ്രഗദ്ഭരായ ഡോക്ടർമാർ ക്യാമ്പിന് നേതൃത്വം നൽകി. ക്യാമ്പിൽ 40 ഓളം പേർ രോഗനിർണ്ണയം നടത്തുകയും ആയിരത്തിലധികം ആളുകൾ ബോധവൽക്കരണ സെമിനാറിൽ പങ്കെടുക്കുകയും ചെയ്തു.

നമ്മുടെ മേഖലയിൽ വലിയ നാശം വിതച്ചുകൊണ്ട് പടർന്നു പിടിക്കുന്ന രോഗമാണ് ക്യാൻസർ. വലിയ ജാഗ്രതയോടെ ശ്രമിച്ചാൽ ഈ രോഗത്തിന്റെ വ്യാപനം നിയന്ത്രിക്കുവാനും, പ്രാരംഭത്തിൽ തന്നെ രോഗനിർണ്ണയം നടത്തിയാൽ ചികിത്സിച്ച് ഭേദമാക്കുവാനും കഴിയും. ആയതിനാൽ ഈ രോഗത്തിനെതിരെ നടത്തുന്ന ചെറുത്ത് നിൽപ്പിന്റെ ഭാഗമായിട്ടാണ് കോട്ടയം കാരിത്താസ് ക്യാൻസർ ഇൻസ്റ്റിറ്റൂട്ടുമായി സഹകരിച്ച് ഈ പരിപാടി ഒരുക്കിയത്. ഹൈറേഞ്ച് ഡെവലെപ്മെന്റ് സൊസൈറ്റി എക്സിക്യൂട്ടീവ് ഡയറക്ടർ ഫാ. സെബാസ്റ്റ്യൻ കൊച്ചുപുരക്കൽ, രാജാക്കാട് ക്രെഡിറ്റ് യൂണിയൻ രക്ഷാധികാരി ഫാ. അബ്രാഹം പുറയാറ്റ്, രാജാക്കാട് മർച്ചന്റ് അസോസിയേഷൻ യൂണിറ്റ് പ്രസിഡന്റ് ടി.ജി. ശശികുമാർ,ബ്രദർ



തോമസ് ഉറുമ്പിൽ, ജിജി മുണ്ടക്കാട്ട്, മോളി പാലക്കാട്ടുതോട്ടത്തിൽ എന്നിവർ പരിപാടികൾക്ക് നേതൃത്വം നൽകി.

## SS 30/16 ഗിരിജ്യോതി ട്രൈബൽ എൽ.പി. സ്കൂൾ വാർഷികം

ഇടുക്കി രൂപതാ സാമൂഹ്യക്ഷേമ വിഭാഗമായ ഹൈറേഞ്ച് ഡെവലെപ്മെന്റ് സൊസൈറ്റിയുടെ നേതൃത്വത്തിൽ മറയൂർ പഞ്ചായത്തിൽ കൂടയ്ക്കാട്ടുകുടി ആദിവാസി സെറ്റിൽമെന്റിൽ പ്രവർത്തിക്കുന്നഗിരിജ്യോതി ട്രൈബൽ എൽ.പി. സ്കൂളിന്റെ വാർഷികം മാർച്ച് 4 ന് ഉച്ചകഴിഞ്ഞ് 2.30 ന് നടത്തി. മറയൂർ ഗ്രാമ പഞ്ചായത്ത് പ്രസിഡന്റ് ശ്രീ. ജോമോൻ തോമസ് അദ്ധ്യക്ഷത വഹിച്ച യോഗത്തിന് ഹൈറേഞ്ച് ഡെവലെപ്മെന്റ് സൊസൈറ്റി ഡയറക്ടർ റവ. ഫാ. സെബാസ്റ്റ്യൻ കൊച്ചുപുരക്കൽ സ്വാഗതം ആശംസിച്ചു. ദേവികുളം എം.എൽ.എ. ശ്രീ. എസ്. രാജേന്ദ്രൻ ഉദ്ഘാടനം ചെയ്തു. മറയൂർ ബ്ലോക്ക് പഞ്ചായത്ത് വൈസ് പ്രസിഡന്റ് ശ്രീമതി ഉഷാ ഹെൻട്രി ജോസഫ് മുഖ്യപ്രഭാഷണം നടത്തി. മറയൂർ ട്രൈബൽ ഓഫീസർ ശ്രീ. ഹരിലാൽ, മറയൂർ പഞ്ചായത്ത് മെമ്പർമാരായശ്രീമതി ദീപാ അരുൾ ജ്യോതി, എൻ. ആരോഗ്യദാസ്, സ്കൂൾ അസിസ്റ്റന്റ് മാനേജർ സി. സ്നേഹ തോമസ്, എച്ച്.ഡി.എസ്. പ്രോഗ്രാം ഓഫീസർ ശ്രീ. സിബിമാളിയേക്കൽ, റ്റി.ഡി.എഫ്. ഫീൽഡ് കോഡിനേറ്റർ കുമാരി മായാദേവി, മറയൂർ ജലനിധി പ്രോജക്ട് കോഡിനേറ്റർ ശ്രീ. ഷിനോജ്, ഊര് മൂപ്പൻ ശ്രീ. കണ്ണൻ തിരുപ്പാൽ എന്നിവർ ആശംസകൾ അർപ്പിച്ച് സംസാരിച്ചു. തുടർന്ന് കുട്ടികളുടെ വിവിധ കലാപരിപാടികളും, ക്യാൻസർ ബോധവൽക്കരണ സെമിനാറും, സിനിമാപ്രദർശനവും നടത്തി.

## SS 31/16 എച്ച്.ഐ.വി. ബാധിതരുടെ കൂട്ടായ്മ

ജില്ലയിലെ എച്ച്.ഐ.വി. ബാധിതരുടെ കൂട്ടായ്മ മാർച്ച് 12-ാം തീയതി കരിമ്പൻ സെന്റ് മേരീസ് പാരീഷ് ഹാളിൽ വച്ച് നടത്തപ്പെട്ടു. രാവിലെ 10.30 ന് ആരംഭിച്ച മീറ്റിംഗ് ഇടുക്കി രൂപതാദ്ധ്യക്ഷൻ മാർ മാത്യുആനിക്കുഴിക്കാട്ടിൽ ഉദ്ഘാടനം ചെയ്തു. എച്ച്.ഐ.വി. കൂട്ടായ്മ ആനിമേറ്റർ ശ്രീമതി സോയിക്കുട്ടി മീറ്റിംഗിന് സ്വാഗതം ആശംസിച്ചു. ഹൈറേഞ്ച് ഡെവലെപ്മെന്റ് സൊസൈറ്റി ഡയറക്ടർ

റവ. ഫാ. സെബാസ്റ്റ്യൻ കൊച്ചുപുരക്കൽ ആമുഖ പ്രഭാഷണം നടത്തി. ഇടുക്കി മെഡിക്കൽ കോളേജ് ചെസ്റ്റ് വിഭാഗം മേധാവി ഡോ. ഷിനോബി കുര്യൻ ക്ലാസ്സെടുത്തു. 86 കുടുംബങ്ങളിൽ നിന്നായി 160 ഓളം അംഗങ്ങൾ കൂട്ടായ്മയിൽ പങ്കെടുത്തു. ഉച്ചഭക്ഷണത്തിനുശേഷം ഒരാൾക്ക് 4800/- രൂപ വിലവരുന്ന ഭക്ഷ്യസാധനങ്ങളുടെ കിറ്റുകൾ ഗവൺമെന്റിന്റെ സഹായത്തോടെ വിതരണം ചെയ്തു. പരിപാടികൾക്ക് എച്ച്.ഡി.എസ്. ഡയറക്ടർ ഫാ. സെബാസ്റ്റ്യൻ കൊച്ചുപുരക്കൽ, ശ്രീ. എബിൻ കുറുന്താനത്ത്, ശ്രീ. സിജോ കിഴക്കേടത്ത്, ശ്രീ. ഡെന്നിസ് എന്നിവർ നേതൃത്വം നൽകി.

### SS 32/16 ഹരിതഗ്രാമം പദ്ധതി വിലയിരുത്തൽ

ഹൈറേഞ്ച് ഡെവലെപ്മെന്റ് സൊസൈറ്റി നബാർഡിന്റെ സാമ്പത്തിക സഹായത്തോടുകൂടി മഞ്ഞപ്പാറയിൽ നടപ്പിലാക്കുന്ന ഹരിതഗ്രാമം പദ്ധതിയുടെ കഴിഞ്ഞ ഒരു വർഷത്തെ പ്രവർത്തനങ്ങളുടെ വിലയിരുത്തലും ഫീൽഡ് സന്ദർശനവും 15/02/2016 ൽ നടന്നു. നബാർഡ് പ്രോജക്ട് ഓഫീസേഴ്സ് ശ്രീ. പൊന്നമ്പലം എ., ശ്രീ. ധനഞ്ജയ് എന്നിവർ നേതൃത്വം നൽകി.

### SS 33/16 ക്യാൻസർ ബോധവൽക്കരണ സെമിനാറുകൾ

മലയോര മേഖലയിൽ പടർന്നുപിടിക്കുന്ന ക്യാൻസറിനെതിരെ ജാഗ്രത പുലർത്താൻ ആഹ്വാനം ചെയ്തുകൊണ്ടും, ജീവിതശൈലിയിലും ഭക്ഷണക്രമത്തിലും മാറ്റങ്ങൾ വരുത്തേണ്ടതിന്റെ ആവശ്യകതയെപ്പറ്റി പ്രതിപാദിച്ചുകൊണ്ടും, കൊച്ചുകുട്ടികൾ തുടങ്ങി ജീവിതത്തിന്റെ എല്ലാ തുറകളിലും ഒരു മാറ്റം അനിവാര്യമാണെന്ന് ഉദ്ബോധിപ്പിച്ചുകൊണ്ടും, ഹൈറേഞ്ച് ഡെവലെപ്മെന്റ് സൊസൈറ്റി വിവിധ സ്കൂളുകളിൽ ക്യാൻസർ ബോധവൽക്കരണ സെമിനാറുകൾനടത്തി വരുന്നു. സെന്റ ് ജെറോംസ് ഹൈസ്കൂൾ വെള്ളയാംകുടി, സെന്റ് സെബാസ്റ്റ്യൻസ് യു.പി. സ്കൂൾ നെടുങ്കണ്ടം, സെന്റ് മേരീസ് യു.പി. സ്കൂൾ മാങ്കുളം, സെന്റ് മേരീസ് യു.പി. സ്കൂൾ കരിമ്പൻ എന്നിവിടങ്ങളിലാണ് സെമിനാറുകൾ നടത്തിയത്. സെമിനാറുകൾക്ക് ബ്രദർ തോമസ് ഉറുമ്പിൽ നേതൃത്വം നൽകി.ക്യാൻസറിനെതിരെ ബോധവൽക്കരണ ലക്ഷ്യവുമായി



ഹൈറേഞ്ച് ഡെവലെപ്മെന്റ് സൊസൈറ്റി തയ്യാറാക്കിയ ''തണൽ മരം'' എന്ന ലഘു ചിത്രത്തിന്റെ പ്രദർശനവും നടത്തി.

### SS 34/16 ദേവികുളം ജയിൽസന്ദർശനം

പരിശുദ്ധ പിതാവ് ഫ്രാൻസീസ് പാപ്പായുടെ ആഹ്വാനമനുസരിച്ച് കരുണയുടെ വർഷം ആചരിക്കുന്ന ഈ അവസരത്തിൽ ഹൈറേഞ്ച് ഡെവലെപ്മെന്റ് സൊസൈറ്റി ആസൂത്രണം ചെയ്തിരിക്കുന്ന വിവിധ കാരുണ്യപ്രവർത്തനങ്ങളുടെ ഭാഗമായ ദേവികുളം സബ് ജയിൽ സന്ദർശനം 15/03/2016 ൽ നടത്തി. ഡയറക്ടർ ഫാ. സെബാസ്റ്റ്യൻ കൊച്ചുപുരക്കലിന്റെ നേതൃത്വത്തിൽ സ്റ്റാഫ്അംഗങ്ങൾഅടക്കമുള്ള 15 അംഗ ടീം ആണ് സന്ദർശനം നടത്തിയത്. സന്ദർശനവേളയിൽ ഡയറക്ടർ അച്ചൻ സ്നേഹത്തെയും പ്രത്യാശയെയും പറ്റി സന്ദേശം നല്കുകയും സ്റ്റാഫ് അംഗങ്ങൾ കലാപരിപാടികൾ അവതരിപ്പിക്കുകയും, ജയിൽ അന്തേവാസികൾക്ക് തങ്ങൾ തയ്യാറാക്കിയ ഭക്ഷണസാധനങ്ങൾ അടങ്ങുന്ന കിറ്റ് വിതരണം ചെയ്യുകയും ചെയ്തു. മുട്ടുകാട് പള്ളി വികാരി ഫാ. തോമസ് പുത്തൂർ ടീമിനൊപ്പം സന്നിഹിതനായിരുന്നു.

### SS 35/16 ചക്ക സംസ്ക്കരണ കേന്ദ്രം ഉദ്ഘാടനവും കമ്പനി ഷെയർ സർട്ടിഫിക്കറ്റ് വിതരണവും

നബാർഡിന്റെ സഹകരണത്തോടെ നെടുങ്കണ്ടം കേന്ദ്രമായി ഗ്രീൻ ഇടുക്കി പ്രൊഡ്യൂസർ കമ്പനിയുടെയും, കമ്പനിയുടെ കീഴിൽ ചക്ക സംസ്ക്കരണ കേന്ദ്രത്തിന്റെയും ഉദ്ഘാടനവും, കമ്പനിയുടെ ഷെയർ സർട്ടിഫിക്കറ്റ് വിതരണവും 2016 മാർച്ച് 17 വ്യാഴാഴ്ച മാവടി പള്ളിസിറ്റിയിലുള്ളസെന്റ ് തോമസ് ചർച്ച് ബിൽഡിംഗിൽ വച്ച് നടത്തി. വിവിധ കാർഷിക ഉത്പന്നങ്ങളുടെ മൂല്യവർദ്ധനവും വിപണനവും ലക്ഷ്യമിടുന്ന കമ്പനിയുടെ സംരംഭമായ ചക്ക സംസ്ക്കരണകേന്ദ്രം വഴി ചക്കയുടെ വിവിധ ഉത്പന്നങ്ങൾ വിപണനത്തിന് ഒരുക്കുകയും അതുവഴി ഈ മേഖലയുടെ സാമ്പത്തിക പുരോഗതിക്ക് പുതിയ ദിശാബോധം നലകുകയും ചെയ്യുന്നു. ഹൈറേഞ്ച് ഡെവലെപ്മെന്റ് സൊസൈറ്റിയാണ് കമ്പനിയുടെ പ്രാരംഭത്തിൽ സഹായ സംഘടനയായി പ്രവർത്തിക്കു

ന്നത്. ഗ്രീൻ ഇടുക്കി പ്രൊഡ്യുസർ കമ്പനി ചെയർമാൻ ശ്രീ. ജോജി ഇടപ്പള്ളിക്കുന്നേൽ അദ്ധ്യക്ഷത വഹിച്ച യോഗത്തിന് ഹൈറേഞ്ച് ഡെവലെപ്മെന്റ് സൊസൈറ്റി ഡയറക്ടർ ഫാ. സെബാസ്റ്റ്യൻ കൊച്ചുപുരക്കൽ സ്വാഗതം ആശംസിച്ചു. നബാർഡിന്റെ ഇടുക്കി ജില്ലാ ഡെവലെപ്മെന്റ് മാനേജർ ശ്രീ. അശോക് കുമാർ നായർ കമ്പനിയുടെ ഉദ്ഘാടനവും ഷെയർ സർട്ടിഫിക്കറ്റ് വിതരണവും നിർവ്വഹിച്ചു. നെടുങ്കണ്ടം ബ്ലോക്ക് പഞ്ചായത്തിലെ ആരോഗ്യ - വിദ്യാഭ്യാസ ചെയർമാൻ ശ്രീ. തോമസ് തെക്കേൽ കമ്പനിയുടെ വെബ്സൈറ്റ് പ്രകാശനംചെയ്തു. ഗ്രീൻ ഇടുക്കി പ്രൊഡ്യുസർ കമ്പനി രക്ഷാധികാരി ഫാ. ജോസഫ് കട്ടക്കയം അനുഗ്രഹപ്രഭാഷണം നടത്തി. ജില്ലാ വ്യവസായ കേന്ദ്രത്തിലെ അസിസ്റ്റന്റ് ഓഫീസർ ശ്രീ. രാജു ജോസ്, കമ്പനി സി.ഇ.ഒ. സി. ബിയ എം.എം.എസ്., വാർഡ് മെമ്പർ ശ്രീമതി ആലീസ് തോമസ് എന്നിവർ ആശംസകൾ അർപ്പിച്ച് സംസാരിക്കുകയും കമ്പനി സെക്രട്ടറി ശ്രീമതി സോഫി ജോർജ്ജ് കൃതജ്ഞത അർപ്പിക്കുകയും ചെയ്തു.

### SS 36/16 ക്യാൻസർ രോഗികൾക്ക് ധ്യാനം

ഹൈറേഞ്ച് ഡെവലെപ്മെന്റ് സൊസൈറ്റി കാരുണ്യവർഷത്തോടനുബന്ധിച്ച് രൂപതയിലെ ക്യാൻസർ രോഗികൾക്കായി ഒരു ധ്യാനം മാർച്ച് 6 മുതൽ 10 വരെ അടിമാലി ആത്മജ്യോതിയിൽ വച്ച് നടത്തി. ധ്യാനത്തിൽ 106 പേർ സംബന്ധിച്ചു. സൗജന്യമായി നടത്തിയ ഈ ധ്യാനത്തിന് ഫാ. സെബാസ്ത്യൻ കൊച്ചുപുരക്കൽ, ഫാ. തോമസ് ആനിക്കുഴിക്കാട്ടിൽ, ഫാ. ജോസ് ചിറ്റടിയിൽ, ബ്ര. ബിനോ മേമ്മുറി, ബ്ര. സാബു, ബ്ര. റോണി തുടങ്ങിയവർ നേതൃത്വം നൽകി.

### SS 37/16 കോഴികുഞ്ഞ് വിതരണം

ഭക്ഷ്യസുരക്ഷ ഉറപ്പാക്കുന്നതിന്റെ ഭാഗമായി ഗ്രാമശ്രീ, ഗ്രാമലക്ഷ്മി എന്നീ ഇനങ്ങളിൽപെട്ട1558 മുട്ടക്കോഴികുഞ്ഞുങ്ങളെ രാജമുടി, മുരിക്കാശ്ശേരി, കുഞ്ചിത്തണ്ണി, പൊട്ടൻകാട്, വെള്ളത്തൂവൽ തുടങ്ങിയ യൂണിറ്റുകളിലായി വിതരണം നടത്തി.



### SS 38/16 സേവ്-എ-ഫാമിലി പ്ലാൻ ടീം വിസിറ്റ്

മാർച്ച് 19, 20 തിയതികളിലായി സേവ്-എ-ഫാമിലി പ്ലാൻ ഇൻഡ്യ ടീം ലീഡർ ശ്രീ. ജോൺ സിറിൾ എച്ച്.ഡി.എസ്. ഓഫീസ് സന്ദർശിക്കുകയും ഡോക്കുമെന്റ്സും, കണക്കുകളും പരിശോധിക്കുകയും, പെരിഞ്ചാംകുട്ടി, രാജമുടി, സ്നേഹഗിരി, ഇടുക്കി, കരിമ്പൻ എന്നീ സ്ഥലങ്ങളിലെ ഭവനങ്ങൾ സന്ദർശിച്ച് പുരോഗതികൾ വിലയിരുത്തുകയും ചെയ്തു.

### SS 39/16 "ഹരിത നിറവ്" പദ്ധതിക്ക് തുടക്കം കുറിച്ചു

ഹൈറേഞ്ച് ഡെവലെപ്മെന്റ് സൊസൈറ്റി നബാർഡിന്റെ സഹായത്തോടെ രാജമുടിയിൽ നടപ്പിലാക്കുന്ന ഹരിത നിറവ് പദ്ധതിയുടെ ഭാഗമായി 1251500 രൂപവിവിധ കാർഷിക ആവശ്യങ്ങൾക്കായി പദ്ധതിപ്രദേശത്തുള്ള30 കർഷകർക്ക് വായ്പ നൽകി. എച്ച്.ഡി.എസ്. ഡയറക്ടർ റവ. ഫാ. സെബാസ്റ്റ്യൻ കൊച്ചുപുരക്കൽ പരിപാടി ഉദ്ഘാടനം ചെയ്തു. യൂണിറ്റ് രക്ഷാധികാരി റവ. ഫാ. ബെന്നോ പുതിയാപറമ്പിൽ, മുരിക്കാശ്ശേരി വെറ്ററിനറി ഡോക്ടർ വിനോദ്, രാജമുടി മിൽമാ പ്രസിഡന്റ് ശ്രീ. തോമസ് മുണ്ടിയാനിക്കൽ, പ്രോഗ്രാം കോഡിനേറ്റർമാരായ ശ്രീ. സിബി മാളിയേക്കൽ, ശ്രീ. എബിൻ കുറുന്താനം തുടങ്ങിയവർ ആശംസകൾ അർപ്പിച്ച് സംസാരിച്ചു. യൂണിറ്റ് പ്രസിഡന്റ് ശ്രീ. അഭിലാഷ് കുത്തനാപ്പിള്ളി, സെക്രട്ടറി ശ്രീമതി ഷേർളിജോയി എന്നിവർ പരിപാടികൾക്ക് നേതൃത്വം നൽകി.

### SS 40/16 പിന്നോക്ക വികസന കോർപ്പറേഷൻ ലോൺ വിതരണം

കേരള സംസ്ഥാന പിന്നോക്ക വിഭാഗ വികസന കോർപ്പറേഷന്റെ സഹായത്തോടെ ഹൈറേഞ്ച് ഡെവലെപ്മെന്റ് സൊസൈറ്റിയുടെ കീഴിൽ പ്രവർത്തിക്കുന്ന47 സ്വയം സഹായ സംഘങ്ങൾക്ക് 2378000 രൂപ വിവിധ സംരംഭങ്ങൾ നടപ്പിലാക്കുന്നതിനായി 7 ശതമാനം പലിശ നിരക്കിൽ വിതരണം ചെയ്തു. വിതരണോദ്ഘാടനം ഏപ്രിൽ 5-ാം തിയതി ഹൈറേഞ്ച് ഡെവലെപ്മെന്റ് സൊസൈറ്റിയുടെ മരിയാപുരം ഓഫീസിൽ വച്ച് ചെറുതോണി ബ്രാഞ്ച് മാനേജർ ശ്രീമതി ബിന്ദു നിർവ്വഹിച്ചു. എച്ച്.ഡി.എസ്.

ഡയറക്ടർ ഫാ. സെബാസ്റ്റ്യൻ കൊച്ചുപുരക്കൽ, ക്രെഡിറ്റ് യൂണിയൻ രൂപതാ പ്രസിഡന്റ് ശ്രീമതി കുഞ്ഞമ്മ തോമസ്, കോർഡിനേറ്റർമാരായ ശ്രീ. സിബി മാളിയേക്കൽ, സി. ആൽബി എസ്.എ.ബി.എസ്. എന്നിവർ പങ്കെടുത്തു.

## SS 41/16 സ്കോളർഷിപ്പ് വിതരണം

ഹൈറേഞ്ച് ഡെവലെപ്മെന്റ് സൊസൈറ്റി ലില്ലിയാനെ ഫൗണ്ടേഷന്റെ സഹായത്തോടെ ഭിന്നശേഷിയുള്ള 78 കുട്ടികൾക്ക് പഠന ആരോഗ്യ സ്കോളർഷിപ്പായി 421000/- രൂപ വിതരണം ചെയ്തു.

## SS 42/16 വനിതകൾക്കായി ഭക്ഷ്യസുരക്ഷാ പഠന ക്യാമ്പ്

ഹൈറേഞ്ച് ഡെവലെപ്മെന്റ് സൊസൈറ്റിയും ഇടുക്കി രൂപതാ വിമെൻ കമ്മീഷനും സംയുക്തമായി ഭക്ഷ്യ സുരക്ഷയെക്കുറിച്ചുള്ള ബോധവൽക്കരണ സെമിനാറും സുരക്ഷിത ഭക്ഷണം ഉണ്ടാക്കുന്നതിനുള്ള പരിശീലന പരിപാടിയും ഏപ്രിൽ 13-ാം തീയതി സംഘടിപ്പിച്ചു. കോയമ്പത്തൂർ ആസ്ഥാനമായി പ്രവർത്തിക്കുന്ന കന്യാ ഓർഗാനിക് അഗ്രോ ഹോൾഡിംഗ്സ് ആണ് പരിശീലന പരിപാടികൾക്ക് നേതൃത്വം നൽകിയത്. സുരക്ഷിതമായ ഭക്ഷണക്രമങ്ങളിലൂടെയുള്ളജീവിതശൈലി രോഗങ്ങളെ പ്രതിരോധിച്ച് ആരോഗ്യപൂർണ്ണമായ ജീവിതം എങ്ങനെ നയിക്കാം എന്ന വിഷയത്തിൽ നടന്ന ഏകദിന സെമിനാർ ഇടുക്കി രൂപതാ അദ്ധ്യക്ഷൻ മാർ മാത്യുആനിക്കുഴിക്കാട്ടിൽ ഉദ്ഘാടനം ചെയ്തു. എച്ച്.ഡി.എസ്. ഡയറക്ടർ റവ. ഫാ. സെബാസ്റ്റ്യൻ കൊച്ചുപുരക്കൽ, രൂപതാ വിമെൻസ് കമ്മീഷൻ ഡയറകടർ റവ. ഫാ. ജയിംസ് പുന്നപ്ലാക്കൽ, ജില്ലാ മെഡിക്കൽ ഓഫീസർ ഡോ. ആർ രേഖ, ജില്ലാ വിമെൻസ് കൗൺസിൽ സെക്രട്ടറി ശ്രീമതി റോസക്കുട്ടി എബ്രാഹം, ശ്രീമതി മറിയാമ്മ മാത്യു എന്നിവർ പ്രസംഗിച്ചു. ശ്രീ. ലീൻ, ശ്രീ. വെങ്കിടേഷ് എന്നിവർ ക്ലാസ്സുകൾക്ക് നേതൃത്വം നൽകി. വഞ്ചിക്കവല തേജസ്സ് ഓഡിറ്റോറിയത്തിലും, മരിയാപുരം എച്ച്.ഡി.എസ്. ഓഫീസിലും വച്ച് നടന്ന സെമിനാറുകളിലായി 110 വീട്ടമ്മമാർ പങ്കെടുത്തു.



## SS 43/16 തയ്യൽ പരിശീലനം

വനിതകളുടെ സ്വയം തൊഴിൽ പരിശീലന പരിപാടിയുടെ ഭാഗമായി എച്ച്.ഡി.എസ്സിന്റെ നേതൃത്വത്തിൽ നബാർഡിന്റെ സഹായത്തോടെ വട്ടവട ആദിവാസി മേഖലയിൽ ഒരു മാസം നീണ്ടുനിന്ന തയ്യൽ പരിശീലന പരിപാടിയിൽ 30 വനിതകൾ പരിശീലനം പൂർത്തിയാക്കി. ഏപ്രിൽ 18-ാം തീയതി വട്ടവട ലൊരേറ്റോമാതാ ചർച്ച് പാരീഷ് ഹാളിൽ വച്ച് നടന്ന ചടങ്ങിൽ നബാർഡ് ഡി.ഡി.എം. ശ്രീ. അശോക് കുമാർ നായർ സർട്ടിഫിക്കറ്റുകൾ വിതരണം ചെയ്തു. എച്ച്.ഡി.എസ്.ഡയറക്ടർ റവ. ഫാ. സെബാസ്റ്റ്യൻ കൊച്ചുപുരക്കൽ, എച്ച്.ഡി.എസ്. പ്രോഗ്രാം ഓഫീസർ ശ്രീ. സിബി മാളിയേക്കൽ, സി. മരിയ എസ്.എച്ച്., ശ്രീ. ഡെന്നീസ്, ശ്രീ. ഏണസ്റ്റ് എന്നിവർ പരിപാടികൾക്ക് നേതൃത്വം നൽകി.

## SS 44/16 ക്യാൻസർ സഹായനിധി

ക്യാൻസർ ചികിത്സാ സഹായവുമായി ബന്ധപ്പെട്ട് ക്രെഡിറ്റ് യൂണിയൻ വഴി 664920/- രൂപയും 44 പള്ളികളിൽ നിന്നായി 178000 രൂപയും സമാഹരിച്ചിരുന്നു.ഇതിൽനിന്ന് 79 രോഗികൾക്ക് 688000 രൂപ ചികിത്സാ സഹായം നൽകി. 39390/- രൂപ ബോധവൽക്കരണ പരിപാടികൾക്കായി ചിലവഴിച്ചു.

### COLLECTION FROM PARISHES ON BEHALF OF TREATMENT ASSISTANCE TO CANCER PATIENTS -2015

| SL.NO | NAME OF PARISH | AMOUNT |
|---|---|---|
| 1 | St.Sebastian- Nedumkandam | 25000 |
| 2 | BVM-Ezhukumvayal | 16000 |
| 3 | St.George -Bethel | 4000 |
| 4 | Vijayamatha -Eattithoppe | 4000 |
| 5 | St.Petres -Chempakapara | 5000 |
| 6 | St.Sebastian- Snehagiri | 2000 |
| 7 | Holyfamily -Nazrathvalley | 5000 |
| 8 | St.Thomas -Erattayar | 5000 |
| 9 | St.Joseph -Nankuthotty | 1000 |
| 10 | St.Marys- Vazhavara | 9000 |

| | | |
|---|---|---|
| 11 | St.George-Vellayamkudy | 2500 |
| 12 | St.Joseph - Kozhimala | 2000 |
| 13 | Lurdematha-Kanchiyar | 1000 |
| 14 | St.Joseph -Pezhumkandam | 500 |
| 15 | St.Marys -Udayagiri | 2500 |
| 16 | St.Marys-Maniyarankudy | 1000 |
| 17 | St.Sebastian -Bhoomiyankulam | 1000 |
| 18 | St.George cathedral- Vazhathope | 5000 |
| 19 | St.Joseph- Santhigram | 2000 |
| 20 | St.Marys-Murickassery | 21000 |
| 21 | St.Sebastian -Kanthipara | 12000 |
| 22 | Devamatha-Rajakumari | 3500 |
| 23 | Infant jesus-Vattappara | 2000 |
| 24 | St.Benedict -Sleevamala | 3000 |
| 25 | St.Joseph -Josegiri | 1000 |
| 26 | St.Marys -Panniyarkutty | 1000 |
| 27 | St.Martin -Mulakaramedu | 10000 |
| 28 | St. Antonys - Ellakkal | 8000 |
| 29 | St.Marys- Ponmudy | 2500 |
| 30 | St.MariyaGorethi -Murckumthotty | 2000 |
| 31 | St.Antonys -Bisonvalley | 1000 |
| 32 | St.George-Kattakkala | 1000 |
| 33 | St.Sebastian -Pottankadu | 3000 |
| 34 | Holy Family -Kunchithany | 2500 |
| 35 | St.Joseph -Pachady | 1000 |
| 36 | St.George-Palar | 1000 |
| 37 | St.Marys-Kallupalam | 1000 |
| 39 | St,Xaviers -Chemmannar | 1000 |
| 40 | Vellakanimatha church-Myladumpara | 1000 |
| 41 | St.Thomas -Mavady | 2000 |
| 42 | St.Marys-Manjapetty | 1500 |
| 43 | St.Antonys -Thookupalam | 500 |
| 44 | St.Joseph-Kailasam | 2000 |
| | **GRAND TOTAL** | **178000** |



**SS 45/16 നോമ്പുകാല പിരിവ്**

2015 ൽ നോമ്പുകാല പിരിവ് ഇനത്തിൽ 86 പള്ളികളിൽ നിന്നായി 222110/- രൂപയും സന്യാസ ഭവനങ്ങളിൽ നിന്നായി 99100 രൂപയും ലഭിച്ചിരുന്നു. ഇതിൽ നിന്നും 51 പേർക്ക് വിവിധ ചികിത്സകൾക്കായി 100300 രൂപയും മറ്റ് വിവിധ സഹായങ്ങളായി 114 പേർക്ക് 40380/- രൂപയും ചെന്നൈ ദുരിതാശ്വാസ ഇനത്തിൽ 20000/- രൂപയും കേരള സോഷ്യൽ സർവ്വീസ് ഫോറത്തിന് രൂപതാവിഹിതമായി 10000 രൂപയും സേവ് എ ഫാമിലി പ്രോഗ്രാമിനായി 50000 രൂപയും ചിലവഴിച്ചു.

| SL . NO | NAME OF PARISH | AMOUNT |
|---|---|---|
| 1 | ADIMALI | 5000 |
| 2 | AYIRAMEKKAR | 1000 |
| 3 | BETHEL | 1500 |
| 4 | BHOOMIYANKULAM | 2000 |
| 5 | CALVARYMOUNT | 1500 |
| 6 | CHEBALAM | 500 |
| 7 | CHELLIAMPARA | 1000 |
| 8 | CHEMMANNAR | 2500 |
| 9 | CHEMPAKAPPARA | 5000 |
| 10 | CHINARNIRAPPU | 4000 |
| 11 | CHURULI | 2000 |
| 12 | EATTITHOPPE | 3000 |
| 13 | ELLAKKAL | 8500 |
| 14 | ERATTAYAR | 7000 |
| 15 | EZHUKUMVAYAL | 5000 |
| 16 | IDUKKI | 2000 |
| 17 | IRUMPUPALAM | 2000 |
| 18 | JOSEGIRI | 1000 |
| 19 | JOSEPURAM | 4000 |
| 20 | KAILASAM | 1000 |
| 21 | KALLARKUTTY | 1000 |
| 22 | KALLUPALAM | 1000 |

| | | |
|---|---|---|
| 23 | KANAKAKKUNNU | 5000 |
| 24 | KANJIKUZHY | 10000 |
| 25 | KANTHIPPARA | 1200 |
| 26 | KANCHIYAR | 500 |
| 27 | KARIMPAN | 2000 |
| 28 | KARITHODE | 200 |
| 29 | KAMAKSHY | 500 |
| 30 | KEERITHODE | 1000 |
| 31 | KILIYARKANDAM | 1000 |
| 32 | KOMBAYAR | 500 |
| 33 | KOOMPANPARA | 2000 |
| 34 | KOZHIMALA | 1500 |
| 35 | KUNCHITHANNI | 1000 |
| 36 | KURISUPARA | 1000 |
| 37 | KUTHIRAKKALLU | 3000 |
| 38 | KUTHUPARA | 1000 |
| 39 | LOWER KULAMAVU | 2000 |
| 40 | MACHIPLAVU | 2000 |
| 41 | MANIYARANKUDY | 500 |
| 42 | MANJAPPARA | 1810 |
| 43 | MANJAPPETTY | 750 |
| 44 | MANKUVA | 1000 |
| 45 | MARIAPURAM | 2000 |
| 46 | MUKKUDAM | 500 |
| 47 | MULAKARAMEDU | 5000 |
| 48 | MULAKUVALLY | 1000 |
| 49 | MURICKASSERY | 17000 |
| 50 | MURICKUMTHOTTY | 1000 |
| 51 | MUTTUKADU | 1000 |
| 52 | NAZARATHVALLEY(Nalumukku) | 1000 |
| 53 | NEDUMKANDAM | 5000 |
| 54 | NANKUTHOTTY | 1000 |
| 55 | NEELIVAYAL | 1000 |



| | | |
|---|---|---|
| 56 | NELLIPPARA | 1500 |
| 57 | PAINAVU | 200 |
| 58 | PALLAR | 750 |
| 59 | PANAMKUTTY | 1000 |
| 60 | PANDIPPARA | 2000 |
| 61 | PANICKANKUDY | 2000 |
| 62 | PANNIARKUTTY | 1000 |
| 63 | PARATHODE | 1500 |
| 64 | PERINCHAMKUTTY | 1200 |
| 65 | PEZHUMKANDAM | 1500 |
| 66 | PONMUDY | 3500 |
| 67 | POTTENKAD | 5000 |
| 68 | RAJAKKADU | 1000 |
| 69 | RAJAKUMARY | 10000 |
| 70 | RAJAMUDY | 1500 |
| 71 | SAHAYAGIRI | 1000 |
| 72 | SANTHIGRAM | 2000 |
| 73 | SNEHAGIRI | 1500 |
| 74 | THANKAMANY | 5000 |
| 75 | THANNIKKANDAM | 1500 |
| 76 | THOKKUPARA | 2000 |
| 77 | THOOKKUPALAM | 500 |
| 78 | THOVARAYAR | 4000 |
| 79 | UDAYAGIRI | 3000 |
| 80 | UPPUTHODE | 2000 |
| 81 | VAZHATHOPPE | 4000 |
| 82 | VAZHAVARA | 15000 |
| 83 | VELLATHOOVAL | 500 |
| 84 | VELLAYAMKUDY | 6000 |
| 85 | VENMANY | 3000 |
| 86 | VIMALAGIRI | 1000 |
| 87 | **CMC CONGREGATION** | 15000 |
| 88 | **FCC CONGREGATION** | 16000 |
| 89 | **SH CONGREGATION** | 19000 |

| | | |
|---|---|---|
| 90 | **S A B S CONGREGATION** | 10000 |
| | **S D CONGREGATION** | |
| 91 | ADIMALI | 500 |
| 92 | KANCHIYAR | 500 |
| 93 | MURICKASSERY | 500 |
| 94 | PANDIPPARA | 500 |
| 95 | RAJAPURAM | 400 |
| 96 | SAHAYAGIRI | 1000 |
| 97 | THOVARAYAR | 500 |
| 98 | UDAYAGIRI | 300 |
| | **C S N CONGREGATION** | |
| 99 | ADIMALI | 1000 |
| 100 | BHOOMIYANKULAM | 300 |
| 101 | JOSEPURAM | 250 |
| 102 | KEERITHODE | 600 |
| 103 | MANJAPPARA | 1000 |
| 104 | D M CONGRIGATION - PALLANAD | 1250 |
| | **ST. MARTHAS CONGREGATION** | |
| 105 | MURICKASSERY | 1000 |
| 106 | FMM-MANJAPPETTY | 1000 |
| 107 | HOLY CROSS SISTERS-NEDUMKANDAM | 3000 |
| 108 | L A R CONVENT -VELLAKYAM | 1000 |
| 109 | FSHA - THANKAMANY | 1500 |
| 110 | DEVIDHAN - THANKAMANY | 1000 |
| 111 | FSLG CONVENT - VAZHATOHPE | 1000 |
| 112 | MSJ - ELLAKKAL | 3000 |
| | **OTHER CONTRIBUTION** | |
| 113 | SABS JAIMATHA PROVINCE | 15000 |
| 114 | S.H CONVENT- THADIYMPADU | 2000 |
| 115 | GIJI THADATHIL- RAJAKKADU | 1000 |
| | **GRAND TOTAL** | **321210** |



# തിരുബാലസഖ്യം

## HC 13/16 എയ്ഞ്ചൽസ് മീറ്റ്

ഈ വർഷം ആദ്യകുർബാന സ്വീകരിക്കുന്ന കുട്ടികൾക്കുള്ള എയ്ഞ്ചൽസ് മീറ്റ് മെയ് മാസം 12-ാം തിയതി വ്യാഴാഴ്ച രാവിലെ 9.30 ന് വാഴത്തോപ്പ് കത്തീഡ്രലിൽ നടത്തപ്പെടുന്നു. ഈ വർഷം ആദ്യകുർബാന സ്വീകരിച്ച കുട്ടികളെയെല്ലാം ആദ്യകുർബാന വേഷത്തിൽത്തന്നെ (ബൊക്കെയും, ചെണ്ടും കൊണ്ടുവരേണ്ടതില്ല) പറഞ്ഞയക്കുവാൻ ബഹുമാനപ്പെട്ട വികാരിയച്ചന്മാർ ശ്രദ്ധിക്കുമല്ലോ. രജിസ്ട്രേഷൻ ഫീസ് 50 രൂപ.

# ചെറുപുഷ്പ മിഷൻലീഗ്

## CML 13/16 ക്രിസ്റ്റീൻ ധ്യാനം

സി.എം.എൽ. ഇടുക്കി രൂപതയുടെ ആഭിമുഖ്യത്തിൽ 5-ാം ക്ലാസ് മുതൽ 8-ാം ക്ലാസ് വരെയുള്ള കുട്ടികൾക്ക് പടമുഖം സ്നേഹമന്ദിരത്തിൽ ക്രിസ്റ്റീൻ ധ്യാനം നടത്തുന്നു. 2016 മെയ് 8-ാം തീയതി 5.00 pm ന് ആരംഭിച്ച് 11-ാം തീയതി 1.00 pm ന് അവസാനിക്കുന്നു. ധ്യാനത്തിന് ആദ്യം ബുക്ക് ചെയ്യുന്ന 200 പേർക്ക് മാത്രം പ്രവേശനം. രജി. ഫീസ് 400 രൂപ.

Mob: 9947576229, 9961812489, 8157839452.

## CML 12/16 വാർഷിക റിപ്പോർട്ട്

സി.എം.എൽ. ന്റെ 2015-2016 പ്രവർത്തന വർഷത്തെ വാർഷിക റിപ്പോർട്ട് പൂരിപ്പിച്ച് രൂപതാ ഓഫിസിൽ എത്തിക്കുമല്ലോ.

**CML 13/16 യാത്രാ മംഗളങ്ങൾ**

സി.എം.എൽ. ഓഫീസ് സെക്രട്ടറിയായി കഴിഞ്ഞ ആറുമാസം സേവനം അനുഷ്ഠിച്ചതിനുശേഷം ദൈവശാസ്ത്ര പഠനത്തിനായി പോകുന്ന ബ്രദർ സാൻജോ കൊച്ചുപറമ്പിലിന് യാത്രാ മംഗളങ്ങൾ നേരുന്നു.

# കെ.സി.എസ്.എൽ.

**KCSL 20/16 സംസ്ഥാന നേതൃത്വ പരിശീലന ക്യാമ്പ് (ഉഷസ് -2016)**

കെ.സി.എസ്.എൽ. ന്റെ സംസ്ഥാന നേതൃത്വ പരിശീലന ക്യാമ്പ് 2016 ഏപ്രിൽ 18 മുതൽ 21 വരെ കൊല്ലം രൂപതയുടെ ആതിഥേയത്വത്തിൽ കൊട്ടിയം ക്രിസ്തുജ്യോതി ആനിമേഷൻ സെന്ററിൽ വച്ച് ''ഉഷസ്-2016'' എന്ന പേരിൽ നടത്തപ്പെട്ടു. യു.പി., ഹൈസ്കൂൾ, ഹയർ സെക്കണ്ടറി വിഭാഗങ്ങളിലായി നമ്മുടെ രൂപതയെ പ്രതിനിധികരിച്ചുകൊണ്ട് വിവിധ സ്കൂളുകളിൽ നിന്നായി 26 വിദ്യാർത്ഥികളും അഞ്ച് ആനിമേറ്റേഴ്സും പങ്കെടുത്തു. ക്യാമ്പിൽ പുതിയ അദ്ധ്യയന വർഷത്തെ സംസ്ഥാന ഭാരവാഹികളെ തിരഞ്ഞെടുക്കാനായി നടത്തിയ ഇലക്ഷനിൽ നമ്മുടെ രൂപതയെ പ്രതിനിധികരിച്ചുകൊണ്ട് H.S.S. സെക്രട്ടറിയായി സെന്റ് ജോർജ്ജ് H.S.S. വാഴത്തോപ്പിലെ അനിറ്റാ മാത്യുവും, H.S. സെക്രട്ടറിയായി സെന്റ് തോമസ് H.S. ഇരട്ടയാറിലെ ഏയ്ഞ്ചലീന ജോസും, U.P. സെക്രട്ടറിയായി സെന്റ് തോമസ് U.P.S. ഇരട്ടയാറിലെ ആദർശ് ടോമും തിരഞ്ഞെടുക്കപ്പെട്ടു. പുതിയ ഭാരവാഹികൾക്ക് അനുമോദനങ്ങൾ.

**KCSL 21/16 യാത്രാ മംഗളങ്ങൾ**

കെ.സി.എസ്.എൽ. സംഘടനയിൽ റീജൻസി പൂർത്തിയാക്കി വൈദീക വസ്ത്രം സ്വീകരിച്ച് തുടർപഠനത്തിനായി പോകുന്ന ബ്രദർ സാൻജോ കൊച്ചുപറമ്പിലിനും ബ്രദർ അമൽ മണിമലക്കുന്നേലിനും കെ.സി.എസ്.എൽ. കുടുംബത്തിന്റെ യാത്രാമംഗളങ്ങൾ.



# കെ.സി.വൈ.എം.

**KCYM 22/16 കൗമാരദിനം**

2016 ഏപ്രിൽ 24 ഞായറാഴ്ച കെ.സി.വൈ.എം. രൂപതാ സമിതിയുടെ നിർദ്ദേശപ്രകാരം ഇടവകയിൽ കൗമാരദിനം ആചരിച്ച എല്ലാ വികാരിയച്ചൻമാർക്കും സിസ്റ്റേഴ്സിനും ഹൃദ്യമായ നന്ദി.

**KCYM 23/16 ജീസസ്സ് നൈറ്റ്**

കെ.സി.വൈ.എം. ഇടുക്കി രൂപതയുടെ ആഭിമുഖ്യത്തിൽ 2016 ഏപ്രിൽ 2 ന് കുഞ്ചിത്തണ്ണി ഹോളിഫാമിലി പള്ളിയിൽ ജീസസ്സ് നൈറ്റ് നടത്തി.

**KCYM 24/16 സ്പാർക്ക്-2016**

2016 ലേക്കുള്ള സംസ്ഥാന ഭാരവാഹികളുടെ നേതൃത്വ ക്യാമ്പ് ഏപ്രിൽ 22-24 തീയതികളിൽ പടമുഖം സ്നേഹമന്ദിരത്തിൽ നടന്നു. ഇടുക്കി രൂപതാ മെത്രാൻ മാർ മാത്യു ആനിക്കുഴിക്കാട്ടിൽ ക്യാമ്പ് ഉദ്ഘാടനം ചെയ്തു. അഡ്വ. ജോയ്സ് ജോർജ്ജ് എം.പി. മുഖ്യപ്രഭാഷണം നടത്തി. എത്തിച്ചേർന്ന എല്ലാ കർമ്മസാരഥികൾക്കും നന്ദി.

# മദ്യവിരുദ്ധസമിതി

**MVS 13/16 രൂപതാ കമ്മിറ്റി**

15-04-2016 വെള്ളിയാഴ്ച 2.30 pm ന് വെള്ളയാംകുടി സെന്റ് ജോർജ്ജ് ഫൊറോന പള്ളിയിൽ രൂപതാ കമ്മിറ്റി അടിയന്തിരമായി കൂടുകയുണ്ടായി. ഇടുക്കി രൂപതാ ഡയറക്ടർ ഫാ. ജോസഫ് പാപ്പാടി അദ്ധ്യക്ഷത വഹിച്ചു. രൂപതാ ജനറൽ സെക്രട്ടറി ശ്രീ. റോജസ് എം. ജോർജ്ജ് സ്വാഗതം ആശംസിച്ച് റിപ്പോർട്ട് അവതരിപ്പിച്ചു. വിവിധ

വിഷയങ്ങളിൽ, പ്രത്യേകിച്ച് നിയമസഭാ തെരഞ്ഞെടുപ്പിനോട് അനുബന്ധിച്ചുള്ള മദ്യനയം ഗൗരവമായി ചർച്ച ചെയ്യപ്പെട്ടു.

### MVS 14/16 ADSF - രൂപീകരണം

2016-17 അധ്യായന വർഷാരംഭത്തോടെ രൂപതയിലെ എല്ലാ സ്കൂളുകളിലും മുഴുവൻ കുട്ടികളെയും പങ്കെടുപ്പിച്ചു കൊണ്ടും പരിശീലിപ്പിച്ചു കൊണ്ടും ADSF (Anti Drugs Students Federation) രൂപീകരണം നടക്കേണ്ടതുണ്ട്. ഇതിന്റെ രൂപതാതല ഉദ്ഘാടനം വെള്ളയാംകുടി സെന്റ് ജെറോംസ് സ്കൂളിൽ ജൂൺ മാസം നടത്തപ്പെടും. കാലഘട്ടത്തിന്റെ പ്രത്യേകതകൾ തിരിച്ചറിഞ്ഞും, ഭാവിയിൽ സുശക്തമായ ഒരു യുവജനനിരയെ കുട്ടികളിലൂടെ കണ്ടെത്തുന്നതിനും വേണ്ടിയാണ് ഇത്തരം പരിശ്രമങ്ങൾ സഭ നടത്തുന്നത്. ദൈവവചനം പ്രഘോഷിക്കുന്നതിനും, തിന്മയുടെ ശക്തികളെ ചെറുക്കുന്നതിനും സദാ സന്നദ്ധരും ധീരരുമായ വിശുദ്ധരെ കർമ്മനിരതരാക്കുന്നതിനും ഉള്ള ഈ ദൗത്യത്തിന് ബഹുമാനപ്പെട്ട വൈദികരും സ്കൂൾ അധ്യാപകരും മുൻകൈ എടുക്കുമല്ലോ.

### MVS 15/16 നയവിശദീകരണയോഗം കട്ടപ്പനയിൽ

മുൻ തീരുമാന പ്രകാരം കട്ടപ്പന മുൻസിപ്പൽ മിനി സ്റ്റേഡിയത്തിൽ 15-04-2016 വെള്ളിയാഴ്ച 5 pm ന് നയവിശദീകരണയോഗം സംഘടിപ്പിച്ചു. മദ്യവിരുദ്ധ ജനകീയ മുന്നണിയും ഇടുക്കി കാഞ്ഞിരപ്പള്ളി രൂപതകളും സംയുക്തമായിട്ടാണ് ആസന്നമായ നിയമസഭാ തിരഞ്ഞെടുപ്പിന് മുന്നോടിയായി യോഗം നടന്നത്. KCBC മദ്യവിരുദ്ധ സമിതി സംസ്ഥാന സെക്രട്ടറി ശ്രീ. പ്രസാദ് കുരുവിള മുഖ്യ സന്ദേശം നൽകി. ഇടുക്കി രൂപതാ ജനറൽ സെക്രട്ടറി ശ്രീ. റോജസ് എം. ജോർജ്ജ് സ്വാഗതപ്രസംഗം നടത്തികൊണ്ട് ഏറെ നിർണ്ണായകമായ നിയമസഭാ തിരഞ്ഞെടുപ്പിൽ സമ്പൂർണ്ണ മദ്യനിരോധനത്തിന് അനുകൂലമായ രാഷ്ട്രീയ സാഹചര്യം സൃഷ്ടിക്കപ്പെടേണ്ടതിന്റെ കാലിക പ്രാധാന്യം ശക്തമായി ഊന്നി പറഞ്ഞു. രൂപതാ ഡയറക്ടർ ഫാ. ജോസഫ് പാപ്പാടി വിശദീകരണയോഗം ഉദ്ഘാടനം ചെയ്തു സംസാരിച്ചത് അടുത്തു നടക്കുവാൻ പോകുന്ന നിയമസഭാ തിരഞ്ഞെടുപ്പിൽ മദ്യനിരോധനമായിരിക്കും മുഖ്യ വിഷയം എന്നാണ്.



മദ്യവിരുദ്ധ സമിതി രൂപതാ പ്രസിഡന്റ് ശ്രീ. സിൽബി ചുനയംമാക്കൽ അദ്ധ്യക്ഷത വഹിച്ചു. സി. ബിയാ ആമുഖ സന്ദേശം നൽകി. ഗുരുധർമ്മ പ്രചാരസഭാ കേന്ദ്രകമ്മിറ്റി അംഗം ശ്രീ. വി.കെ. രാജപ്പൻ ആദ്യാവസാനം യോഗത്തിൽ പങ്കെടുക്കുകയും പ്രസംഗിക്കുകയും ചെയ്തു. ഫാ. തോമസ് തോപ്പിൽ അസി. വികാരി സെന്റ് ജോർജ്ജ് ചർച്ച് കട്ടപ്പന സംസാരിച്ചു. ഫാ. ജോസ് പ്ലാച്ചിക്കൽ, സി. ലീജാ എസ്.ഡി., ശ്രീമതി മേരിക്കുട്ടി കിഴക്കയിൽ, ശ്രീ. ജോസുകുട്ടി ഇളംമ്പാശ്ശേരി, ശ്രീ. ബാബു ചിരട്ടയോലിൽ, ശ്രീ. തോമസ് അമ്പാട്ട് തുടങ്ങിയവർ പങ്കെടുത്തു. 7.15 pm ന് യോഗനടപടികൾ അവസാനിച്ചു.

## ഫാമിലി അപ്പോസ്തലേറ്റ്

### FA 10/16 വിവാഹ ഒരുക്ക ധ്യാനങ്ങൾ

| | | |
|---|---|---|
| 2016 മെയ് | 09 തിങ്കൾ - 11 ബുധൻ, | ആത്മജ്യോതി, അടിമാലി |
| 2016 മെയ് | 23 തിങ്കൾ - 25 ബുധൻ, | ,, |
| 2016 ജൂൺ | 13 തിങ്കൾ - 15 ബുധൻ, | ,, |
| 2016 ജൂൺ | 27 തിങ്കൾ - 29 ബുധൻ, | ,, |

### FA 11/16 ഏലീശ്വ ധ്യാനം

2016 ജൂൺ 24 വെള്ളി വൈകുന്നേരം 5 മുതൽ ഞായർ 3.30 വരെ അടിമാലി ആത്മജ്യോതിയിൽ നടത്തപ്പെടുന്നു.

## മാതൃവേദി

### MV 11/16 നവോമി സംഗമം

മെയ് 14 ന് ജീവിത പങ്കാളി നഷ്ടപ്പെട്ട സ്ത്രീകളുടെ സംഗമം കരിമ്പൻ രൂപതാകേന്ദ്രത്തിൽ ചേരുന്നു.

**PG 13/16 പുതിയ കെ.എസ്.ടി.**

കേരളത്തിലെ കാരിസ്മാറ്റിക് നവീകരണ പ്രവർത്തങ്ങളുടെ നേതൃസമിതിയായ കെ.എസ്.ടി. പുനഃസംഘടിപ്പിച്ചു. കെ.എസ്.ടി. യുടെ ചെയർമാനായി നിലമ്പൂരിൽ നിന്നുള്ള ഫാ. വർഗ്ഗീസ് OFM തിരഞ്ഞെടുക്കപ്പെട്ടു. വൈസ് ചെയർമാൻ നമ്മുടെ രൂപതാംഗമായ ഷാജി വൈക്കത്തുപറമ്പിലാണ്. പുതിയ കെ.എസ്.ടി. യ്ക്ക് പ്രാർത്ഥനാശംസകൾ.

**PG 14/16 പ്രീച്ചേഴ്സ്- കൗൺസിലേഴ്സ് കൂട്ടായ്മ**

നമ്മുടെ രൂപതയിലെ വചനപ്രഘോഷണ രംഗത്തും കൗൺസിലിംഗ് രംഗത്തും ശുശ്രൂഷചെയ്യുന്ന അല്മായരുടെ പരിശീലന പരിപാടി ഏപ്രിൽ 11 ന് വാഴത്തോപ്പ് കത്തിഡ്രലിൽ നടന്നു. പരിശീലനത്തിന് റവ. ഡോ. പോളി മണിയാട്ട് നേതൃത്വം നല്കി. വിവിധ സ്ഥലങ്ങളിൽ നിന്നായി 50 പേർ പങ്കെടുത്തു. ഫാ. ജോർജ്ജ് നിരവത്ത് ഈ പ്രോഗ്രാം നയിച്ചു.

**PG 15/16 പുതിയ സോണൽ കോ-ഓഡിനേറ്റർ**

ഇടുക്കി സോണിലെ സർവ്വീസ് ടീമിന്റെ കോ-ഒർഡിനേറ്റർ ഷാജി വൈക്കത്തുപറമ്പിൽ കെ.എസ്.ടി. വൈസ് ചെയർമാനായി തിരഞ്ഞെടുക്കപ്പെട്ടതിനാൽ പുതിയ കോ-ഓർഡിനേറ്ററായി പണിക്കൻകുടി ഇടവകാംഗമായ ജോസുകുട്ടി ചക്കുങ്കലിനെ തെരഞ്ഞെടുത്തു.

**PG 16/16 പെന്തക്കുസ്ത ദിനാചരണം**

മെയ് 15 ന് പെന്തക്കുസ്ത ദിനമായതിനാൽ അതിന്റെ ഒരുക്കം വിവിധ സബ് സോണുകളിൽ വച്ച് മെയ് 14 ശനിയാഴ്ച നടത്തപ്പെടുന്നു. പാറത്തോട്, അടിമാലി, തോപ്രാംകുടി, രാജാക്കാട് സബ്സോണുകളിലാണ് ഈ കൂട്ടായ്മ മെയ് 14 ന് നടക്കുന്നത്. വാഴത്തോപ്പ് സബ്സോണിൽ ഇത് മെയ് 21 ശനിയാഴ്ചയാണ്.





**AKCC 13/16 ജനകീയ പ്രശ്നങ്ങൾ പരിഹരിക്കാൻ കത്തോലിക്കാ കോൺ. നേതൃത്വം നൽകണം: മാർ ആനിക്കുഴിക്കാട്ടിൽ**

മുരിക്കാശ്ശേരി: പിന്നോക്ക ജില്ലയായ ഇടുക്കിയിലെ കർഷകർ നേരിടുന്ന പ്രതിസന്ധികൾക്ക് പരിഹാരം കാണാനുള്ള ശ്രമങ്ങൾക്ക് കത്തോലിക്കാ കോൺഗ്രസ് നേതൃത്വം നൽകണമെന്ന് ഇടുക്കി രൂപതാ മെത്രാൻ മാർ മാത്യൂ ആനിക്കുഴിക്കാട്ടിൽ.

മുരിക്കാശ്ശേരി സെന്റ് മേരീസ് സ്കൂൾ ഓഡിറ്റോറിയത്തിൽ ചേർന്ന കത്തോലിക്ക കോൺഗ്രസ് നേതൃസംഗമവും മാർഗരേഖ പ്രകാശന സമ്മേളനവും ഉദ്ഘാടനം ചെയ്തു പ്രസംഗിക്കുകയായിരുന്നു അദ്ദേഹം.

മലയോര മേഖലയുടെ വികസനത്തിനും ജനകീയ പ്രശ്നങ്ങൾക്കും മുമ്പിൽ മുഖം നോക്കാതെ പ്രക്ഷോഭങ്ങൾ സംഘടിപ്പിക്കാൻ നേതൃത്വത്തിനും ബാധ്യതയുണ്ട്. കക്ഷി രാഷ്ട്രീയത്തിനും മുന്നണി സംവിധാനങ്ങൾക്കും അടിമപ്പെടാതെ ജനഹിത നിലപാടുകൾ സ്വീകരിക്കണം. സ്നേഹത്തിൽ പ്രവർത്തന നിരതമാകുന്ന വിശ്വാസി സമൂഹത്തിന്റെ മുഖ മുദ്ര നീതിക്കുവേണ്ടിയുള്ള പോരാട്ടങ്ങളായിരിക്കണമെന്ന് അദ്ദേഹം ഓർമ്മിപ്പിച്ചു.

സമ്മേളനത്തിൽ എ.കെ.സി.സി രൂപതാ പ്രസിഡന്റ് ജോർജ്ജ് കോയിക്കൽ അധ്യക്ഷത വഹിച്ചു. അടുത്ത പ്രവർത്തനവർഷത്തേക്കുള്ള മാർഗരേഖ സംസ്ഥാന ജനറൽ സെക്രട്ടറി ബിജു പറയനിലം പ്രകാശനം ചെയ്തു. രൂപതാ സെക്രട്ടറി കെ.സി. ചാക്കോ വരമ്പകത്ത് ഏറ്റുവാങ്ങി. 'കാരുണ്യവർഷ കലണ്ടർ' പ്രകാശനം മുരിക്കാശ്ശേരി ഇടവക വികാരി ഫാ. മാത്യു തൊട്ടിയിൽ നിർവ്വഹിച്ചു. രൂപതാ വൈസ് പ്രസിഡന്റ് ജോയി കോയിക്കക്കുടി ഏറ്റുവാങ്ങി. സംസ്ഥാന മുന്നോക്ക ക്ഷേമകമ്മീഷൻ അംഗം ഡോ. കുര്യാസ് കുമ്പളക്കുഴി മുഖ്യപ്രഭാഷണം നടത്തി.

കെ.സി.വൈ.എം സംസ്ഥാന പ്രസിഡന്റായി തിരഞ്ഞെടുക്കപ്പെട്ട സിജോ ഇലന്തൂർ, മാതൃവേദി ദേശീയ ട്രഷറായി തിരഞ്ഞെടുക്കപ്പെട്ട മേരി സെബാസ്റ്റ്യൻ എന്നിവരെ യോഗത്തിൽ ബിഷപ്പ് പൊന്നാടയണിയിച്ച് ആദരിച്ചു. മുൻ പ്രസിഡന്റ് ജോസഫ് കുര്യൻ ഏറമ്പടം പ്രവർത്തന മാർഗരേഖ അവതരിപ്പിച്ചു. രൂപത ഡയറക്ടർ ഫാ. ജോർജ്ജ് പാട്ടത്തെക്കുഴി ആമുഖപ്രഭാഷണം നടത്തി. സംസ്ഥാന ട്രഷറർ ജോസുകുട്ടി മാടപ്പള്ളിൽ, ജോസഫ് ചാക്കോ പുത്തൂർ, ജോസ് വറങ്ങലക്കുടി, ഫാ. കുര്യാക്കോസ് ആറക്കാട്ട് തുടങ്ങിയവർ പ്രസംഗിച്ചു.

കർമപദ്ധതി രൂപീകരണ ചർച്ചയിൽ ജോർജ്ജ് താളംപ്ലാക്കൽ, തോമസ് തേവർപറമ്പിൽ, ജോസ് മറ്റപ്പള്ളി എന്നിവർ പങ്കെടുത്തു. പ്രഫ. ജോസുകുട്ടി ഒഴുകയിൽ, ഫാ. തോമസ് നെച്ചികാട്ട്, ഷാജി കുന്നുപുറം, ജേക്കബ് കറുകപ്പള്ളിൽ, ബെന്നി കൊച്ചുപറമ്പിൽ, ജോസ് വെട്ടുകാട്ടിൽ, മാത്യൂസ് ഐക്കര, ബേബിച്ചൻ ശൗര്യാംകുഴിയിൽ എന്നിവർ നേതൃത്വം നൽകി.

രൂപതാ ജനറൽ സെക്രട്ടറി ജോസ് തോമസ് ഒഴുകയിൽ സ്വാഗതവും വൈസ്പ്രസിഡന്റ് ജോയി കോയിക്കക്കുടിം നന്ദിയും പറഞ്ഞു. ഇടുക്കിരൂപതയിലെ 74 യൂണിറ്റുകളിൽ നിന്നായി മുന്നൂറോളം പേർ പങ്കെടുത്തു.

## AKCC 14/16 രൂപതാ കമ്മറ്റി

കത്തോലിക്ക കോൺഗ്രസ് ഇടുക്കി രൂപതാ കമ്മറ്റി 9-4-2016 രൂപതാ കേന്ദ്രത്തിൽ വച്ചു കൂടുകയുണ്ടായി. യോഗത്തിനു രൂപതാ ഡയറക്ടർ റവ. ഫാ. ജോർജ്ജ് പാട്ടത്തെകുഴി അദ്ധ്യക്ഷത വഹിച്ചു. കഴിഞ്ഞ മാസത്തെ പ്രവർത്തനങ്ങൾ വിലയിരുത്തുകയും ചെയ്തു. കത്തോലിക്ക കോൺഗ്രസ് സ്ഥാപകദിനം ആചരിക്കുന്നതിനും (ഏപ്രിൽ 24) അന്നേ ദിവസം ഇടവകകളിൽ പതാക ഉയർത്തുന്നതിനും കാരുണ്യവർഷ കലണ്ടർ പ്രദർശിപ്പിക്കുന്നതിനും വേണ്ട ക്രമീകരണങ്ങൾ നടത്തുന്നതിനും തീരുമാനിച്ചു. യോഗത്തിനു സണ്ണി കരിവേലിക്കൽ സ്വാഗതം ആശംസിച്ചു. ഫാ. മാത്യൂ കരോട്ടുകൊച്ചറക്കൽ ട്രഷറർ പ്രഫ. ജോസുകുട്ടി ഒഴുകയിൽ, സംസ്ഥാന ട്രഷറർ ശ്രീ. ജോസുകുട്ടി മാടപ്പള്ളി എന്നിവർ സംസാരിച്ചു.



## AKCC 15/16 പ്രവർത്തന മാർഗ്ഗരേഖയിലെ പ്രധാന നിർദ്ദേശങ്ങൾ

### യൂണിറ്റ് തലം

**1. യൂണിറ്റ് കമ്മിറ്റി**

എല്ലാ ഇടവകകളിലും കത്തോലിക്ക കോൺഗ്രസ് യൂണിറ്റുകൾ ആരംഭിക്കുന്നതിന് നേതൃത്വം നൽകുക. യൂണിറ്റുകൾ ഉള്ള സ്ഥലങ്ങളിൽ മാസത്തിലൊരിക്കലെങ്കിലും ഭാരവാഹികൾ ഒരുമിച്ച് ചേർന്ന് പ്രവർത്തനങ്ങൾ വിലയിരുത്തുക. ആക്ടീവല്ലാത്ത ഭാരവാഹികൾക്ക് പകരം ആളുകളെ കണ്ടെത്തുക.

**2. യൂണിറ്റ് നെയിം ബോർഡ് സ്ഥാപിക്കുക**

ബഹു. ഇടവക വികാരിയുടെ അനുമതിയോടെ ഉചിതമായ രീതിയിൽ സംഘടനയുടെ നെയിം ബോർഡ് സ്ഥാപിക്കുകയും ഔദ്യോഗിക പതാകകൾ കരുതി വയ്ക്കുകയും ചെയ്യുക.

**3. രജിസ്റ്ററുകൾ**

മിനിട്സ് ബുക്ക്, വരവ് - ചിലവ് കണക്ക് ബുക്ക്, അംഗത്വ രജിസ്റ്റർ, രസീത് ബുക്ക്, വൗച്ചർ, നിയമാവലി തുടങ്ങിയ റെക്കോർഡുകൾ സൂക്ഷിക്കുകയും അവ സൂക്ഷിക്കുന്നതിന് ഒരു അലമാര സജ്ജീകരിക്കുകയും സംഘടനയുടെ പേര് ആലേഖനം ചെയ്ത് സൂക്ഷിക്കുകയും ചെയ്യുക.

**4. അംഗത്വ വിതരണം, നവീകരണം**

18 വയസ്സിന് മുകളിൽ പ്രായമുള്ള, ആൺ-പെൺ വ്യത്യാസമില്ലാതെ മുഴുവൻ സമുദായംഗങ്ങൾക്കും മെമ്പർഷിപ്പ് നൽകുവാൻ പരിശ്രമിക്കുക. 3 വർഷത്തിലൊരിക്കൽ അംഗത്വം പുതുക്കേണ്ടതുണ്ട് അംഗത്വ ഫീസ് 20/- രൂപയാണ്. ഇതിൽ ഒരാൾക്ക് 5/- രൂപ പ്രകാരം യൂണിറ്റ് പ്രവർത്തന ഫണ്ടായി എടുക്കാവുന്നതാണ് ബാക്കി തുക രൂപത സംസ്ഥാന വിഹിതമായും ശേഖരിച്ച് അംഗങ്ങളുടെ എണ്ണത്തിനനുസരിച്ച് രൂപതാ കേന്ദ്രത്തിൽ നൽകേണ്ടതാണ്. യൂണിറ്റ് രജി. ഫീസ് 110/- രൂപയും നൽകണം.

**5. ഭവന സന്ദർശനം**

എ.കെ.സി.സി. യൂണിറ്റ് ഭാരവാഹികളുടെ നേതൃത്വത്തിൽ

ഇടവകയിലെ ഭവനങ്ങൾ സന്ദർശിക്കുക. ക്ഷേമാന്വേഷണങ്ങൾ നടത്തുകയും സംഘടനാ പ്രവർത്തനങ്ങളെക്കുറിച്ച് സംസാരിക്കുകയും ചെയ്യുക.

**6. കാരുണ്യ വർഷ മെസേജ് കലണ്ടർ**

**കാരുണ്യ വർഷത്തോ**ടനുബന്ധിച്ച് എ.കെ.സി.സി. ഇടുക്കി രൂപതാ കമ്മിറ്റി തയ്യാറാക്കിയിരിക്കുന്ന മെസേജ് കലണ്ടർ ഭവന സന്ദർശന വേളയിൽ ഒരു വീടിന് ഒന്നുവീതം നൽകാവുന്നതാണ്. ഏതെങ്കിലും ഒരു സ്പോൺസറെ കണ്ടെത്തി ഇതിനുള്ള തുക സമാഹരിക്കാവുന്നതാണ്. ഓർഡർ അനുസരിച്ച് ഇത് യൂണിറ്റുകൾക്ക് ലഭ്യമാകുന്നതാണ്.

**7. കാരുണ്യ വർഷ സർവ്വേ**

ഭവന സന്ദർശന വേളയിൽ ചില വിവരങ്ങൾ ശേഖരിക്കേണ്ടതുണ്ട്. ഓരോ ഇടവകാതിർത്തിയിലും ജോലി ചെയ്യുന്ന അന്യ സംസ്ഥാന തൊഴിലാളികളെ സംബന്ധിച്ച് അവരുടെ പേര് വിവരം, സംസാര ഭാഷ, മതം എന്നിവ ശേഖരിക്കുന്നത് അവരിൽ കത്തോലിക്ക വിശ്വാസികളായിട്ടുള്ളവരെ തിരിച്ചറിയുന്നതിനും, അവർക്കാവശ്യമായ കൂദാശകൾ അവരുടെ ഭാഷയിൽ തന്നെ നൽകുന്നതിനും ഉപകരിക്കും തൊഴിൽ മേഖലയിൽ അവർക്കാവശ്യമായ സേവനങ്ങൾ നൽകുന്നതിനും ഈ സർവ്വേ ഉപകരിക്കും.

**8. പാലിയേറ്റീവ് ടീം രൂപീകരണം**

കാരുണ്യ വർഷാചരണത്തിന്റെ ഭാഗമായി നടത്തുന്ന ഭവന സന്ദർശന വേളയിൽ ക്യാൻസർ, കിഡ്നി രോഗികൾ, കിടപ്പ് രോഗികൾ എന്നിവരുടെ വിവരങ്ങൾ ശേഖരിക്കുകയും കഴിയുന്നത്ര സഹായങ്ങൾ എത്തിച്ചുകൊടുക്കുകയും ചെയ്യുക.

കൂടാതെ പാലിയേറ്റീവ് ടീം രൂപീകരിക്കുവാൻ കഴിയുംവിധം സന്മനസ്സും, സമയവും, യോഗ്യതയുമുള്ളവരെ കണ്ടെത്തുവാൻ കഴിയും. (ഉദാ. നേഴ്സിംഗ് പഠിച്ച് ജോലി ചെയ്യാതെ നിൽക്കുന്നവർ, റിട്ടയേർഡ് ഉദ്യോഗസ്ഥർ, ഒരു ദിവസം വാഹനം സൗജന്യമായി വിട്ടു തരാൻ കഴിയുന്നവർ)



പഞ്ചായത്ത്, ആരോഗ്യവകുപ്പ്, സന്നദ്ധസംഘടനകൾ, രൂപതാ കേന്ദ്രം എന്നിവയുമായി സഹകരിച്ച് തുടർ പ്രവർത്തനങ്ങൾ നടത്തുവാൻ കഴിയും.

**9. സർക്കാർ സേവനങ്ങൾ എത്തിച്ചുനൽകൽ**

വിവിധ സർക്കാർ ആനുകൂല്യങ്ങൾ സ്കോളർഷിപ്പുകൾ, പെൻഷനുകൾ എന്നിവ സംബന്ധിച്ചുള്ള വിവരങ്ങൾ ശേഖരിച്ച് ഇടവക നോട്ടീസ് ബോർഡിൽ പ്രസിദ്ധീകരിക്കുക.

**10. ചികിത്സാ സഹായ പദ്ധതി**

രോഗങ്ങൾ മൂലം കഷ്ടപ്പെടുന്നവരെ സഹായിക്കുവാൻ സുമനസുകളുടെ സഹായത്തോട് കൂടി ചികിത്സാ സഹായ പദ്ധതി നടപ്പിലാക്കുക.

**11. ഉന്നത പഠന സഹായ പദ്ധതി**

പഠനത്തിൽ മികവ് പുലർത്തുന്നവരും ഉന്നത പഠനത്തിന് സാമ്പത്തിക ഭദ്രതയില്ലാത്തവരുമായ കുട്ടികളെ കണ്ടെത്തി ഉന്നത പഠനത്തിന് സാമ്പത്തിക സഹായം നൽകുക. സ്പോ ൺസേഴ്സിനെ കണ്ടെത്തി പദ്ധതി വിജയിപ്പിക്കുക.

**12. കരിയർ ഗൈഡൻസ് സെമിനാറുകൾ**

യൂണിറ്റ് കമ്മിറ്റിയുടെ നേതൃത്വത്തിൽ വർഷത്തിലൊരിക്കൽ ഉന്നതവിദ്യാഭ്യാസ സങ്കേതങ്ങൾ പരിചയപ്പെടുത്തുന്ന കരിയർ ഗൈഡൻസ് സെമിനാറുകൾ സംഘടിപ്പിക്കാം.

**13. മെഡിക്കൽ ക്യാമ്പുകൾ**

കഴിയുന്നത്ര യൂണിറ്റുകളിൽ വർഷത്തിലൊരിക്കലെങ്കിലും മെഡിക്കൽ ക്യാമ്പുകൾ സംഘടിപ്പിക്കാവുന്നതാണ്. ജീവിത ശൈലീ രോഗങ്ങൾ, ക്യാൻസർ തുടങ്ങിയ രോഗങ്ങളെക്കുറിച്ചുള്ള ബോധവത്ക്കരണ ക്ലാസ്സുകൾ സംഘടിപ്പിക്കാം.

**14. കാരുണ്യപൂർവ്വം ക്രിസ്തുവിന് ഒരുപിടി മണ്ണ്**

ഈ കാരുണ്യ വർഷത്തിൽ എ.കെ.സി.സി.യുടെ ഏകവും ശ്രദ്ധേയമായ പദ്ധതിയായി യൂണിറ്റ് കമ്മിറ്റികൾ ഇത് ഏറ്റെടുത്ത്

നടത്തണം. നിരവധി ഏജൻസികളും വ്യക്തികളും ഭവന നിർമ്മാണത്തിന് ദരിദ്രരെ സഹായിക്കാൻ തയ്യാറാണ് എങ്കിലും നിരവധിയാളുകൾ വീടുവയ്ക്കുവാൻ സ്ഥലമില്ലാതെ വിഷമിക്കുന്നുണ്ട്. ഈ പ്രശ്നത്തിൽ ഒരു പരിഹാരമെന്നവണ്ണം സ്വന്തമായി ധാരാളം ഭൂമിയുള്ളവരെ യൂണിറ്റ് ഭാരവാഹികൾ സന്ദർശിക്കുകയും 5 സെന്റിൽ കുറയാത്ത, 10 സെന്റിൽ കൂടാത്ത സ്ഥലം ഭവന നിർമ്മാണത്തിന് സൗജന്യമായി ലഭ്യമാക്കുകയും ചെയ്യുന്ന പദ്ധതിയാണിത്. ഈ വർഷം 100 വീടുകൾക്കെങ്കിലും സ്ഥലം എല്ലാ യൂണിറ്റുകളിൽ നിന്നുമായി കണ്ടെത്തുകയും ഒരു പൊതു സമ്മേളനത്തിൽ വച്ച് ടി സ്ഥലത്തിന്റെ രേഖകൾ അഭി. പിതാവിന് കൈമാറുകയും ചെയ്യുന്ന ഈ പദ്ധതി കരുണയുടെ വർഷത്തിൽ ക്രിസ്തുനാഥനുള്ള സമ്മാനമായിത്തീരും.

**15. ഹൃദയപൂർവ്വം ഭവന നിർമ്മാണം**

കാരുണ്യ വർഷത്തിൽ ഒരു ഭവനരഹിതന് വീട് നിർമ്മിച്ചു നൽകുന്ന പദ്ധതിയാണിത്. യൂണിറ്റ് ഭാരവാഹികൾ ബഹു. വികാരിയച്ചനുമായി കൂടയാലോചിച്ച് ഏറ്റവും അനുയോജ്യമായിട്ടുള്ള ഒരു വ്യക്തിയെ കണ്ടെത്തി സുമനസുകളുടെ സാമ്പത്തിക സഹായത്തോടെ വീട് നിർമ്മിച്ച് നൽകണം. ഈ വീടിന്റെ താക്കോൽ കർമ്മം/ വെഞ്ചരിപ്പ് എ.കെ.സി.സി.യുടെ നേതൃത്വത്തിൽ നടത്തുന്ന പൊതു സമ്മേനത്തോടെ നടത്തണം.

**16. പ്രതിമാസ സമുദായ സമ്മേളനം**

മാസത്തിൽ ഏതെങ്കിലുമൊരു ദിവസം എ.കെ.സി.സി. അംഗങ്ങൾ ഒരുമിച്ച് ചേർന്ന് നടത്തുന്ന അംഗ മീറ്റിംഗാണ് പ്രതിമാസ സമുദായ സമ്മേളനം. വൈദികർ, സിസ്റ്റേഴ്സ് ഇടവകയിലെ അദ്ധ്യാപകർ മതാദ്ധ്യാപകർ, ജോലിക്കാർ തുടങ്ങി ആരുടെയെങ്കിലും സഹായത്തോടെ ഒരു ക്ലാസ്സ് ഈ സമ്മേളനത്തിൽ ഉൾപ്പെടുത്താം. ആനുകാലിക സംഭവങ്ങൾ ചർച്ച ചെയ്യാം. പ്രധാന അറിയിപ്പുകൾ, പെൻഷൻ ആനുകൂല്യങ്ങൾ, സ്കോളർഷിപ്പുകൾ തുടങ്ങിയവയെക്കുറിച്ചുള്ള അറിവുകൾ പങ്ക് വയ്ക്കാം, നേതൃത്വ പരിശീലന പരിപാടികൾ, പ്രസംഗ പരിശീലനം മുതിർന്നവർക്കുള്ള വിശ്വാസ പരി



ശീലന പരിപാടികൾ, വിഷ്വൽ മീഡിയായുടെ സഹായത്തോടെയുള്ള ബോധവത്കരണ പരിപാടികൾ, ജീവിത വിജയം നേടിയ വ്യക്തികളെ പരിചയപ്പെടൽ തുടങ്ങിയവയൊക്കെ ഈ സമ്മേളനത്തിന്റെ ഭാഗമാക്കി മാറ്റാം.

**17. വിവിധ ദിനാചരണങ്ങൾ**

സഭാദിനം - ജൂലൈ 3, കത്തോലിക്ക കോൺഗ്രസ് ദിനം ഏപ്രിൽ - 26, സ്വാതന്ത്ര്യദിനം, ക്രിസ്തുമസ് ഈവ് തുടങ്ങി സാധ്യമായ ദിവസങ്ങൾ ഉചിതമായ പരിപാടികളോടെ ആചരിക്കുക.

**18. വൃദ്ധദിനം**

ഈ കാരുണ്യ വർഷത്തിൽ നിർബന്ധമായും നടത്തേണ്ട ഒരു പരിപാടിയാണിത്. പ്രായം ചെന്നവർ, കിടപ്പുരോഗികൾ, എന്നിവരെ വീട്ടിലെത്തി സന്ദർശിക്കുകയും അവർക്ക് കുമ്പസാരം വി. കുർബ്ബാന, രോഗീ ലേപനം എന്നീ കൂദാശകൾ സ്വീകരിക്കുന്നതിന് അവസരമൊരുക്കുകയും ചെയ്യുക.

ഇത്തരത്തിൽ കഴിയുന്നത്ര ആളുകളെ ഇടവക കേന്ദ്രത്തിലെത്തിച്ച് ദിവ്യബലി പൊതുഭക്ഷണം, കലാപരിപാടികൾ എന്നിവയോടുകൂടിയ സമ്മേനളനങ്ങൾ സംഘടിപ്പിക്കുക ഇതര സംഘടനാ ഭാരവാഹികൾ പാരിഷ് കൗൺസിലംഗങ്ങൾ എന്നിവരുടെ സഹകരണം തേടാവുന്നതാണ്.

**19. നീതിക്ക് വേണ്ടിയുള്ള പോരാട്ടങ്ങൾ**

വിശ്വാസ സമൂഹം നേരിടുന്ന പ്രതിസന്ധികൾ ആനുകാലിക പ്രശ്നങ്ങൾ എന്നിവ സംബന്ധിച്ച് കക്ഷി രാഷ്ട്രീയത്തിനും, ജാതി മതചിന്തകൾക്കുമതീതമായി നീതിക്കുവേണ്ടിയുള്ള സമരപരിപാടികൾ സംഘടിപ്പിക്കുക.

**20. കാർഷിക വേദി രൂപീകരണം**

കാർഷിക മേഖലയിലെ പ്രശ്നങ്ങൾ ചർച്ച ചെയ്യുന്നതിനും പരിശീലന പരിപാടികൾ സംഘടിപ്പിക്കുന്നതിനും തുടർ പദ്ധതികൾ നടത്തുന്നതിനും ഈ വേദി ഉപകരിക്കും.

**ഫൊറോന തലം**

നിർദ്ദേശങ്ങൾ

1. ഫൊറോന കമ്മിറ്റികൾ രൂപീകരിക്കുക.
2. രണ്ട് മാസത്തിലൊരിക്കലെങ്കിലും രൂപതാ കമ്മറ്റി കൂടേണ്ടതാണ്.
3. മാസത്തിലൊരിക്കൽ ഒരു യൂണിറ്റിലെങ്കിലും സൗഹൃദ സന്ദർശനം നടത്തുക.
4. യൂണിറ്റുകളിൽ മെമ്പർഷിപ്പ് ക്യാമ്പയിൻ പ്രവർത്തനങ്ങൾക്ക് നേതൃത്വം നൽകുക.
5. രൂപതാ കമ്മറ്റികളിൽ സജീവമായി പങ്കെടുക്കുക.
6. മേഖലാ തലങ്ങളിൽ നീതിക്കുവേണ്ടിയുള്ള പോരാട്ടങ്ങൾ ഏകോപിപ്പിക്കുക.
7. യൂണിറ്റില്ലാത്ത സ്ഥലങ്ങളിൽ യൂണിറ്റുകൾ രൂപീകരിക്കുക.
8. ഫൊറോന തലത്തിൽ സെമിനാറുകൾ, ബോധവത്കരണ പരിപാടികൾ തുടങ്ങിയവ സംഘടിപ്പിക്കുക.
9. കാരുണ്യ വർഷ ഫൊറോന സമ്മേളനങ്ങൾ ക്രമീകരിക്കുക.

## AKCC 16/16 നാമഹേതുക തിരുനാൾ ആശംസകൾ

എ.കെ.സി.സി. രൂപതാ ഡയറക്ടറായ ഫാ. ജോർജ്ജ് പാട്ടത്തെക്കുഴിക്കും രൂപതാ പ്രസിഡന്റ് ജോർജ്ജ് കോയിക്കലിനും നാമഹേതുക തിരുനാൾ ആശംസകൾ.

# കേരള ലേബർ മൂവ്മെന്റ്

## KLM 17/16 ഭവന നിർമാണം

സംസ്ഥാന ഗവൺമെന്റിന്റെ ഗൃഹശ്രീ ഭവനപദ്ധതിയിൽപ്പെടുത്തി 650 സ്കൊയർഫിറ്റ് നിർമ്മിക്കുവാൻ 2 ലക്ഷം രൂപാ അടച്ച് 4 ലക്ഷം രൂപാ തിരികെ ലഭിക്കുവാൻ കുറഞ്ഞത് 5 സെന്റ് പട്ടയ ഭൂമിയുള്ള 10 പേർക്ക് കൂടി അപേക്ഷ സമർപ്പിക്കാവുന്നതാണ്. ഇതിനോടകം അപേക്ഷ നല്കിയ 32 പേർക്ക് നിലവിൽ ആനുകൂല്യം ലഭിച്ചുകഴിഞ്ഞു. കൂടുതൽ വിവരങ്ങൾക്ക് 9495125585.



## KLM 18/16 മെയ് ദിനാചരണം

കേരളാ ലേബർ മൂവ്മെന്റ് ഇടുക്കി രൂപതയുടെ നേതൃത്വത്തിൽ നടത്തുന്ന മെയ്ദിനാചരണം മെയ് ഒന്നിന് രാവിലെ 10 ന് തോപ്രാംകുടി മർച്ചന്റ് അസോസിയേഷൻ ഹാളിൽ നടക്കും. വിവിധ മേഖലകളിൽ തൊഴിൽചെയ്യുന്ന മികച്ച തൊഴിലാളികളെ ആദരിക്കും. രൂപതാ ഡയറക്ടർ ഫാ. ജോസഫ് പാപ്പാടി അദ്ധ്യക്ഷത വഹിക്കും. രൂപതാ പ്രസിഡന്റ് ജോർജ്ജ് അമ്പഴം സ്വാഗതമാശംസിക്കും.

## KLM 19/16 കെ.എൽ.എം. ജനറൽ ബോഡിയോഗം

കെ.എൽ.എം. ഇടുക്കി രൂപതാ ജനറൽ ബോഡിയോഗം മെയ് 1 ന് 12.00 മണിക്ക് തോപ്രാംകുടി മർച്ചന്റ് അസോസിയേഷൻ ഹാളിൽ നടക്കും.

## KLM 20/16 പഠനോപകരണ വിതരണം

നിർദ്ധനരായ വിദ്യാർത്ഥി -വിദ്യാർത്ഥിനികൾക്ക് കെ.എൽ.എം. ഇടുക്കി രൂപതയുടെ നേതൃത്വത്തിൽ സൗജന്യമായി പഠനോപകരണങ്ങൾ വിതരണം ചെയ്യുന്നു. താല്പര്യമുള്ളവർ രൂപതാ കമ്മറ്റി ഓഫീസുമായി ബന്ധപ്പെടേണ്ടതാണ്.

## KLM 21/16 സ്നേഹമന്ദിരം സന്ദർശിച്ചു

കെ.എൽ.എം ഇടുക്കിരൂപതാ കമ്മറ്റിയംഗങ്ങൾ പടമുഖം സ്നേഹമന്ദിരം സന്ദർശിച്ച് അന്തേവാസികൾക്ക് പ്രഭാത ഭക്ഷണം നല്കി.

## KLM 22/16 അരികിറ്റ് വിതരണം ചെയ്തു

വിധവകളായ അമ്മമാർക്ക് കെ.എൽ.എം. രൂപതാ കമ്മറ്റിയുടെ നേതൃത്വത്തിൽ സൗജന്യമായി അരികിറ്റ് വിതരണം ചെയ്തു.

# കരുണ ആശുപത്രി

### വേരിക്കോസ് വെയ്ൻ പരിശോധനയും ചികിത്സാക്യാമ്പും

നെടുംകണ്ടം കരുണാ ആശുപത്രിയിൽ 2016 മെയ് 22 ഞായറാഴ്ച രാവിലെ 9 മുതൽ 1 മണി വരെ വേരിക്കോസ് വെയ്ൻ പരിശോധനയും ചികിത്സാക്യാമ്പും നടക്കും. തൃശ്ശൂർ ദയാ ആശുപത്രിയിലെ ഡോ. റോയി വർഗീസ് നേതൃത്വം നൽകും. സർജറിയോ അനസ്തേഷ്യയോ ആവശ്യമില്ല. വിശദവിവരങ്ങൾക്കും ബുക്കിംഗിനും വിളിക്കുക- 04868-233945

# ആത്മജ്യോതിയിലെ പരിപാടികൾ

**മെയ് 2016**

01 - 06 : എഫ്ഫാത്താ ധ്യാനം
07 - 08 : വിൻസെന്റ് ഡിപോൾ സഖ്യം രൂപതാ വാർഷികം
09 - 11 : വിവാഹ ഒരുക്ക സെമിനാർ
14 - 15 : തിയോളജി കോഴ്സ്
15 - 20 : എഫ്ഫാത്താ ധ്യാനം
23 - 25 : വിവാഹ ഒരുക്ക സെമിനാർ
27 - 29 : ക്രിസ്റ്റീൻ ധ്യാനം (അടിമാലി സെന്റ് ജൂഡ് ഇടവക)

# വാർത്തകളും വിശേഷങ്ങളും

### കർദ്ദിനാൾ മാർ ജോർജ്ജ് ആലഞ്ചേരി കൈസ്തവൈക്യ കാര്യാലയത്തിലെ അംഗം

കർദ്ദിനാൾ മാർ ജോർജ്ജ് ആലഞ്ചേരിയെ ക്രൈസ്തവ സഭകളുടെ ഐക്യത്തിനായുള്ള പൊന്തിഫിക്കൽ കൗൺസിലിലെ (Pontifical Council for Christian Unity) അംഗമായി ഫ്രാൻസീസ് പാപ്പാ നിയമിച്ചു. ഏപ്രിൽ 15-ാം തീയതി വെള്ളിയാഴ്ച വത്തിക്കാൻ പ്രസിദ്ധപ്പെടുത്തിയ നിയമനപത്രിക പ്രകാരമാണ് സീറോ മലബാർ സഭയുടെ പരമാദ്ധ്യക്ഷനും എറണാകുളം-അങ്കമാലി അതിരൂപതയുടെ മെത്രാപ്പോലീത്തയുമായ മാർ ആലഞ്ചേരിയെ പാപ്പ ഈ ദൗത്യം ഏൽപിച്ചത്.

വിഘടിച്ചു നിൽക്കുന്ന ഇതര ക്രൈസ്തവ സഭാസമൂഹങ്ങളുമായുള്ള സംവാദം, ക്രൈസ്തവൈക്യവാര പരിപാടികൾ, സഭകൾ തമ്മിലുള്ള സംവാദം, ഐക്യത്തിനായുള്ള ദൈവശാസ്ത്രപരമായ കൂടിക്കാഴ്ചകൾ, രാജ്യാന്തര പഠനശിബിരങ്ങൾ എന്നിവ പാപ്പായുടെ മേൽനോട്ടത്തിലുള്ള ഈ കാര്യലയത്തിലെ കർമ്മപദ്ധതികളാണ്. വത്തിക്കാനിൽ സ്ഥിതിചെയ്യുന്ന കാര്യലയത്തിന്റെ ഇപ്പോഴത്തെ തലവൻ (President) സ്വിറ്റ്സർലണ്ടുകാരനായ കർദ്ദിനാൾ കേർട് കോഹനാണ്.

### മൂന്നു അഭയാർത്ഥി കുടുംബങ്ങളുമായി ഫ്രാൻസീസ് മാർപാപ്പ മടങ്ങിയെത്തി

ഗ്രീസിലെ ലെസ്ബോസ് ദ്വീപിലേക്കുള്ള ഏകദിന സന്ദർശനം പാപ്പാ ഉപസംഹരിച്ചത് മൂന്നു അഭയാർത്ഥി കുടുംബങ്ങളെ മോചിപ്പിച്ചുകൊണ്ടാണ്. ആറ് കുട്ടികളുള്ള മൂന്നു കുടുംബങ്ങളെ (ആകെ 12 പേർ) മടക്കയാത്രയിൽ താൻ യാത്ര ചെയ്ത വിമാനത്തിൽ കയറ്റികൊണ്ടാണ് പാപ്പാ വത്തിക്കാനിലെത്തിയത്. അഭയാർത്ഥി ക്യാമ്പിൽനിന്നും ഏറ്റവും ആവശ്യത്തിലായിരുന്ന കുടുംബങ്ങളെ തിരഞ്ഞെടുത്ത് മോചിപ്പിക്കുവാനും റോമിലേക്കു കൊണ്ടുപോരുന്നതിനുമുള്ള ഏർപ്പാടുകൾ വത്തിക്കാൻ സ്റ്റേറ്റ് സെക്രട്ടറിയേറ്റ് ഗ്രീസിലെ അധികൃതരുമായി ആലോചിച്ച് ആവശ്യമായ ക്രമീകരണങ്ങൾ മുൻകൂട്ടി ചെയ്തതിനാലാണ് മൂന്നു മുസ്ലിം കുടുംബങ്ങളെ പാപ്പായ്ക്ക് കൂട്ടികൊണ്ടുപോരുവാൻ സാധിച്ചത്. താൽക്കാലികമായി റോമിലെ സാൻ ഏജീഡിയോ സേവനകേന്ദ്രത്തിൽ പാർപ്പിച്ചിരിക്കുന്ന കുടുംബങ്ങളെ വത്തിക്കാന്റെ പൂർണ്ണ മേൽനോട്ടത്തിലും ചെലവിലും ഇറ്റലിയിൽ പുനരധിവസിപ്പിക്കാനാണ് തീരുമാനം. സിറിയയിലെ ഡമാസ്ക്കസ്, ദേയിർ അസ്സോർ എന്നിവിടങ്ങളിൽ നിന്നുമുള്ള കുടുംബങ്ങൾ വിമതരുടെ ആക്രമണത്തിൽ വീടുകൾ നശിപ്പിക്കപ്പെട്ട് ജീവരക്ഷാർത്ഥം പാലായനം ചെയ്തിട്ടുള്ളവരാണ്.

## 'ജീസസ്സ് യൂത്ത് ' പ്രസ്ഥാനത്തിന് വത്തിക്കാന്റെ അംഗീകാരം

കേരളത്തിൽ പിറവിയെടുത്ത ജീസസ്സ് യൂത്ത് പ്രസ്ഥാനത്തിന് വത്തിക്കാന്റെ അംഗീകാരം ലഭിച്ചു. എൺപതുകളുടെ ആരംഭത്തിൽ യുവജനങ്ങൾക്കായുള്ള കരിസ്മാറ്റിക്ക് പ്രസ്ഥാനമായി രൂപമെടുത്ത കേരളത്തിലെ കത്തോലിക്ക അൽമായ യുവജന പ്രസ്ഥാനം, 'ജീസസ്സ് യൂത്തി'നാണ് അൽമായരുടെ കാര്യങ്ങൾക്കായുള്ള പൊന്തിഫിക്കൽ കൗൺസിൽ അംഗീകാരം നല്കിയത്. പ്രസ്ഥാനത്തിന്റെ രാജ്യാന്തര കോർഡിനേറ്റർ സി.സി. ജോസഫ് കൊച്ചിയിൽ ഏപ്രിൽ 12-ാം തീയതി ചൊവ്വാഴ്ച ഇറക്കിയ പ്രസ്താവനയിലൂടെയാണ് ഇക്കാര്യം അറിയിച്ചത്.

ഇന്ത്യയിൽ പിറവിയെടുത്ത അൽമായ പ്രസ്ഥാനത്തിന് വത്തിക്കാന്റെ അംഗീകാരം ലഭിക്കുന്നതും അന്തർദേശിയ സംഘടനയായി (International Private Association of the Faithful with Juridcal Personality) ഉയർത്തപ്പെടുന്നന്നതും ചരിത്രത്തിൽ ആദ്യമാണെന്ന് പ്രസ്ഥാനത്തിന്റെ ഇപ്പോഴത്തെ രാജ്യാന്തര കാര്യലയത്തിന്റെ കോർഡിനേറ്ററും, സ്ഥാപക ഡയറക്ടർമാരിൽ ഒരാളുമായ മനോജ് സണ്ണി വത്തിക്കാൻ റേഡിയോയ്ക്ക് നൽകിയ പ്രസ്താവനയിൽ വ്യക്തമാക്കി. 2005-ലെ കേരള കത്തോലിക്കാ മെത്രാൻ സമിതിയുടെയും, 2007-ലെ ദേശീയ മെത്രാൻ സമിതിയുടെയും അംഗീകാരങ്ങൾ നേടിയിട്ടുള്ള സഭാ പ്രസ്ഥാമാണ് ജീസസ്സ് യൂത്ത് (Jesues Youth). കേരളത്തിൽ കൊച്ചി കേന്ദ്രമാക്കി പിറവിയെടുത്ത യുവജനങ്ങളുടെ കരിസ്മാറ്റിക്ക് പ്രസ്ഥാനം 1985 മുതൽ ജീസസ്സ് യൂത്ത് (Jesues Youth) എന്ന പേരിൽ അറിയപ്പെടുവാൻ തുടങ്ങി. 2000-മാണ്ട് ജൂബിലി വത്സരത്തിൽ രജത ജൂബിലി ആഘോഷിച്ച പ്രസ്ഥാനം ആഗോള യുവജന സംഗമത്തിലെ പങ്കാളിത്തത്തിലൂടെയും സഭാ കാര്യങ്ങളിലുള്ള സജീവപങ്കാളിത്തം വഴിയുമാണ് ഇന്ന് അഞ്ചു ഭൂഖണ്ഡങ്ങളിലുമായി 35 രാജ്യങ്ങളിൽ എത്തിയതെന്ന് മനോജ് സണ്ണി പറഞ്ഞു.






01 ചിന്നാർനിരപ്പ് പള്ളിയിൽ തിരുനാൾ കുർബ്ബാനയർപ്പിച്ച് സന്ദേശം നൽകി.

02 കല്ലാർകുട്ടി സെന്റ് ജോസഫ് ദൈവാലയത്തിന്റെ കൂദാശകർമ്മം നിർവഹിച്ചു.

03 ഭൂമിയാംകുളം സെന്റ് സെബാസ്റ്റ്യൻസ് ദൈവാലയത്തിന്റെ ശിലാസ്ഥാപനം നടത്തി.

04 വിമലഗിരി പള്ളിയിൽ ഡീക്കൻ ജോസഫ് ചാപ്പാംതടത്തിന് വൈദികപട്ടം നൽകി.

07 ചെല്ലിയാംപാറ ഇടവകയിൽ പുതിയ വൈദികമന്ദിരം വെഞ്ചരിച്ചു.

* പന്നിയാർകുട്ടിയിൽ ആരാധനമഠം വെഞ്ചരിച്ചു.

09 പണിക്കൻകുടി പളളിയിൽ പാറപ്പുറം അജോ-മഞ്ചു ദമ്പതികളുടെ വിവാഹവാഗ്ദാനം നടത്തി.

* കരിമ്പൻ പള്ളിയിൽ കറകശ്ശേരിൽ നിജോ-ജെസ്റ്റീന ദമ്പതികളുടെ വിവാഹവാഗ്ദാനം നടത്തി.

10 കുഞ്ചിത്തണ്ണി പള്ളിയിൽ പുതിയതായി നിർമ്മിച്ച പാരീഷ് ഹാൾ വെഞ്ചരിച്ചു.

12 പഴയരികണ്ടം സെന്റ് സെബാസ്റ്റ്യൻസ് ദൈവാലയത്തിന്റെ കൂദാശകർമ്മം നിർവഹിച്ചു.

13 വാഴവര പള്ളിയിൽ നടന്ന സ്നേഹസംഗമത്തിൽ പങ്കെടുത്തു.

14-15 രൂപതാവക മൈനർ സെമിനാരിയിൽ പുതിയ ബാച്ചിലേക്കുളള വരുടെ ഇന്റർവ്യു നടത്തി.

16 പുഷ്പകണ്ടത്ത് കുരിശുപള്ളി വെഞ്ചരിച്ച് സന്ദേശം നൽകി.

17 നാരകക്കാനത്ത് വി. കുർബ്ബാനയർപ്പിച്ച് വചനസന്ദേശം നൽകി.

18 കല്ലാറിൽ നടന്ന വൈദികരുടെ സ്റ്റഡിഫോറത്തിൽ സംബന്ധിച്ച് ചർച്ചകൾക്ക് നേതൃത്വം നൽകി.

19 വെള്ളയാംകുടിയിൽ വൈദികരുടെ സ്റ്റഡിഫോറത്തിൽ സംബ ന്ധിച്ച് ചർച്ചകൾക്ക് നേതൃത്വം നൽകി.

21 കൂടുതൽ മക്കളുള്ള കുടുംബങ്ങളിലെ കുട്ടികൾക്ക് വാഴത്തോപ്പ് കത്തീഡ്രലിൽ സമൂഹമാമ്മോദീസ നൽകി.

23 ചെമ്പകപ്പാറ ക്ലാരിസ്റ്റ് കോൺവെന്റിന്റെ ജൂബിലിക്ക് വി. കുർബ്ബാനയർപ്പിച്ച് സന്ദേശം നൽകി.

* പാലാർ ഇടവകയിലെ പുതിയ വൈദികമന്ദിരം വെഞ്ചരിച്ചു.

25 പെരിഞ്ചാംകുട്ടി പള്ളിയിൽ ഡീക്കൻ കുര്യൻ കമുകുംമറ്റത്തിന് വൈദികപട്ടം നൽകി.

26 ജോസ്പുരത്ത് കുരിശുപള്ളി വെഞ്ചരിച്ചു.

27 മുരിക്കാശ്ശേരി FCC പ്രൊവിൻഷ്യൽ ഹൗസിൽ വി. കുർബ്ബാ നയർപ്പിച്ച് സന്ദേശം നൽകി.

28. സഹായഗിരി ഇടവകയിൽ പുതിയ വൈദികമന്ദിരം വെഞ്ചരിച്ചു.

30. അടിമാലി CMC പ്രൊവിൻഷ്യൽ ഹൗസിൽ വി. കുർബ്ബാന യർപ്പിച്ച് സന്ദേശം നൽകി.

* കഞ്ഞിക്കുഴിയിൽ ബൈബിൾ കൺവൻഷൻ ഉദ്ഘാടനം ചെയ്തു.






| | | | |
|---|---|---|---|
| 01 | 03.00 pm | - | ഇടവകദിനം, കുതിരക്കല്ല് |
| 02 | 09.30 am | - | തിരുപ്പട്ടം, മേരിലാന്റ് |
| 03 | 09.30 am | - | നിത്യവ്രതം, S.H. പ്രൊവിൻഷ്യൽ ഹൗസ് രാജമുടി |
| 05 | 09.30 am | - | വി. കുർബാന, കുഞ്ചിത്തണ്ണി |
| 06 | 10.30 am | - | തിരുനാൾ കുർബാന, കൈലാസപ്പാറ |
| 07-08 | | - | പള്ളി വിസീത്ത, കാന്തിപ്പാറ |
| 08 | 04.30 pm | - | കൺവെൻഷൻ ഉദ്ഘാടനം, വാഴത്തോപ്പ് |
| 10 | 05.00 pm | - | വടകോട് |
| 12 | 10.00 am | - | Angles Meet. വാഴത്തോപ്പ് |
| 14 | 11.30 am | - | വിധവകളുടെ സമ്മേളനം, രാജമുടി |
| 14 | 02.30 pm | - | Vincent De Paul |
| 17 | 07.00 pm | - | Major Seminarians' Gathering |
| 19 | 09.30 am | - | Vestition, Minor Seminary |
| 21 | 03.00 pm | - | കുരിശുപള്ളി വെഞ്ചരിപ്പ്, പൂമാങ്കണ്ടം |
| 23 | | - | ശാന്തൻപാറ |
| 26 | 03.00 pm | - | ദൈവാലയകൂദാശ, കമ്പിലൈൻ |
| 30 | 03.30 pm | - | വൈദികമന്ദിരം വെഞ്ചരിപ്പ്, മണിയാറൻകുടി |